J61
P69

# എഫേസൂസ് സൂനഹദോസും

# റോമ്മാ മാപ്പാപ്പായും.

(431)

റവ. ഫാദർ പ്ലാസിഡ് സി. ഡി.
പിഎച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.
എഴുതിയതു്.

Br. Angelus. S.J.
S.H. SCHOLASTICATE, CHANGANACHERRY, CHETHIPUZHA
Presented to the S.H. Scholasticate. 25-6-37
J61 P69
DHARMARAM COLLEGE LIBRARY, BANGALORE. 7960

PRINTED AT THE ST. JOSEPH'S PRESS,
MANNANAM.
1931.

**Nihil obstat.**

FR. CYRIAC T. O. C. D.,
Censor.

*Mannanam,*
*26—4—1931.*

**Imprimi potest.**

FR. JOHN of Jesus Mary T. O. C. D.,
*Prior General.*

26—4—1931.
Centenary Day of the
Foundation of the
Congregation.

**Imprimatur.**

† J. KALACHERRY,
Ep. Changanacherry.

*Changanacherry,*
*26—4—'31.*

To

The Ever Bl. Virgin Mary

**The all Holy Theotokos**

Conceived without the Stain of

Original Sin

Assumed into Heaven

**Body and Soul.**

# മുഖവുര.

സൂനഹദോസ്, സുനഹാദോസ്, സുന്നഹദോസ് സുനാദോസ് എന്നിങ്ങനെയുള്ള സുറിയാനി ശബ്ദങ്ങൾ ഗ്രീക്കിലെ സൂനോദോസ് (Sunodos) എന്നതിൽ നിന്നുണ്ടായിട്ടുള്ളവയാണ്. കൂട്ടം എന്നാണ് സൂനഹദോസിന്റെ അൎത്ഥം. ഒരിടവകയെ (Diocese) മാത്രം ബാധിക്കുന്ന സൂനഹദോസിന്, ഇടവക സൂനഹദോസ് (Diocesan Synod) എന്നു പേരു പറയുന്നു. പ്രാദേശിക സൂനഹദോസ് (Provincial Synod) പ്രദേശത്തേയും ജാതീയ സൂനഹദോസ് (National Synod – Plenary Council) പല പ്രദേശങ്ങളേയും ബാധിക്കുന്നു. തിരുസഭ മുഴുവനും വേണ്ടിയുള്ളതാണ്, സാൎവ്വത്രിക സൂനഹദോസ് (Oecumenical Council). സഭാദ്ധ്യക്ഷന്മാരും വൈദികപ്രമുഖന്മാരുമാണ് സാൎവ്വത്രിക സൂനഹദോസുകളിൽ സംബന്ധിക്കേണ്ടവർ.

ക്രിസ്ത്വാബ്ദം 431-ൽ എഫേസൂസ് പട്ടണത്തിൽ സമ്മേളിച്ച സാൎവ്വത്രിക സൂനഹദോസാണ് ഈ ചെറുപുസ്തകത്തിലെ പ്രതിപാദ്യവിഷയം. എഫേസൂസു സൂനഹദോസിനു മുമ്പ് നിക്കിയാ, ബൊസന്തിയാ (കുസ്തന്തിനോപ്പൊലിസ്)എന്ന രണ്ടു സാൎവ്വത്രിക സൂനഹദോസുകൾ നടന്നിട്ടുണ്ട്. എന്നാൽഅവ രണ്ടിന്റെയും നടപടികൾ പൂൎണ്ണമായി നമ്മുടെ കൈവശമില്ല. എഫേസൂസു സൂനഹദോസിന്റെ നടപടികൾ എല്ലാം ഇന്നും പരിപൂൎണ്ണമായി സൂക്ഷിക്കപ്പെട്ടുവരുന്നു. എഫേസൂസു സൂനഹദോസു തന്നെയാണ് ഈ നടപടികൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും.

കത്തോലിക്കാ ഉപദേശപ്രകാരം, റോമ്മാ മാർപ്പാപ്പായെ കൂടാതെ, സാൎവ്വത്രിക സൂനഹദോസുകളു

ണ്ടാകുവാൻ പാടില്ല. നിക്കിയാ, ബൊസന്തിയാ എന്ന സാർവ്വത്രിക സൂനഹദോസുകളുടെ നടപടികൾ മുഴുവനായി ഇപ്പോൾ നമ്മുടെ കൈവശമില്ലാത്തതിനാൽ, കൈവശമുള്ളവയിൽ നിന്നു മാത്രം പ്രസ്തുത കത്തോലിക്കോപദേശം തക്കമററ വിധത്തിൽ സ്ഥാപിക്കുക കുറെ വിഷമമമാണ്. എങ്കിലും ഇപ്പോൾ നമ്മുടെ കൈവശമുള്ള രേഖകൾ, ഈ ഉപദേശത്തെ യാതൊരു വിധത്തിലും നിഷേധിക്കയൊ അനക്രലിക്കാതിരിക്കയൊ ചെയ്യുന്നില്ല, എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമത്രെ. എഫേസൂസ് സൂനഹദോസിൻെറ നടപടികൾ എല്ലാം സൂക്ഷിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് അവയിൽ മാർപ്പാപ്പാ പ്രത്യക്ഷനാകുന്നുണ്ടോ, ഉണ്ടെങ്കിൽ എപ്രകാരമാണ് പ്രത്യക്ഷനാകുന്നതു് എന്നീ രണ്ടു സംഗതികളാണ് ഈ പുസ്തകത്തിൽ പരിശോധനാവിഷയങ്ങളാക്കിയിരിക്കുന്നതു്.

ഈ ചെറുപുസ്തകത്തിൽ ചേത്തിരിക്കുന്ന പ്രധാനപ്പെട്ട രേഖകളെല്ലാം Labbe, Mansi, Migne എന്നീ മഹാന്മാർ പ്രസിദ്ധീകരിച്ചിട്ടുള്ള സൂനഹദോസു നടപടിസഞ്ചയം, പിതാക്കന്മാരുടെ കൃതികൾ, എന്ന ഗ്രന്ഥസമുച്ചയങ്ങളിൽ നിന്ന് എടുത്തിട്ടുള്ളവയാകുന്നു. ഈ രേഖകൾ നിഷേധിക്കുന്നവർ സാഹിത്യലോകത്തോടൊ, ചരിത്രലോകത്തോടൊ, പണ്ഡിതലോകത്തോടൊ യാതൊരു ബന്ധവുമില്ലാത്തവരാണെന്ന് സധൈര്യം പറഞ്ഞുകൊള്ളുന്നു. പ്രസ്തുത ഗ്രന്ഥസമുച്ചയങ്ങൾ കത്തോലിക്കരും അകത്തോലിക്കരും ഒരുപോലെ ഉപയോഗപ്പെടുത്തുന്നവയാണെന്നുള്ളതു് പ്രസ്താവ്യമാണ്.

ക്രിസ്ത്യാനികളെ കത്തോലിക്കർ എന്നും, അകത്തോലിക്കർ എന്നും രണ്ടായി വിഭജിക്കാം. അകത്തോലിക്കർ പ്രൊട്ടസ്റ്റണ്ടുകാരും അപ്രൊട്ടസ്റ്റണ്ടുകാരും ആയി വീണ്ടും വിഭജിക്കപ്പെടാം. അപ്രൊട്ടസ്റ്റണ്ടുകാരിൽ നെ

ന്സ്തോറിയരൊഴിച്ചുള്ള എല്ലാ സഭാംഗങ്ങളും എഫേസൂസു സൂനഹദോസ് സ്വീകരിക്കുന്നു. പ്രോട്ടസ്റ്റണ്ടുകാക്ക് പൊതുവെ ഇതിനോടു ബഹുമാനമുണ്ട്. അവർ ഇതിനെ വളരെ പൂജ്യമായും കരുതിവരുന്നു. "പുരാതന വിഭിന്നസഭ" എഫേസൂസു സൂനഹദോസിൻെറ കാലത്തു ഭൂമുഖത്തുണ്ടായിരുന്നു എന്ന് അവക്ക് സമ്മതവുമാണ് പ്രോട്ടസ്റ്റണ്ടു സഭയുടെ ഉത്ഭവം 16-ാം ശതാബ്ദത്തിലാകയാൽ അതിനു മുമ്പുണ്ടായിരുന്ന ക്രിസ്ത്യാനികളിൽ നെസ്തോറിയരൊഴിച്ച് എല്ലാവരും ഈ സൂനഹദോസ് സ്വീകരിച്ചിരുന്നു എന്നു സിദ്ധിക്കുന്നു. സാക്ഷാൽ നെസ്തോറിയൻസഭ ഇന്നു ഭൂമുഖത്തില്ല. സാക്ഷാൽ നെസ്തോറിയക്ക് എഫേസൂസു സൂനഹദോസിനോടു വിരോധമാണെങ്കിലും, സൂനഹദോസിനു മുമ്പു നടന്ന സംഭവങ്ങളെ അവർ നിഷേധിക്കയൊ, ചരിത്രപ്രാധാന്യമില്ലാത്തവയായി തള്ളുകയൊ ചെയ്യുന്നില്ല. ഈ കാരണം നിമിത്തം എല്ലാ ക്രൈസ്തവസഭകൾക്കും ഈ ചെറുപുസ്തകം ഉപകാരപ്രദമാകണമെന്ന ഉദ്ദേശ്യത്തോടെ എഫേസൂസു സൂനഹദോസിനു മുമ്പു നടന്ന സംഭവങ്ങളെപ്പററിയും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട് സൂനഹദോസിൻെറ ശേഷം നടന്ന സംഭവങ്ങളും ഇതിൽ വിട്ടുകളഞ്ഞിട്ടില്ല.

മാർപ്പാപ്പായുടെ "പരമാധികാരം", 451-ലെ കൽക്കിദോനിയാ സൂനഹദോസിനു ശേഷം മാത്രം ഉണ്ടായിട്ടുള്ളതാണെന്നും, "അപ്രമാദിത്വം" കത്തോലിക്കരുടെ ഒരു നൂതന സൃഷ്ടിയാണെന്നും അകത്തോലിക്കർ ആക്ഷേപം പറയാറുണ്ട്. "പരമാധികാരം", "അപ്രമാദിത്വം" എന്നീ പദങ്ങൾ നൂതനങ്ങളായി തോന്നിയേക്കാമെങ്കിലും അവ സൂചിപ്പിക്കുന്ന തത്വങ്ങൾ നൂതനങ്ങളാകുവാൻ പാടില്ലെന്നാണ് കത്തോലിക്കരുടെ വാദം. എഫേസൂസു സൂനഹദോസ്, ഈ

വാദത്തെ സ്ഥാപിക്കുന്ന ഒന്നാണെന്ന് ബോദ്ധ്യം വരുന്നപക്ഷം, സത്യാന്വേഷികളായ അകത്തോലിക്കർ അവരുടെ നില എന്തെന്ന് ശരിയായി ഗ്രഹിക്കുമെന്ന് ഉറപ്പു പറഞ്ഞുകൊള്ളുന്നു.

എഫേസൂസു സൂനഹദോസ് കഴിഞ്ഞിട്ട് 15 ശതവഷം പൂത്തിയാകുന്നത് ഈ 1931-ാമാണ്ടാണ്. നിക്കിയാ സൂനഹദോസിന്റെ 16-ാം ശതവഷാഘോഷം 1925-ൽ നടത്തിയതുപോലെ, എഫേസൂസു സൂനഹദോസിന്റെ 15-ാം ശതവഷാഘോഷം ഈ കൊല്ലം പൌരസ്ത്യസഭയിൽ പ്രത്യേകവിധം നടത്തണമെന്ന് പ. പിതാവു 11-ാം പീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ട് ആഗ്രഹിക്കയും, പൌരസ്ത്യസഭാകായ്യങ്ങൾ നടത്തുന്ന തിരുസംഘത്തിന്റെ കായ്യദശി പ. പിതാവിന്റെ ആഗ്രഹം പൌരസ്ത്യമെത്രാന്മാരെ അറിയിക്കയും ചെയ്തിട്ടുണ്ട്.

പ്രസ്തുതാഘോഷത്തിന്റെ ഒരു സ്മാരകമായി, ഈ ചെറുപുസ്തകം പൊതുജനസമക്ഷം സമപ്പിച്ചുകൊള്ളുന്നു. ഇതു വായിച്ചുകേട്ട്, വേണ്ട തിരുത്തലുകൾ ചെയ്തുതന്ന ബ. റൊമെയോ തോമ്മസ് അച്ചനോടുള്ള കൃതജ്ഞതയും ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

പ്ലാസിഡ്, ടി. ഒ. സി. ഡി.

ചെത്തിപ്പുഴ,
1931 ഏപ്രിൽ 6.
വി. സെലസ്റ്റീനോസിന്റെ
തിരുനാൾ.

S. H. SCHOLASTICATE CHANGANACHERRY CHETHIPUZHA

# എഫേസൂസ് സൂനഹദോസും

# റോമ്മാ മാർപ്പാപ്പായും.

## ഒന്നാം അദ്ധ്യായം.

### അന്നത്തെ പൌരസ്ത്യസഭ.

അഞ്ചാം ശതാബ്ദമാരംഭിച്ചിട്ട് വളരെ കൊല്ലങ്ങൾ കഴിഞ്ഞിട്ടില്ല. വി. സെലസ്തീനോസ് റോമ്മാ സിംഹാസനം അലങ്കരിക്കുന്നു. വി. കൂറിലോസാണ് അലക്സാന്ത്രിയായിലെ വൈദികശ്രേഷ്ഠൻ. യോഹന്നാൻ അന്തിയോക്കിയായിലും, യുവനേൽ ഓർശ്ലേമിലും, നെസ്തോറീസ് ബോസന്തിയായിലും, മെമ്നൽ എഫേസൂസിലും, ഫിർമൂസ് കപ്പദോക്കിയായിലും സഭാഭരണം നിർവ്വഹിക്കുന്നു. അലക്സാന്ത്രിയായും ബൊസന്തിയായും തമ്മിലുണ്ടായിരുന്ന രസക്ഷയം പൂർവ്വാധികം വർദ്ധിച്ചിരിക്കുന്ന ഒരു കാലഘട്ടമാണിത്. രാജകീയ നഗരം എന്ന ന്യായത്താൽ സഭാ കാര്യങ്ങളിലും, പൌരസ്ത്യ ദിക്കിൽ ഒന്നാംസ്ഥാനം ബൊസന്തിയായിലായിരിക്കണം എന്നത്രെ അവിടത്തെ മെത്രാന്മാരുടേയും ചക്രവർത്തികളുടേയും ശാഠ്യം. ഇടക്കാലത്തു മാത്രം ഉണ്ടായിട്ടുള്ള ഒരു വെറും മെത്രാസനം മാത്രമാണ് ബൊസന്തിയാ; അന്തിയോക്കിയായുടെ അധികാരസീമയിൽ പെട്ടിരുന്ന ഹെറാക്ലിയായുടെ അധികാരം സ്വീകരിച്ചിരുന്ന ഒരു ഇടവക മാത്രമായിരുന്നു അത്; വല്ല ബഹുമതിയും ബൊസന്തിയാ പട്ട

ണത്തിനുണ്ടെങ്കിൽ അതു് രാഷ്ട്റിയമാണു് വൈദികമല്ല, എന്നിങ്ങനെയുള്ള ന്യായങ്ങളാലും, പൌരസ്ത്യദിക്കിൽ തനിക്കു സിദ്ധിച്ചിരിക്കുന്ന പ്രഥമസ്ഥാനം നഷ്ടീഭവിച്ചേക്കുമെന്നുള്ള ഭയത്താലും, അലക്സാന്ത്രിയാ പാത്രിയക്കീസ്സ്, ബൊസന്തിയാ സിംഹാസനത്തെ അവഗണിച്ചാണു് സദാ പ്രവർത്തിക്കാറുള്ളതു്. അന്തിയോക്കിയാ പാത്രിയക്കീസും കീഴുള്ള സുറിയാനിക്കാരും തരംപോലെ ഓരോ ഭാഗത്തു ചേരുക സാധാരണമത്രെ. അന്തിയോക്കിയാ ക്കീഴുള്ള യൌനർ പൊതുവെ ബൊസന്തിയായോടു് അനുഭാവമുള്ളവരാകുന്നു. അലക്സാന്ത്രിയായിലെയും അന്തിയോക്കിയായിലെയും വേദാന്തശിക്ഷണാലയങ്ങൾ (Theological Schools) തമ്മിലുണ്ടാകാറുള്ള അഭിപ്രായ വ്യത്യാസങ്ങളിലും, ഉപദേശാന്തരങ്ങളിലും, ജാതിസ്പർദ്ധക്കു സ്ഥാനമില്ലെന്നു പറഞ്ഞുകൂടാ. അന്തിയോക്കിയായെ തരംപോലെ അടിപെടുത്തി, സ്വാധികാരം വർദ്ധിപ്പിക്കണമെന്നാണു് ഓർശ്ലെമിൻെറ ഉദ്ദേശ്യം. പോന്തൂസിലെ കേസറിയായുടെയും എഫേസൂസിൻേറയും ഉയർച്ച ബൊസന്തിയാ തടഞ്ഞു നിറുത്തിയിരിക്കുന്നു. എങ്കിലും കാര്യ ലാഭത്തിനായി ചിലപ്പോൾ അവ ബൊസന്തിയായെ അനുകൂലിക്കാറുണ്ടു്. സെലൈവുക്കിയാ സഭ (ബാബേൽ സഭ) അന്തിയോക്കിയായിൽ നിന്നു സ്വല്പമൊന്നു് ഭിന്നിച്ചാണു് നില്ക്കുന്നതു്.

മിശിഹായുടെ പൂർണ്ണമനുഷ്യത്വം നിഷേധിച്ച അപ്പൊള്ളിനാരിയൂസിൻെറ ഉപദേശം അന്തിയോക്കിയരെ വല്ലാതെ ക്ഷോഭിപ്പിച്ചു. മിശിഹായിൽ മനുഷ്യാത്മമില്ലെന്നും തൽസ്ഥാനത്തു് ദൈവത്വം സ്ഥിതിചെയ്യുന്നു എന്നും ഉള്ള പ്രസ്തുതോപദേശം മിശിഹാ പൂർണ്ണമനുഷ്യനല്ലെന്നു് സിദ്ധാന്തിക്കുന്നതിനു തുല്യമായിരുന്നു. മിശിഹാ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആകുന്നു എന്ന പുരാതന വിശ്വാസം അന്തിയോക്കിയർ യുക്തിപൂർവ്വം

തെളിയിച്ചു. ഒരു പൂൎണ്ണ മനുഷ്യന് മനുഷ്യശരീരവും മനുഷ്യാത്മാവും കൂടിയുള്ള പൂൎണ്ണ മനുഷ്യ സ്വഭാവം (Perfect human nature) അത്യന്താപേക്ഷിതമാണല്ലോ. എന്നാൽ അന്യ മനുഷ്യരിലെന്നപോലെ മിശിഹായിലും മനുഷ്യസ്വഭാവം സ്വീയമായ ഒരു നില അവലംബിച്ചിരിക്കുന്നു എന്നുള്ള അഭിപ്രായവും, ആളത്വവും സ്വഭാവവും ഒന്നു തന്നെയാണെന്നുള്ള വിചാരവും അന്തിയോക്കിയരെ വഴി തെററിക്ക തന്നെ ചെയ്തു. അന്തിയോക്കിയാ വേദാന്തശിക്ഷണാലയത്തിലെ പ്രശംസാപാത്രങ്ങളായ താർസ്സൂസിലെ തിയദോർ, മപ്സുഎസ്തായിലെ തിയദോർ എന്നീ രണ്ടു ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ നിത്യനായ ദൈവവചനവും (Logos) മനുഷ്യനായ ഈശോയും ഒരേ ഒരു സത്തയായിരുന്നില്ല. കേവലം ഒരു മനുഷ്യസത്തയായ ഈശോയെ ആണുപോൽ മറിയം പ്രസവിച്ചതു്! ഈ കാരണത്താൽ മറിയം ദൈവമാതാവല്ലെന്നും പ്രസ്തുതോപദേശം ധ്വനിപ്പിച്ചു. മനുഷ്യസത്തയിൽ ദൈവവചനം ഒരു ഭവനത്തിലെന്നപോലെ വസിച്ചുതയുള്ളു എന്നും പ്രസ്തുത ശാസ്ത്രജ്ഞന്മാരുടെ കൃതികളിൽ കാണപ്പെടുന്നുണ്ടു്.

427-ൽ ബൊസന്തിയാ സിംഹാസനാരൂഢനായ നെസ്തോറീസ്, അന്തിയോക്കിയാ ഉപദേശങ്ങളെ പരസ്യമായി പ്രഖ്യാപനം ചെയ്തു തുടങ്ങി. ഇതു് പൌരസ്ത്യ ദിക്കിൽ വലുതായ ക്ഷോഭത്തിന് കാരണമായി ഭവിച്ചു. യാക്കോബായാ ശ്ഹീമ്മാ പ്രാൎത്ഥന പുസ്തകത്തിൽ നിന്നു് താഴെ ഉദ്ധരിച്ചിരിക്കുന്ന ഭാഗങ്ങൾ നെസ്തോറിയൻ ഉപദേശത്തെ വിശദീകരിക്കുവാൻ പൎയ്യാപ്തങ്ങളാണെന്നു വിശ്വസിക്കുന്നു.

"ലാവു ഹാദ് ഈലെദ്‌വോ ആബോ വഹറേനോ യെൽദത് മറിയം. ല്ഹാവു ദീലെദ ആബോ ലേ യെൽദത് ബ്തുൽത്തോ."

അതായത്,

"പിതാവ് ജനിപ്പിച്ചവൻ ഒന്നും മറിയം പ്രസവിച്ചവൻ വേറൊന്നും അല്ല. പിതാവ് ജനിപ്പിച്ചവനെത്തന്നെ മറിയം പ്രസവിച്ചു" (ശനിയാഴ്ച ലെലിയോ. P. 165. കോട്ടയം 1898).

"ആലോഹോ യെൽദത് ബ്ത്തുൽത്തൊ. വേൻ മെത്പാലെഗ്നൊ എസ്ത്ലേ മെൻ കുശ്ത്തൊ. വേൻ ഈറത് ബ്റേഴയാൻ പൂലോഗോ അം നിസ്ത്തോർ ല്ശീഹാനോ എതർമെ."

അതായത്,

"കന്യക ദൈവത്തെ പ്രസവിച്ചു. ഞാൻ സംശയിക്കുന്നെങ്കിൽ സത്യത്തിൽ നിന്നു ഞാൻ മാററപ്പെട്ടുകൊള്ളട്ടെ. എൻെറ ബുദ്ധിയിൽ സംശയമുണ്ടെങ്കിൽ നെസ്തോറീസിൻെറ ഒരുമിച്ച് ഞാൻ നരകത്തിൽ തള്ളപ്പെട്ടുകൊള്ളട്ടെ."

(Ibid തിങ്കളാഴ്ച ലെലിയോ P. 23.)

പിതാവിൽനിന്നു ആദ്യന്തമില്ലാതെ ജനിച്ചിരിക്കയും ദൈവംതന്നെ ആയിരിക്കയും ചെയ്യുന്ന എത്രയും പരിശുദ്ധ ത്രിത്വത്തിൻെറ രണ്ടാമാൾ മറിയത്തിൽ നിന്ന് ജനിച്ചെന്നും തദ്വാരാ മറിയം ദൈവമാതാവാകുന്നു എന്നുമാണല്ലൊ ഇതിൻെറ സാരം. മററു വാക്കായി പറഞ്ഞാൽ മിശിഹായിൽ ആൾ ഒന്നേയുള്ളു. അതു ദൈവ ആൾ തന്നെ. മറിയം ആ ദൈവആളെ പ്രസവിച്ചതിനാൽ ദൈവമാതാവാകുന്നു.

പുരാതന സഭയുടെ ഉപദേശം ഇതുതന്നെ എന്നതിൽ സംശയമില്ല. മിശിഹായിൽ രണ്ടാളുണ്ടെന്നുള്ള വാദം (മിശിഹാ ഒരുവനല്ലാ എന്ന വാദം) വേദപുസ്തകത്തിനും നിക്കിയാ, ബൊസന്തിയാ, എന്നീ സൂനഹദോസുകളുടെ വിശ്വാസപ്രമാണത്തിനും, സഭാപിതാക്കന്മാരുടെ ഉപദേശത്തിനും വിരുദ്ധമാണെന്ന് എല്ലാവരും

സമ്മതിക്കുന്നു. എന്നാൽ ഇത്ര ബീഭത്സമായ അബദ്ധം നെസ്തോറീസ് പഠിപ്പിച്ചില്ലെന്നും, അയാളുടെ അവ്യവസ്ഥിതങ്ങളായ സാങ്കേതിക പദപ്രയോഗങ്ങൾ സഭ തെററിദ്ധരിക്കയാണ് ചെയ്തതെന്നും, ചില ആധുനികന്മാർ വാദിക്കുന്നുണ്ട്. നെസ്തോറീസും വി. ക്രൂറിലോസും തമ്മിലും, വി. ക്രൂറിലോസും റോമ്മായിലെ വി. സെലസ്തീനോസും തമ്മിലും, വി. സെലസ്തീനോസും നെസ്തോറീസും തമ്മിലും നടന്ന എഴുത്തുകുത്തുകളും, "തെഓതോക്കോസ്" (Theo tokos = ദൈവജനനി) എന്ന പദം ഉപയോഗിക്കുന്നതിൽ നെസ്തോറീസു പ്രദർശിപ്പിച്ച വൈമനസ്യവും, ആ പ്രയോഗം മറിയത്തെ സംബന്ധിച്ച് സാധുവാണെന്നും, അപ്പൊള്ളിനാരിയൻ അബദ്ധം സ്വീകരിക്കാതെ പുരാതനോപദേശപ്രകാരം അതു സാധൂകരിക്കാമെന്നും മററുമുള്ള വി. ക്രൂറിലോസിൻെറ വാദങ്ങളും, നെസ്തോറീസ് ആ വാദങ്ങളിലെല്ലാം പ്രദർശിപ്പിച്ച വിസമ്മതവും ചരിത്രപ്രസിദ്ധങ്ങളാണ്. നെസ്തോറീസ് ഉപയോഗിച്ച സാങ്കേതിക പദങ്ങൾ എത്രതന്നെ അവ്യവസ്ഥിതങ്ങളായിരുന്നാലും അവയാൽ എന്തു സൂചിപ്പിക്കുവാൻ അയാൾ ഉദ്ദേശിച്ചുവൊ, അതു മേൽ പ്രസ്താവിച്ച അബദ്ധം തന്നെയായിരുന്നു എന്നതിൽ സംശയമില്ല. നെസ്തോറീസിനു വിരോധമായി സഭ തീരുമാനിച്ചതെന്തൊ, അതു തന്നെയായിരുന്നു വി. ക്രൂറിലോസിൻെറ ഉപദേശമെന്നും, നെസ്തോറീസ് ആ ഉപദേശം നല്ലപോലെ മനസ്സിലാക്കിയ ശേഷമാണ്, വി. ക്രൂറിലോസിനോടു മത്സരിച്ചതെന്നും അവർ തമ്മിൽ നടന്ന വാദപ്രതിവാദങ്ങളിൽ വിശദമായി കാണാം. എന്നാൽ ഈ ചെറുപുസ്തകത്തിൻെറ ഉദ്ദേശ്യത്തിനു ഈ ഭാഗം അത്ര ആവശ്യമില്ലാത്തതിനാൽ കൂടുതൽ പറയണമെന്നു കരുതുന്നില്ല.

(See the Article. "Fuitne Nestorius revera

Nestorianus" in "Gregorianum" 1921, pp. 266 sq. and 352 sq.)

ഒരു സുപ്രസിദ്ധവാഗ്മിയായിരുന്ന നേസ്തോറീസിൻെറ ആഗമനം ബൈസന്ത്യക്ക അത്യധികം സന്തോഷപ്രദമായിരുന്നു. വേറൊരു ക്രിസോസ്തോമോസിനെ അവർ നെസ്തോറിസിൽ പ്രതിക്ഷിച്ചു. അപ്പൊള്ളിനാരിയൻ പാഷണ്ഡതയോട്ട് തനിക്കുണ്ടായിരുന്ന അതിതീക്ഷ്ണമായ ശത്രുത ആരംഭം മുതൽതന്നെ നെസ്തോറിസ് പ്രത്യക്ഷപ്പെട്ടത്തിത്തുടങ്ങി. തൻെറ ഗുരുഭ്രാതന്മാരുടെ അഭിപ്രായം ക്രമാഗതമായി വെളിക്കു വിട്ടവാനും അയാൾ ആരംഭിച്ചു. പ. കന്യാസ്ത്രീമറിയത്തെ ദൈവമാതാവെന്ന് വിളിക്കുക, അപ്പൊള്ളിനാരിയൻ പാഷണ്ഡതയാണെന്ന് നെസ്തോറീസ് തീരുമാനിച്ചുകഴിഞ്ഞു. അയാളുടെകൂടെ അന്തിയോക്കിയായിൽനിന്ന് ബൈസന്തിയായിൽ എത്തിയിരുന്ന ഒരാൾ 'തേഓതോക്കോസ്' സംജ്ഞയെ അധിക്ഷേപിച്ച് പള്ളിയിൽ പ്രസംഗം നടത്തി. അതിനെ തുടൎന്നുണ്ടായ പ്രക്ഷോഭണങ്ങളിൽ നെസ്തോറിസ്, പ്രസംഗകനെ ആദരിക്കയാണ് ചെയ്തതു്. നിസായിലെ വി. ഗ്രിഗോറിയോസ് († 390) ആദിയായ സിദ്ധന്മാർ ഉപയോഗിച്ചിരുന്ന ആ പരിപാവന സംജ്ഞനിമിത്തമുണ്ടായ വാദപ്രതിവാദങ്ങൾ പൌരസ്ത്യസഭ ഒട്ടുക്കു മാറൊലികൊണ്ടു. അലക്സാന്ത്രിയായിലെ വി. ക്യൂറിലോസ്, 429—ലെ തൻെറ പെസഹാസന്ദേശത്തിൽ മറിയം ദൈവമാതാവാണെന്ന് യുക്തിപൂൎവ്വം തെളിയിക്കയും, നെസ്തോറീസിൻെറ പേരു പറയാതെ അയാളുടെ ഉപദേശത്തെ ഖണ്ഡിക്കയും ചെയ്തു. (PG. 77. 768- 790.) വി. ക്യൂറിലോസിൻെറ സന്ദേശത്തിന്, ഒരു പട്ടക്കാരനേക്കൊണ്ടു് നെസ്തോറിസ് പ്രതിസന്ദേശം എഴുതിച്ചു. സമാധാനം കൈവരു,ത്താനുള്ള ഏകമാൎഗ്ഗം 'തേഓതൊക്കോസ്' സംജ്ഞ, നെസ്തോറീസും സ്വീകരിക്കുന്നതായിരിക്കു

മെന്നു് വി. ക്രറിലോസു് എഴുതിയപ്പോൾ പരുഷമായ ഒരു മറുപടിയാണു്, നെസ്തോറീസു് ക്രറിലോസിനയച്ചതു്. രണ്ടാമത്തെ എഴുത്തിൽ വി. ക്രറിലോസു് സത്യവിശ്വാസം സകാരണം വിശദമാക്കുകയും, താൻ അപ്പൊള്ളിനാരിയൻ കക്ഷിയോ, (പിന്നീടുണ്ടായ) ഏകസ്വഭാവവാദികളിൽ പെട്ടവനോ അല്ലെന്നു് തെളിയിക്കുകയും ചെയ്തു (Mansi. 4. 887-870; PG. 77. 43- 5o) . ശക്തിയായി പടൎന്നുപിടിച്ച ഈ ബഹളമൊതുക്കുവാൻ പൌരസ്ത്യൎക്കുതന്നെ സാധിക്കയില്ലെന്നായപ്പോൾ അവർ റോമ്മായിൽ അഭയം പ്രാപിച്ചു.

## രണ്ടാം അദ്ധ്യായം.

### മാപ്പാപ്പായും പൌരസ്ത്യരും.

പൌരസ്ത്യസഭയിൽ ഉത്ഭവിച്ച മത്സരകക്ഷികളുടെ നേതാക്കന്മാർ നെസ്തോറീസും, വി. ക്രറിലോസും ആയിരുന്നു. രണ്ടുപേരും വിവരങ്ങൾ റോമ്മായിലെ സെലസ്തീനോസു മാപ്പാപ്പായെ ബോധിപ്പിച്ചു.

സ്വാഭിപ്രായം അപ്പൊള്ളിനാരിയൻ പാഷണ്ഡതക്കു് വിരുദ്ധമാണെന്നും, അതിനെ ഉന്മൂലനം ചെയ്യുന്ന ഒന്നാണെന്നും, പലരും അപ്പൊള്ളിനാരിയൻ പാഷണ്ഡതയിൽ വീണിരുന്നെന്നും, മനുഷ്യാവതാരത്തിൽ മനുഷ്യത്വം ദൈവത്വമായോ, ദൈവത്വം മനുഷ്യത്വമായോ, പകൎന്നുപോയില്ലെന്നും, പരിശുദ്ധ കന്യക മിശിഹായുടെ മാതാവല്ലാതെ (Christotokos) ദൈവമാതാവല്ലെന്നും (Theotokos) നമ്മുടെ കൎത്താ

വ് പ. കന്യകയിൽനിന്ന് മനുഷ്യനായി എന്നല്ലാതെ നിക്കിയാ സൂനഹദോസ് അവളെ സംബന്ധിച്ച വേറൊന്നും പ്രസ്താവിക്കുന്നില്ലെന്നും, വേദപുസ്തകം മറിയത്തെ ദൈവമാതാവെന്നു വിളിക്കുന്നില്ലെന്നും മററുമാണ് നെസ്തോറീസ് റോമ്മായിക്കയച്ച ഒരു ലേഖനത്തിൻെറ സാരം. അതിലെ ചില വാക്യങ്ങളുടെ പദാനുപദതർജ്ജമയും താഴെ ചേർക്കുന്നു.

"എന്നാൽ ആരെങ്കിലും 'തേഒതോക്കോസ്' എന്ന പദം പ്രസവിച്ചവളെ ഉദ്ദേശിച്ചല്ലാതെ, ദൈവവചനത്തോട് സംയോജിപ്പിക്കപ്പെട്ടു ജനിച്ച മനുഷ്യത്വത്തെ ഉദ്ദേശിച്ചു പ്രയോഗിച്ചാൽ, ഈ പദം പ്രസവിച്ചവൾക്ക് യോജിച്ചതല്ലെന്ന് ഞങ്ങൾ പറയുന്നു. അവളിൽനിന്ന് വേർപെടുത്തുവാൻ പാടില്ലാത്ത ദൈവ വചനത്തിൻെറ ആലയത്തെ ഉദ്ദേശിച്ച് ഈ പദം കടത്തിവിടുവാൻ പാടുണ്ട്. ഇതു് അവൾ ദൈവവചനത്തിൻെറ മാതാവായതുകൊണ്ടല്ല. എന്തെന്നാൽ തന്നെക്കാൾ പ്രായംക്രടിയ ഒരാളെ ആരും പ്രസവിക്കുന്നില്ല." (Mansi 4. 1021 sq.)

മനുഷ്യാവതാരരഹസ്യത്തെപ്പററി ദീർഘമായി ഉപന്യസിക്കുന്ന വേറൊരു ലേഖനവും നെസ്തോറിസ് റോമ്മായിക്കയച്ചു. (Mansi 4. 1023 sq). ഈ ചെറുപുസ്തകത്തിൻെറ ഉദ്ദേശ്യത്തിന് നേരിട്ടുപകരിക്കുന്നവയല്ലാ എന്ന ന്യായത്താൽ പ്രസ്തുത ലേഖനങ്ങളുടെ അനുപദതർജ്ജമയും അവയുടെ ഉള്ളടക്കത്തെപ്പററിയുള്ള വിമർശനവും ഇവിടെ വിട്ടുകളയുന്നു.

വി. ക്യറിലോസ് റോമ്മായിക്കയച്ച ലേഖനത്തിലെ ചില ഭാഗങ്ങൾ പരിശോധനക്കെടുക്കാം. നെസ്തോറീസിൻെറ ഉപദേശങ്ങളെ വിവരിച്ചു പറയുന്ന ആ ലേഖനത്തിൽ വി. ക്യറിലോസ് ഇങ്ങനെ എഴുതുന്നു:

"ഇപ്പ്രകാരമുള്ള സംഗതികൾ അങ്ങേ പരിശുദ്ധത

യെ (വി. സെലസ്തീനോസിനെ) അറിയിക്കുവാൻ സഭകളുടെ പുരാതന നടപ്പ് ഞങ്ങളെ (നമ്മെ) നിർബ്ബന്ധിക്കുന്നു . . . . . അങ്ങേ പരിശുദ്ധതയെ ഇവ എല്ലാം അറിയിക്കുന്നതിനു മുമ്പായി അയാളുടെ ഐക്യത്തിൽ നിന്ന് ബാഹ്യമായും പരസ്യമായും ഞങ്ങൾ മാറിനിന്നിട്ടില്ല. ആകയാൽ, ഞങ്ങൾ അയാളോടു വല്ല വിധത്തിലും യോജിക്കണമോ, വേണ്ടയോ എന്നതു സംബന്ധിച്ച് ശരിയെന്നു തോന്നുന്നതു തീരുമാനിക്കുവാനോ (Tuposai To Dokoun), അല്ലെങ്കിൽ അയാൾ ചെയ്യുന്നതുപോലെ വിശ്വസിച്ചു പഠിപ്പിക്കുന്ന ഒരാളോട് ആരും യോജിക്കുകയില്ലെന്നു തെളിവായി അയാളെ അറിയിക്കുവാനോ തിരുമനസ്സാകണമെ. കൂടാതെയും, അങ്ങേ പരിശുദ്ധതയുടെ തീരുമാനം അതിഭക്തന്മാരും, ദൈവത്തെ സ്നേഹിക്കുന്നവരുമായ മാക്കെദോനിയാ മെത്രാന്മാരെയും, പൌരസ്ത്യദിക്കിലെ എല്ലാ മെത്രാന്മാരെയും, രേഖാമൂലം അറിയിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, ആ വിധത്തിൽ, അവരുടെ ആഗ്രഹംപോലെ ആത്മത്തിൻേറയും ബോധത്തിൻേറയും ഐക്യത്തിൽ ഒരുമിച്ചു നില്ക്കുവാൻ അവക്കൊരവസരം കൊടുക്കുവാനും, മർദ്ദിക്കപ്പെട്ടു തുടങ്ങിയിരിക്കുന്ന സത്യവിശ്വാസത്തിനുവേണ്ടി പോരാടുവാൻ (Epagon-Isasthai) അവരെ ആനയിക്കുവാനും നമുക്കു സാധിക്കുന്നതാണ്. നെസ്തോറിസിനെ സംബന്ധിച്ച് പറയുന്നതായാൽ, പ. കന്യക, ദൈവത്തിൻേറ മാതാവാണെന്ന് പറഞ്ഞിരിക്കുന്ന നമ്മുടെ പിതാക്കന്മാർ ഇന്നു ജീവിച്ചിരിക്കുന്ന നമ്മുടെ ഒരുമിച്ച്, അയാളുടെ ശാപത്തിൽ ഉൾപെട്ടു കിടക്കുകയാണ്. സ്വന്തം അധരങ്ങൾകൊണ്ടു ഇതു സാധിക്കുവാൻ അയാൾക്കിഷ്ടമില്ലായിരുന്നെങ്കിലും, വേറൊരാൾ പറഞ്ഞതു്, സിംഹാസനത്തിലിരുന്നു ശ്രദ്ധിച്ചുകൊണ്ടു് ഇതു സാധിക്കുവാൻ അവനെ അയാൾ സഹായിച്ചു. എന്തുകൊണ്ടെന്നാൽ പ്രസംഗപീഠത്തിൽ നിന്ന് തി

രിച്ചുവന്നയുടനെ അയാൾ അവന് വി. കുർബ്ബാന കൊടു ത്തു. . . ." (MG. 77. 84. sq; ML. 50. 453.)

ഈ ലേഖനത്തോടുകൂടെ നെസ്തോറീസിൻെറ ഉപദേശങ്ങളടങ്ങിയ കൃതികളും വി ക്രുറിലോസ് റോമ്മാ മാപ്പാപ്പായിക്കയച്ചുകൊടുത്തു.

റോമ്മാ മാപ്പാപ്പായുടെ അധികാരം സംബന്ധിച്ച് നെസ്തോറീസിൻെറ ലേഖനങ്ങളിൽ കാണാത്തതു പലതും, വി. ക്രുറിലോസിൻെറ ലേഖനങ്ങളിൽ കാണുന്നുണ്ട്. വിശ്വാസത്തെ സംബന്ധിക്കുന്ന പ്രക്ഷോഭണങ്ങളിൽ മാപ്പാപ്പായെ വിവരമറിയിക്കുക, എന്നതു് "സഭകളുടെ പുരാതന നടപ്പാ"കുന്നു എന്നത്രെ വി. ക്രുറിലോസ് പ്രസ്താവിക്കുന്നതു്. അലക്സാന്ത്രിയാ സഭയുടെ മാത്രമല്ലാ, എല്ലാ സഭകളുടേയും നടപ്പു അതു തന്നെ എന്നും ഈ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നു. നെസ്തോറീസിനോടു മററു മെത്രാന്മാരും, ജനങ്ങളും, യോജിക്കണമോ, എന്നതു് തിരുമാനിക്കുവാനുള്ള ആൾ വി. ക്രുറിലോസിൻെറ ദൃഷ്ടിയിൽ മാപ്പാപ്പായാകുന്നു. "ശരി എന്നു തോന്നുന്നതു തീരുമാനിക്കണമെ" (Tuposai To Dokoun) എന്നാണ് അദ്ദേഹത്തിൻെറ അഭ്യർത്ഥന. നിയമം, പ്രമാണം, തീരുമാനം എന്നെല്ലാമാണ് (Tupos)എന്ന ഗ്രീക്കുശബ്ദത്തിൻെറഅർത്ഥം. (Tuposai To Dokoun) എന്ന് വി. ക്രുറിലോസുപയോഗിച്ച വാക്യത്തിൻെറ അർത്ഥം നിയമനിർമ്മാണം ചെയ്യണമെന്നത്രെ. അലക്സാന്ത്രിയാ പാത്രിയർക്കീസിൽ നിന്നാണ്, ഇപ്രകാരമൊരു അഭ്യർത്ഥന പുറപ്പെടുന്നതു് എന്നു കൂടി നാം ഓർക്കണം. പ്രബലനായ ബൈസന്തിയാ പാത്രിയർക്കീസിനെ, സഭയിൽ നിന്ന് ബഹിഷ്ക്കരിക്കണമോ, വേണ്ടയോ, എന്നതാണ് തീരുമാന വിഷയം. രാഷ്ട്രീയമായി, നെസ്തോറീസിനോടു യാതൊന്നും പ്രവർത്തിക്കുവാൻ മാപ്പാപ്പായിക്കു സാധിക്കുകയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ ബൈസന്തിയാ

ചക്രവൎത്തിയുടെ ആപ്ത മിത്രമായിരുന്ന നെസ്തോറീസ്. വിശ്വാസതത്വമാണ് ഇവിടെ തൎക്കവിഷയം. ഈ സാഹചൎയ്യങ്ങളെല്ലാം നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുന്ന പക്ഷം പാത്രിയൎക്കീസന്മാർ എല്ലാവരും എല്ലാത്തിലും സമന്മാരാണെന്നുള്ള വാദം എത്ര ദുൎബ്ബലമാണെന്ന് പ്രത്യക്ഷമാകാതിരിക്കയില്ല. രാഷ്ട്രിയ പ്രാബല്യം, ഈ അവസരത്തിൽ, എല്ലാവരേക്കാൾ കൂടുതൽ നെസ്തോറീസിനായിരുന്നു. രാഷ്ട്രിയമായി അലക്സന്ത്രിയാ ബൊസന്തിയായിക്ക്, അധീനപ്പെട്ടുമിരുന്നു.

റോമ്മായിലെ തീരുമാനം, പൌരസ്ത്യദിക്കിലെ എല്ലാ മെത്രാന്മാരെയും അറിയിക്കണമെന്നും, അങ്ങിനെ ചെയ്താൽ അതു് വിശ്വാസസംരക്ഷണയ്ക്കും ഐക്യപരിപാലനത്തിനും അവൎക്കു അവസരം കൊടുക്കുകയായിരിക്കുമെന്നും വി. കൂറിലോസ് റോമ്മായിലെ സെലസ്തീനോസു മാപ്പാപ്പായെ അറിയിക്കുന്നു. മാക്കെദോനിയാ മെത്രാന്മാരെക്കൂടി വിവരമറിയിക്കണമെന്ന് വി. കൂറിലോസ് തിരിച്ചു പറയുന്നതു് അന്ന് മാക്കെദോനിയാ, പാശ്ചാത്യ പാത്രിയൎക്കാധികാരസീമയിൽ ഉൾപ്പെട്ടിരുന്നതിനാലാണ്.

വിശ്വാസം, ഇന്നതെന്നു തീൎച്ച അറിഞ്ഞു് തൽസംരക്ഷണാൎത്ഥം പൌരസ്ത്യദിക്കിലെ മെത്രാന്മാർ പോരാടണമെങ്കിൽ വിശ്വാസസംബന്ധമായി റോമ്മാ മാപ്പാപ്പായുടെ തീരുമാനം ആവശ്യമാണ്. ആ തീരുമാനം അറിഞ്ഞാൽ വിശ്വാസമിന്നതാണെന്നു നിൎഭയം അവൎക്കു പ്രഖ്യാപനം ചെയ്യാം. അലക്സാന്ത്രിയായിലെ വി. കൂറിലോസിനുണ്ടായിരുന്ന ഈ ധാരണതന്നെ പൌരസ്ത്യദിക്കിലെ മററു മെത്രാന്മാൎക്കുമുണ്ടായിരുന്നു എന്ന് പിന്നീട് വിശദമാക്കിക്കൊള്ളാം. വിശ്വാസത്തെ സംബന്ധിക്കുന്ന ഒരു വിഷയത്തിൽ വി. കൂറിലോസ് ആവശ്യപ്പെടുന്നതുപോലെയുള്ള ഒരു തീരുമാനം തെ

റായേക്കാമെന്ന സംശയംപോലും അദ്ദേഹത്തിനില്ലായിരുന്നു എന്നാണ് അദ്ദേഹത്തിൻെറ ലേഖനം വിളിച്ചറിയിക്കുന്നതു്.

താത്വികമായ ഒരു വിഷയത്തിൽ മാപ്പാപ്പാ അവസാനതീരുമാനം ചെയ്യണമെന്നത്രെ വി. ക്രിലോസിൻെറ അപേക്ഷ. അങ്ങിനെ ചെയ്താൽ ആ തിരുമാനത്തിൻെറ താല്പര്യം, മററു മെത്രാന്മാരെ തെര്യപ്പെടുത്തിക്കൊണ്ടു്, വിശ്വാസസംരക്ഷണത്തിനായി പോരാടാമെന്നാണ് അദ്ദേഹം ഉറപ്പു പറയുന്നതു്. മാപ്പാപ്പായുടെ അവസാന തിരുമാനം, സത്യവിശ്വാസമായി പൌരസ്ത്യരും സ്വീകരിക്കുമെന്നത്രെ ക്രറിലോസിൻെറ ബോധ്യം. ഇങ്ങനെയുള്ള വിഷയങ്ങളിൽ പാശ്ചാത്യക്കു പൌരസ്ത്യരുടേതിൽ നിന്നു് വ്യത്യസ്തമായ വിശ്വാസം ഉണ്ടാകുവാൻ പാടുള്ളതല്ലല്ലോ. മാപ്പാപ്പായുടെ അവസാന തിരുമാനം (Definition = നിർണ്ണയം) ക്രൈസ്തവസഭയെ മുഴുവൻ ബാധിക്കുമെന്നും ക്രറിലോസിനറിയാമായിരുന്നു. എന്തെന്നാൽ നെസ്തോറീസിൻെറതുപോലെയുള്ള ഉപദേശം സ്വീകരിച്ചിരിക്കുന്നവരോടു് ആരും യോജിക്കുകയില്ലെന്നുള്ളതു് ശരിയെന്നു് തോന്നിയാൽ, നെസ്തോറീസിനെ അറിയിക്കണമെന്നാണ് ക്രറിലോസ് മാപ്പാപ്പായോടു യാചിക്കുന്നതു്. ഈ സന്ദർഭത്തിൽ ഔദ്യോഗികനിലയിലാണ്, മാപ്പാപ്പാ നിർണ്ണയം ചെയ്യുന്നതെന്നു് വിശേഷിച്ചു് പറയേണ്ട ആവശ്യമില്ലല്ലോ. ഈദൃശ്യമായ ഒരു നിർണ്ണയത്തിൽ മാപ്പാപ്പായിക്കു തെററുവാൻ പാടില്ലെന്നുള്ള പൂർണ്ണവിശ്വാസമാണ്, ഇപ്രകാരമൊരു ലേഖനം തയാറാക്കുവാൻ ക്രറിലോസിനെ പ്രേരിപ്പിച്ചിട്ടുള്ളതു്. മാപ്പാപ്പായുടെ നിർണ്ണയം പ്രമാദരഹിതമായിരിക്കുമെന്നുള്ള പൂർണ്ണബോധ്യം ക്രറിലോസിൻെറ ലേഖനത്തിൽ പ്രതിബിംബിച്ചു കാണുന്നുണ്ടു്. മാപ്പാപ്പായുടെ മേൽ പ്രസ്താവിച്ചപ്രകാരമുള്ള നിർണ്ണയം

തെററിപ്പോയേക്കാമെന്ന ഭയം ക്രില്ലോസിന്നുണ്ടായിരുന്നെങ്കിൽ, ആ നിണ്ണയത്തിൽ ആശ്രയിച്ചുകൊണ്ട് വിശ്വാസസംരക്ഷണാത്ഥം, പോരാടുവാനും, തദ്ദേശ്യത്തോടെ പൌരസ്ത്യമെത്രാന്മാരെ ആ നിണ്ണയംകൊണ്ട് ഇളക്കുവാനും അദ്ദേഹം പരിശ്രമിക്കുകയില്ലായിരുന്നു. "മാർപ്പാപ്പായുടെ അപ്രമാദിത്വത്തിന്" ഇതിൽ കൂടുതലായ ഒരു അത്ഥം കത്തോലിക്കർ കൊടുക്കുന്നില്ല. തത്വനിണ്ണയം ചെയ്യുമ്പോൾ, അതായത്, വിശ്വാസസന്മാർഗ്ഗ വിഷയങ്ങളിൽ അവസാനതീരുമാനം ചെയ്തു, തിരുസഭയുടെ തലവൻ എന്ന നിലയിൽ, ഔദ്യോഗികമായി, തിരുസഭ മുഴുവനെയും, പഠിപ്പിക്കുമ്പോൾ, മാർപ്പാപ്പായിക്കു തെററുവാൻ പാടില്ല എന്നു മാത്രമേ കത്തോലിക്കരുടെ "അപ്രമാദിത്വം" സൂചിപ്പിക്കുന്നൊള്ളു. ഈ ഉപദേശം വി. ക്രില്ലോസിൻെറ ലേഖനത്തിലും സ്പഷ്ടമായി കാണുന്നുണ്ട്.

തിരുസഭയുടെ ഐക്യത്തിൽ ഒരാളെ സ്വീകരിക്കുന്നതും സ്വീകരിക്കാതിരിക്കുന്നതും, മാർപ്പാപ്പായുടെ ഉദ്യോഗനിർവ്വഹണത്തിൽപെട്ടതാണെന്നും, വി. ക്രില്ലോസിൻെറ ലേഖനം പ്രദ്യോതിപ്പിക്കുന്നുണ്ട്. "പരമാധികാര"ത്തിൽ ഇപ്രകാരമുള്ള അധികാരങ്ങളത്രെ അടങ്ങിയിരിക്കുന്നതു്.

# മൂന്നാം അദ്ധ്യായം.

## അകത്തോലിക്കാവാദരീതി.

നെസ്തോറീസിൻെറയും, വി. ക്ലറിലോസിൻെറയും ലേഖനങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ചില അകത്തോലിക്കരുടെ വാദരീതി സത്യാന്വേഷികളുടെ ശ്രദ്ധയ്ക്കു പ്രത്യേകവിധം വിഷയീഭവിക്കേണ്ട ഒന്നാണ്.

നെസ്തോറീസ്, തൻെറ ലേഖനങ്ങളിൽ മാർപ്പാപ്പായുടെ അധികാരങ്ങൾ സംബന്ധിച്ച യാതൊന്നും തന്നെ പറഞ്ഞുകാണുന്നില്ല. ഇതിൻെറ കാരണം, മാർപ്പാപ്പായിക്കു പ്രത്യേകമായി യാതൊരധികാരവുമില്ലെന്ന് നെസ്തോറീസു വിശ്വസിച്ചിരുന്നതായിരിക്കണം. മാർപ്പാപ്പായെവശീകരിച്ച്,സ്വപക്ഷത്തിൽ ചേർക്കുവാനാണ് വി. ക്ലറിലോസ് വലിയ അധികാരങ്ങളെല്ലാം മാർപ്പാപ്പായിക്കു കല്പിക്കുന്നത്. നെസ്തോറീസിനെ ഏതുവിധമെങ്കിലും താഴ്ത്തണമെന്നായിരുന്നു, അയാളുടെ ഉയർച്ചയിൽ അസൂയാലുവായിരുന്ന ക്ലറിലോസിൻെറ ഉദ്ദേശ്യം. തനിച്ച ഇതു സാധിക്കയില്ലെന്നു മനസ്സിലാക്കികൊണ്ട് റോമ്മാ മാർപ്പാപ്പായുടെ സഹായം സൂത്രത്തിൽ പ്രാപിക്കാനാണ് ക്ലറിലോസു ശ്രമിച്ചത്. റോമ്മാ അലക്സാന്ത്ര്യായോടു യോജിച്ചാൽ തൻെറ നില ദുർബ്ബലമാകുമെന്നുള്ള ഭയം നിമിത്തമാണ് നെസ്തോറീസ് റോമ്മായിൽ അഭയം നേടിയതു്. ക്ലറിലോസിൻെറ തന്ത്രപ്രയോഗങ്ങളാൽ മാർപ്പാപ്പാ നെസ്തോറിസിൻെറ ലേഖനങ്ങൾക്കു ഉത്തരിക്കുവാൻ താമസിക്കുകൂടെയും ചെയ്തിട്ടുണ്ട്. ഇങ്ങനെയെല്ലാമാണ് അകത്തോലിക്കാവാദരീതി. (cf. Loofs, "Nestorius and his place in the History of Christian Doctrine" p. 43). തൻെറ ലേഖനത്തിൽ മാർപ്പാപ്പായിക്ക് പരമാ

ധികാരമുണ്ടെന്ന് നെസ്തോറീസ് രേഖപ്പെടുത്തിയിട്ടില്ലാ എന്നതിൽനിന്ന് അയാൾക്ക ആ വിശ്വാസമില്ലായിരുന്നു എന്ന സിദ്ധിക്കുന്നില്ല. നെസ്തോറിസിന്, ആ വിശ്വാസം ഇല്ലായിരുന്നു എന്നു വന്നാൽ തന്നെയും, വേറെ ആൎക്കും ആ വിശ്വാസം ഇല്ലായിരുന്നു എന്നൊ, ഈ വിഷയത്തിൽ സഭ മുഴുവനും നെസ്തോറീസിനെ അനുഗമിച്ചിരുന്നു എന്നൊ അനുമാനിക്കുക അബദ്ധമായിരിക്കും. ഇനിയും, മാൎപ്പാപ്പായുടെ പരമാധികാരം അയാൾ വിശ്വസിച്ചിരുന്നു എന്നതിന് നെസ്തോറീസുതന്നെ ധാരാളം തെളിവുകൾ പ്രദാനം ചെയ്തിട്ടുണ്ട്. ഇററലിയിൽനിന്നു ബഹിഷ്കരിക്കപ്പെട്ട ഏതാനും പെലാജിയൻ മെത്രാന്മാർ ബൊസന്തിയായിൽ ചെന്നപ്പോൾ അവരെ സംബന്ധിച്ച് റോമ്മായിലെ സെലസ്തീനോസിന് നെസ്തോറീസ് എഴുതി ചോദിച്ചതു് ഇപ്രകാരമായിരുന്നു:

"സത്യത്തിന്റെ നീതി മനസ്സിലാക്കാതെ വല്ലവരും അനാവശ്യമായ ആൎദ്രതയാൽ പ്രക്ഷുബ്ധരാകാതിരിപ്പാൻ, ഇവരെപ്പററിയുള്ള അറിവു ഞങ്ങൾക്ക് പ്രദാനം ചെയ്യുവാൻ തിരുമനസ്സാകണമെ" (Ep. I. ad caelostinum. Loofs, Nestoriana p. 166.)

വീണ്ടും, "ജൂലിയൻ ഒറോൻസിയൂസിനേയും മററാളുകളേയും സംബന്ധിച്ച് പലപ്പോഴും അങ്ങേ പരിശുദ്ധതക്ക് ഞാൻ എഴുതിയിരുന്നല്ലൊ. . . . അവരെപ്പററിയുള്ള എഴുത്തുകൾ അങ്ങേ ബഹുമതിയിൽനിന്നു ഞങ്ങൾക്ക കിട്ടിയിട്ടില്ല. അവ എന്റെ കൈവശമുണ്ടായിരുന്നെങ്കിൽ അവരോടുത്തരിക്കുവാൻ എനിക്ക സാധിക്കുമായിരുന്നു." (Ep. II. ibidom. p. 170.)

വിശ്വാസവിഷയത്തിൽ, നെസ്തോറീസ് റോമ്മാ മാർപ്പാപ്പായുടെ വിധി പാർത്തിരിക്കുന്നു എന്നാണ് ഈ ലേഖനങ്ങളിൽനിന്ന് അനുമാനിക്കുവാൻ പാടുള്ളതു്. എന്നാൽ, എഫേസൂസിൽവച്ച് പ്രതികൂലമായ വിധി

സമ്പാദിച്ചശേഷവും, മാർപ്പാപ്പായുടെ പരമാധികാരത്തിൽ നെസ്തോറീസ് വിശ്വസിച്ചിരുന്നു എന്നു യഥാസ്ഥാനത്തു തെളിയിച്ചുകൊള്ളാം.

മാപ്പാപ്പായെ വശീകരിക്കുവാൻ, വി. ക്രൂറിലോസ്, മാപ്പാപ്പായിക്കില്ലാത്ത സ്ഥാനവും അധികാരവും ഉണ്ടെന്നു പ്രസ്താവിച്ചതായി നമുക്കു സങ്കല്പിക്കാം. മാപ്പാപ്പായുടെ പരമാധികാരത്തിൽ വിശ്വസിക്കാതെയാണ്, മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഒരു ലേഖനം വി. ക്രൂറിലോസ് എഴുതിയതെങ്കിൽ, അദ്ദേഹം ഒരു മഹാവഞ്ചകനായിരുന്നു. എന്നാൽ എഫേസൂസു സൂനഹദോസ് സ്വീകരിക്കുന്നവരും, മനുഷ്യസ്വഭാവം ഒരുവിധം മനസ്സിലാക്കിയിരിക്കുന്നവരും, ഇത്ര മഹാപാതകം വി. ക്രൂറിലോസിൽ ആരോപിക്കയില്ലെന്നു നിശ്ചയമാണ്. തനിക്കില്ലാത്ത ഒരധികാരമുണ്ടെന്ന് വല്ലവരും പറയുന്നതു കേട്ടാൽ മാപ്പാപ്പാ അയാളെ അനുക്രൂലിക്കും! അങ്ങിനെ പറയുന്നവരുടെ വാക്കിൽ ആശ്രയിച്ചുകൊണ്ടു മാപ്പാപ്പാ തനിക്ക് ആ അധികാരമുണ്ടെന്നു വാദിക്കും! അങ്ങിനെയുള്ള അധികാരത്തിന് കീഴ്പ്പെടണമെന്ന് എല്ലാവരോടും മാപ്പാപ്പാ കല്പിക്കും! എല്ലാവരും ആ കല്പന അനുസരിക്കയും ചെയ്യും! ഇങ്ങനെ അനുസരിക്കുന്നവരെല്ലാവരും തങ്ങളുടെമേൽ മാപ്പാപ്പായിക്ക് അധികാരമുണ്ടെന്ന് സമ്മതിച്ചു കൊടുക്കുകയും ചെയ്യും! അഥവാ ക്രൂറിലോസ് ഈ വിഷയത്തിൽ അതിശയോക്തിയോ വഞ്ചനയോ പ്രയോഗിച്ചു എന്നുതന്നെ ഇരിക്കട്ടെ. അങ്ങിനെ എങ്കിൽ ക്രൂറിലോസിൻെറ ലേഖനത്തിൽ പ്രതിബിംബിച്ചു കാണുന്ന പരമാധികാരത്തോടു, നെസ്തോറീസിൻെറ കാര്യത്തിൽ മാപ്പാപ്പാ ഒരു തീരുമാനം ചെയ്യുകയൊ, ചെയ്താൽതന്നെയും സഭ അതനുസരിക്കയൊ ചെയ്യുമായിരുന്നോ? പരമാധികാരപരമായ ഒരു തീരുമാനം ഈ വിഷയത്തിൽ മാപ്പാപ്പാ

ചെയ്തെന്നും, നെസ്തോറീസൊഴിച്ച് എല്ലാവരും പരിപൂർണ്ണമായി അതു് സ്വീകരിച്ചെന്നും, അതിന് പരിപൂർണ്ണമായി വശംവദനാകുവാൻ വിസമ്മതിച്ച ശേഷവും, മാപ്പാപ്പായുടെ പരമാധികാരം നെസ്തോറീസ് നിഷേധിച്ചിട്ടില്ലെന്നും താഴെ തെളിയിക്കുന്നതാണ്. മാപ്പാപ്പായുടെ പരമാധികാരം ക്രൂറിലോസ് നൂതനമായി സൃഷ്ടിച്ച ഒന്നല്ലായിരുന്നു എന്നല്ലയോ ഇതിൽ നിന്നുള്ള അനുമാനം?

പാത്രിയക്കീസന്മാർ സർവ്വപ്രകാരേണയും സമന്മാരാണെന്നുള്ള അടിസ്ഥാനത്തിന്മേലാണ്, അകത്തോലിക്കാവാദം സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്ന് വായനക്കാർ ധരിച്ചിട്ടുണ്ടായിരിക്കുമല്ലൊ. പാത്രിയക്കീസന്മാർ സമന്മാരാണെങ്കിൽ, റോമ്മായും അലക്സാന്ത്രിയായും കൂടി ഒത്തൊരുമിച്ച് പ്രവത്തിച്ചാൽ പോലും നെസ്തോറീസിന് വല്ല ഉപദ്രവവും നേരിടുമായിരുന്നോ? അന്തിയോക്കിയാ പാത്രിയക്കീസ് നെസ്തോറീസിൻെറ ആപ്തമിത്രമായിരുന്നു. അതിപ്രബലനായിരുന്ന ബൊസന്തിയാ ചക്രവത്തി ക്രൂറിലോസിൻെറ ശത്രുവും നെസ്തോറീസിൻെറ മിത്രവും ആയിരുന്നു. ഈ സ്ഥിതിക്ക്, (വൈദികമായി പാത്രിയക്കീസന്മാരെല്ലാവരും സമന്മാരാണെങ്കിൽ) ദൈവികമായോ, ലൌകികമായോ, നെസ്തോറീസിന് വിരോധമായി വല്ലതും പ്രവത്തിക്കുവാൻ വി. ക്രൂറിലോസിന് സാധിക്കുമായിരുന്നോ? രാജശക്തിയുടെ തണലിൽ ന്യായവിരുദ്ധമായി വൈദികാധികാരം വദ്ധിപ്പിച്ചിരുന്ന ബൊസന്തിയാ സിംഹാസനത്തിലാണ് നെസ്തോറീസ് ആരൂഢനായിരുന്നതെന്നും ഈ തരുണത്തിൽ നാം മനസ്സിലാക്കണം. പാത്രിയക്കീസന്മാർ എല്ലാവരും സമന്മാരാണെങ്കിൽ, വൈദികമായിട്ട് സഭയിൽ ഒരു ശീസ്മയുണ്ടാക്കാമെന്നല്ലാതെ മററു യാതൊന്നും പ്രവത്തിക്കുന്നതിന് ക്രൂറിലോ

സിന്നും സഹപ്രവൎത്തകന്മാൎക്കും സാധിക്കുകയില്ലായിരു ന്നു. ശീശ്മ ഭയന്നു് നെസ്തോറീസ് റോമ്മായിൽ അഭ യം പ്രാപിച്ചു എന്നു് ആരും പറയുന്നുമില്ല. ലൌകിക മായ ഏതോ പ്രേരണയാൽ നെസ്തോറീസ് റോമ്മാ യിലേക്കെഴുതി എന്നു പറയുക സ്വീകാൎയ്യവുമല്ല. ഇവ സംബന്ധമായി പിന്നിട്ടു കൂടുതൽ പ്രസ്താവിച്ചുകൊ ള്ളാം.

മാപ്പാപ്പായുടെ അപ്രീതിയിലിരിക്കുക നിമിത്തം, പ്രീതി സമ്പാദിക്കുവാനാണു്, മേൽ പ്രസ്താവിച്ച പ്രകാ രമുള്ള ഒരു ലേഖനം വി. ക്കുറിലോസ് റോമ്മായിക്ക യച്ചതെന്നുള്ള വാദവും ദുൎബ്ബലമാണെന്നു് ഇത്രയും പ്ര സ്താവിച്ചതിൽനിന്നു തെളിയുന്നു. ആരംഭത്തിൽ ക്കുറി ലോസ് റോമ്മായുടെ പ്രീതിയിലല്ല വൎത്തിച്ചിരുന്നതു്. പക്ഷെ, ആ അപ്രീതി ഇല്ലാതാക്കുവാൻ അദ്ദേഹം ഈ മാൎഗ്ഗം കണ്ടുപിടിച്ചു എന്നു പറയുക സാഹസമായി രിക്കുമെന്നും മേൽ പ്രസ്താവിച്ചവ വിശദമാക്കുന്നുണ്ടു്. കേട്ടിട്ടില്ലായിരുന്ന ഒരധികാരവും സൃഷ്ടിച്ചുകൊണ്ടാണു് ക്കുറിലോസ് മാപ്പാപ്പായുടെ പ്രീതി സമ്പാദിക്കുവാൻ ശ്രമിച്ചതെങ്കിൽ, മാപ്പാപ്പാ ക്കുറിലോസിനെ സംശയി ക്കുകയില്ലായിരുന്നോ?

നെസ്തോറീസിന്റെ ലേഖനങ്ങൾക്കു് മറുപടി അ യക്കുവാൻ താമസിച്ചതു് അവ ഗ്രീക്കിൽനിന്നു ലത്തീനി ലേക്കു തൎജ്ജമചെയ്യപ്പെടേണ്ടിവന്നതിനാലാണെന്നു് വി. സെലസ്റ്റീനോസുതന്നെ പറയുന്നു. (Loofs–"Nostorius and His Place in the History of Christian Doctrine" p 43.) ഇതൊരു തക്ക കാരണമാണെന്നു് അന്നത്തെ സ്ഥിതിഗതികൾ മനസ്സിലാക്കിയിട്ടുള്ളവർ സമ്മതിക്കാതെ ന്നെ ചെയ്യും. വി. ക്കുറിലോസിന്റെ ലേഖനങ്ങൾക്കു് വി. സെലസ്റ്റീനോസ് ഉടൻ മറുപടി കൊടുത്തതിനുള്ള കാരണം ലത്തീൻ പരിചയമുണ്ടായിരുന്ന പൊസിഡോ

നിയൂസ് എന്ന ആറാം പടക്കാരനെ വി. ക്റിലോസ് റോമ്മായിക്കയെച്ചതിനാലായിരുന്നു എന്നും മനസ്സിലാക്കേണ്ടതായുണ്ട്. (N. H. Baynes. The Byzantion Empire p. 94 sq.)

## നാലാം അദ്ധ്യായം.

### റോമ്മാ സൂനഹദോസും അനന്തരസംഭവങ്ങളും.

പൌരസ്ത്യദിക്കിൽ മാത്രം— എന്നാൽ പൌരസ്ത്യ സഭയിൽആകമാനം— വ്യാപിച്ചിരുന്ന ഈ ബഹളം സംബന്ധിച്ച് റോമ്മായിലെ സെലസ്തീനോസിൻെറ പ്രവൃത്തി ഏതുതരമുള്ളതായിരുന്നു എന്നാണ് ഇനി ആലോചിക്കുവാനുള്ളത്.

നെസ്തോറീസിൻെറ കാര്യം ആലോചിക്കുവാൻ വി. സെലസ്തീനോസ് റോമ്മായിൽ പാശ്ചാത്യമെത്രാന്മാരുടെ ഒരു സൂനഹദോസു വിളിച്ചുകൂട്ടി. 430— ആഗസ്റ്റ് 11—ാംനു എഴുതിയ നാലു ലേഖനങ്ങൾവഴി സെലസ്തീനോസ് തൻെറ തീരുമാനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. വി. ക്റിലോസിനും, നെസ്തോറീസിനും, ബൊസന്തിയായിലെ വൈദികർക്കും, അൾമേനികൾക്കും, പൌരസ്ത്യമെത്രാന്മാൎക്കും ഉള്ളവയായിരുന്നു ആ ലേഖനങ്ങൾ. ഓരോന്നിൽനിന്നും ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കാം.

1. വി. ക്റിലോസിന്:

"....നമ്മുടെ കൎത്താവായ മിശിഹായെ സംബന്ധിച്ചു നാമെല്ലാവരും ഒരേവിശ്വാസമുള്ളവരാകുന്നു... ആരുടെ ജനനംസംബന്ധിച്ച് തൎക്കമുണ്ടായിരി

ക്കന്നുവോ, ആ നമ്മുടെ കർത്താവീശോമിശിഹാ, ഒരാടി നുവേണ്ടി ക്ലേശം സഹിക്കണമെന്നു് നമ്മെ പഠിപ്പിക്കുന്നു. (ആകയാൽ ഒരിടയനുവേണ്ടി എത്ര അധികം ക്ലേശം സഹിക്കേണ്ടിയിരിക്കുന്നു?) ആകയാൽ അയാളുടെ മാനസാന്തരത്തിൽ ശരണമില്ലെങ്കിൽ നാം അയാളെ ആട്ടിൻകൂട്ടത്തിൽനിന്നു പുറത്തു തള്ളണം. ഇതാണു് നമ്മുടെ തീവ്രമായ ആഗ്രഹം. എന്നാൽ, അയാൾ ദുശ്ശാഠ്യത്തിൽ നില്ക്കുകയാണെങ്കിൽ അയാളുടെ മേൽ പരസ്യമായ ഒരു വിധി പ്രസ്താവിക്കപ്പെടണം. എന്തെന്നാൽ ശരീരം മുഴുവൻ ബാധിക്കുന്ന മുറിവ് ഉടൻതന്നെ നീക്കം ചെയ്യേണ്ടതാണു്. ഏററം ഉത്തമമായതു് തനിക്കു മാത്രമേ അറിയുവാൻ പാടുള്ളു എന്നു വിചാരിച്ചു് നമ്മുടെ വിശ്വാസത്തിൽനിന്നു് അകന്നുനില്ക്കുന്ന അയാൾക്കു് തമ്മിൽ തമ്മിൽ ഒരേധാരണയോടെ വർത്തിക്കുന്നവരോടു് എന്തു ചെയ്യുവാൻ സാധിക്കും? ആകയാൽ അയാൾ വേർപെടുത്തിയവരെല്ലാവരും (സഭയുടെ) ഐക്യത്തിൽ നിന്നുകൊള്ളട്ടെ. ശ്ലൈഹികോപദേശത്തിനു വിരുദ്ധമായി നാശവഴിയിൽ ദുശ്ശാഠ്യത്തോടുകൂടതന്നെ നില്ക്കുകയാണെങ്കിൽ നമ്മുടെ ഐക്യത്തിൽ ഉൾപ്പെടുവാൻ സാധിക്കയില്ലെന്നു് അയാളെ അറിയിക്കണം. ആകയാൽ നമ്മുടെ സിംഹാസനത്തിൻെറ അധികാരം താങ്കൾ അവലംബിച്ചുകൊണ്ടു്, നമുക്കു പകരവും, നമ്മുടെ സ്ഥാനത്തും, ഇതിനാൽ താങ്കൾക്കു നൾകപ്പെടുന്ന അധികാരത്താൽ, (With dologated authority) താഴെ പറയുന്നപ്രകാരമു ഒരു വിധിതീർപ്പു് (Ekousia) താങ്കൾ കർശനമായി നടപ്പിൽ വരുത്തണം.

നമ്മുടെ ഈ ഗ്രന്ഥലേഖത്തിൻെറ ശേഷം പത്തുദിവസത്തിനകം രേഖാമൂലം അനുസരിച്ചു പറഞ്ഞുകൊണ്ടു്, അയാൾ തൻെറ ദുരുപദേശത്തെ ശപിക്കയും റോമ്മാസഭയും താങ്കളുടെ പരിശുദ്ധതയുടെ സഭയും,

ക്രൈസ്തവമതം മുഴുവനും നമ്മുടെ ദൈവമായ മിശിഹായുടെ ജനനത്തെപ്പററി പ്രസംഗിക്കുന്ന വിശ്വാസം മേലിൽ സ്വീകരിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തില്ലെങ്കിൽ, ഉടൻതന്നെ താങ്കളുടെ പരിശുദ്ധത ആ സഭയുടെ കാര്യം വിചാരിച്ചുകൊള്ളണം. നമ്മുടെ ശരീരത്തിൽനിന്ന് അയാൾ മുഴുവനായി മാററപ്പെട്ടവനാണെന്ന് അയാൾ അറിഞ്ഞുകൊള്ളട്ടെ. . . . നമ്മുടെ സഹോദരന്മാരും സഹമെത്രാന്മാരുമായ യോഹന്നാൻ, റൂഫൂസ്, യൂവനേൽ, ഫ്ളാവിയൻ എന്നിവക്കും ഇതുതന്നെ നാം എഴുതിയിട്ടുണ്ട്. ആയതു്, അയാളെ സംബന്ധിച്ചുള്ള നമ്മുടെ വിധി, അല്ലാ, നമ്മുടെ കത്താവായ മിശിഹായുടെ വിധി പ്രത്യക്ഷപ്പെട്ടവാൻതന്നെ.”

(Mansi 4-1020 sq.)

റോമ്മാ മാർപാപ്പായുടെ ഈ വിധി പരമാധികാരപരമായ ഒരു അവസാനതീരുമാനമാണെന്ന് വല്ല സംശയവുമുണ്ടോ? അതു് മിശിഹായുടെ വിധിതന്നെ എന്ന് അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. മാപ്പാപ്പായിക്ക് അപ്രമാദിത്വമുണ്ടെന്നു പ്രസ്താവിക്കുന്നവത്തിക്കാൻ സൂനഹദോസ് ഇതിൽ കൂടുതലായി ഒന്നും നിർണ്ണയിക്കുന്നില്ല.

ഒരു പൌരസ്ത്യ പാത്രിയക്കിസിനെ സ്ഥാനഭ്രംശം ചെയ്യുവാനുള്ള അധികാരം— അതും 'പാഷണ്ഡാപദേശം ചെയ്തു എന്ന ന്യായത്താൽ— വേറൊരു പൌരസ്ത്യ പാത്രിയക്കീസിന് പ്രസ്തുത ലേഖനത്താൽ റോമ്മാമാപ്പാപ്പാ നൽകുകയാണു് ചെയ്യുന്നതെന്നും പ്രസ്താവ്യമത്രെ. പൌരസ്ത്യപാത്രിയക്കീസ് പാഷണ്ഡാപദേശം ചെയ്തു എന്ന്, മിശിഹായുടെ വിധിയായി ഒരു അവസാന തീരുമാനം ചെയ്യുന്നതു് ഒരു സാവ്വത്രികസൂനഹദോസല്ല; പ്രത്യുത, റോമ്മാ മാപ്പാപ്പായാണ് എന്നുകൂടെ നാം ഓക്കണം. തന്റെ വിധി സാവ്വത്രിക

സത്തയെ ബാധിക്കുന്ന ഒന്നായും മാപ്പാപ്പാ കരുതുന്നു. അലക്സാന്ത്രിയാ സിംഹാസനത്തോട് റോമ്മാ അധികാരം ചേൎക്കുവാനല്ലാ; പ്രത്യുത, വി. ക്രുറിലോസ് റോമ്മാ മാപ്പാപ്പായുടെ അധികാരം അവലംബിക്കുവാനാണ് വി. സെലസ്തീനോസ് കല്പിക്കുന്നതു്. (Sunaphthoisos Soi). ക്രുറിലോസിന് നെസ്തോറീസിന്റെമേൽ എന്തോ ഒരധികാരമുണ്ടായിരുന്നെന്ന് വി. സെലസ്തീനോസിന്റെ ഈ വാക്യത്തിൽ നിന്ന് ഡോക്ടർ ബ്രൈറ്റിനെപ്പോലെയുള്ള ചിലർ അനുമാനിച്ചിരിക്കുന്നതു് അബദ്ധമാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. (Dr. Bright. "The Roman See in the Early Church 1896, p. 146).

നെസ്തോറിയൻ പാഷണ്ഡത പോലെയുള്ള വിഷയങ്ങളിൽ, സാൎവ്വത്രിക സൂനഹദോസിന്റെ സഹായം കൂടാതെ മാപ്പാപ്പായിക്കു തന്നെ ഒരു അവസാന തീരുമാനം പ്രമാദരഹിതമായി ചെയ്യുവാൻ സാധിക്കുമെന്ന് വി. സെലസ്തീനോസിന്റെ ലേഖനം വിളിച്ചറിയിക്കുന്നുണ്ടല്ലോ. ഈ തത്വം, എഫേസൂസ് സൂനഹദോസിലെ പിതാക്കന്മാരും അനുസരിച്ചു പ്രവൎത്തിച്ചു എന്ന് പിന്നീടു തെളിയിച്ചുകൊള്ളാം. മാപ്പാപ്പായുടെ പരമാധികാരവും മാപ്പാപ്പായുടെ അപ്രമാദിത്വവും കത്തോലിക്കർ നൂതനമായി സൃഷ്ടിച്ചവയല്ലെന്നും ഇതിൽ നിന്ന് വിശദമാകുന്നുണ്ട്.

2. മാപ്പാപ്പാ നെസ്തോറീസിനയച്ച ലേഖനത്തിൽ നിന്ന്:

"ലേഖനങ്ങളിലെ സംഗതി നാം വായിച്ചു..... സത്യമായുള്ളവ തെളിവില്ലാത്തവയുമായി കുഴക്കുന്ന ഒരാളാണ് താങ്കൾ എന്ന് അവയിൽനിന്ന് നമുക്കു ബോധ്യം വന്നിരിക്കുന്നു. . . . . ഇവ രണ്ടും കൂടി കുഴയ്ക്കുകയും സമ്മതിച്ചവ നിഷേധിക്കുകയും, നിഷേധിച്ചവ സമ്മതിക്കു

കയും ചെയ്യുന്നതിൽ താങ്കൾക്ക് ഔൽസുക്യമുണ്ട്. വചനമായ ദൈവത്തെപ്പററി എല്ലാവരുടെയും വിശ്വാസത്തിനു വിരുദ്ധമായി പ്രതിപാദിക്കുവാൻ ശ്രമിക്കയാൽ താങ്കളുടെ ലേഖനങ്ങൾ വഴിയായി താങ്കളുടെ വിശ്വാസത്തെപ്പററി എന്നതിനേക്കാൾ താങ്കളെപ്പററി തന്നെ താങ്കൾ വിധി പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. . . . ബൊസന്തിയായിലെ വൈദികർക്കും നാം ലേഖനമയച്ചിട്ടുണ്ട്. ആയത്, ഭക്തിശൂന്യമായ വാദത്തിൽ താങ്കൾ ദുശ്ശാഠ്യത്തോടെ നില്ക്കുന്നെങ്കിൽ, താങ്കൾക്കു സംബന്ധമുണ്ടാകുവാൻ പാടില്ലാത്ത ഞങ്ങളുടെ ഐക്യത്തിൽ (Sunedrion) നിന്ന് താങ്കൾ ബഹിഷ്കൃതനാണെന്ന് അവർ അറിയുവാൻവേണ്ടിതന്നെ. ഇതാകുന്നു നമ്മുടെ തീരുമാനമെന്ന് താങ്കൾ അറിഞ്ഞാലും: നമ്മുടെ ദൈവമായ മിശിഹായെക്കുറിച്ച്, റോമ്മാസഭയും, അലക്സാന്ത്രിയാസഭയും, ലോകമാസകലമുള്ള കത്തോലിക്കാസഭയും വിശ്വസിക്കുന്നവയും, വലിയ പട്ടണമായ ബൊസന്തിയായിലെ വിശുദ്ധ സഭ താങ്കളുടെ കാലംവരെ ഉത്തമമായി വിശ്വസിച്ചിരുന്നവ താങ്കളും വിശ്വസിക്കുകയും . . . ഭക്തിശൂന്യമായ ഈ നൂതനത്വത്തെ . . . പത്തു ദിവസത്തിനകം രേഖാമൂലം പിൻവലിക്കുകയും ചെയ്തില്ലെങ്കിൽ താങ്കൾ സാർവ്വത്രികമായ കത്തോലിക്കാസഭയുടെ (Universalis Ecclesiæ Catholicæ) ഐക്യത്തിൽ നിന്നു വേർപെടുത്തപ്പെട്ടു . . . . . . നമ്മുടെ പേർക്കു കാര്യം നടത്തുവാൻ . . . അലക്സാന്ത്രിയായിലെ വൈദികശ്രേഷ്ഠനെ നാം നിശ്ചയിച്ചിരിക്കുന്നു . . . ." (Mansi 4. 1033 sq.)

സഭ മുഴുവനേയും ബാധിക്കുന്ന ഒരു തത്വനിർണ്ണയമാണ് റോമ്മാ മാർപ്പാപ്പാ ഈ ലേഖനത്തിലും ചെയ്തിരിക്കുന്നത്. ഒരു പൌരസ്ത്യ പാത്രിയർക്കീസിനെ സാർവ്വത്രികമായ കത്തോലിക്കാസഭയുടെ ഐക്യത്തിൽ നിന്നു വേർപെടുത്താനുള്ള ശ്രമമാണ്, ഈ ലേഖനത്തിലും പ്ര

ത്യക്ഷമാകുന്നതു്. നേരിട്ടുള്ള അധികാരം— പരമാധികാരം— റോമ്മാ മാർപ്പാപ്പാ പൌരസ്ത്യരുടെമേൽ ചെലുത്തുന്നതായും സൂക്ഷിക്കുക. തന്റെ വിധി അപ്പീലില്ലാത്തതാണെന്നുള്ള ബോധവും മാർപ്പാപ്പായിൽ കാണപ്പെടുന്നുണ്ടു്.

3. ബൊസന്തിയായിലെ വൈദികർക്കും അത്മേനികൾക്കും അയച്ച ലേഖനത്തിൽനിന്നു്:

"ഏതുവിധതീരുമാനം ചെയ്തുകൊണ്ടാണ് നാം ലേഖനമയയ്ക്കുന്നതെന്നു നിങ്ങൾ അറിയുവിൻ. ഈ ലേഖനത്തോടുകൂടെ നാം ആ തീരുമാനം കൂട്ടിച്ചേർത്തിരിക്കുന്നു. അതായതു്. . . . ഭക്തിശൂന്യമായ ഈ നൂതനതപത്തെ. . . . പത്തുദിവസത്തിനകം രേഖാമൂലം പിൻവലിക്കുകയും. . . ." (മുകളിൽ ഉദ്ധരിച്ച ഭാഗംതന്നെ.) (Ep. 14. Mansi. Ibidem.)

ബൊസന്തിയാ വൈദികരുടെമേലും തനിക്കധികാരമുണ്ടെന്നാണ് ഈ ലേഖനത്താൽ സെലസ്തീനോസു് വെളിപ്പെടുത്തുന്നതു്.

4. പൌരസ്ത്യമെത്രാന്മാർക്കു ഓരോരുത്തർക്കുമയച്ച ലേഖനത്തിൽനിന്നു:

"നെസ്തോറീസിനെപ്പററി നമ്മാൽ അല്ലാ, ദൈവമായ മിശിഹായാൽ, ഈ വിധി പ്രസ്താവിക്കപ്പെട്ടു എന്നു് താങ്കളുടെ പരിശുദ്ധത അറിഞ്ഞാലും. . " (വിധി മുകളിൽ കാൺക.) Ep. 12. ഈ ഓരോ ലേഖനവും എഫേസൂസു സൂനഹദോസിൽ വായിച്ച് അംഗീകരിക്കപ്പെട്ടു.

തന്റെ വിധി ദൈവത്തിന്റെ വിധി തന്നെയാണെന്നത്രെ സെലസ്തീനോസു തീർത്തുപറയുന്നതു്. ദൈവത്തിനു തെററുവാൻ പാടില്ലല്ലൊ. ചില അവസരങ്ങളിൽ മാർപ്പാപ്പായിക്കും തെററാവരമുണ്ടെന്നുള്ള കത്തോലിക്കരുടെ വാദം യാതൊരു വിധത്തിലും നൂതനമല്ലെന്നു

സെലസ്തീനോസിൻെറ ലേഖനം തെളിയിക്കുന്നു. പൌരസ്ത്യമെത്രാന്മാൎക്ക് ആ വിശ്വാസമുണ്ടെന്ന് സെലസ്തീനോസ് അറിഞ്ഞിരുന്നതുകൊണ്ടാണ് അവൎക്കയച്ച ലേഖനത്തിൽ ദൈവത്തിൻെറ വിധിതന്നെയാണ് താൻ പ്രസ്താവിക്കുന്നതെന്ന് അദ്ദേഹം തീൎത്തുപറയുന്നത്. മറുവാക്കായി പറഞ്ഞാൽ "ദൈവത്തിൻെറ വിധി" എന്നു പറയുകയിൽ, താൻ പ്രമാദരഹിതമായി തത്വനിൎണ്ണയം ചെയ്യുന്നു എന്നാണ് സെലസ്തീനോസ് അൎത്ഥമാക്കുന്നത്. "നാം നിൎണ്ണയിക്കുന്നു" (Definimus) എന്ന് ആധുനികകാലത്ത് പ്രമാദരഹിതമായ വിധി പ്രസ്താവിക്കുമ്പോൾ മാർപാപ്പാമാർ പറയുന്നതിനുപകരമാണ് സെലസ്തീനോസ് "ദൈവത്തിൻെറവിധി" എന്നു പ്രയോഗിച്ചിരിക്കുന്നത്. "അപ്രമാദിത്വം" പുരാതനസഭയിൽ കേൾക്കപ്പെട്ടിരുന്ന ഒരു വിശ്വാസസത്യമല്ലെന്നു വാദിക്കുന്നവർ വി. സെലസ്തീനോസിൻെറയും വി. ക്രുറിലോസിൻെറയും ലേഖനങ്ങൾ നിൎമ്മത്സരബുദ്ധ്യാ പരിശോധിക്കട്ടെ.

വി. സെലസ്തീനോസിൻെറ ലേഖനങ്ങളിൽ ലൌകികമായ യാതൊരുദ്ദേശ്യവും കാണപ്പെടുന്നില്ല. അവ എല്ലാം മതപരങ്ങളും വിശ്വാസ സംരക്ഷണാൎത്ഥം എഴുതപ്പെട്ടവയും ആകുന്നു. ലൌകികമായ എന്തെങ്കിലുമൊരുദ്ദേശ്യം മനസ്സിൽ കരുതിക്കൊണ്ട്, മതപരമായി മാത്രം സംസാരിച്ച്, തദ്ദേശ്യം സാധിക്കാമെന്ന് അദ്ദേഹത്തിനു കരുതലുണ്ടായിരുന്നതായി ആരും വിചാരിക്കുമെന്നു തോന്നുന്നില്ല. പൌരസ്ത്യസഭയെ ആകമാനം ഇത്ര ശക്തിയായി നിർബന്ധിക്കത്തക്ക വൈദികാധികാരം തനിക്കുണ്ടെന്ന് തനിക്കും പൌരസ്ത്യൎക്കും യാതൊരു സംശയവുമില്ലായിരുന്നു എന്ന ധാരണയാലാണ് പ്രസ്തുത ലേഖനങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്. പൌരസ്ത്യൎക്ക് ആ വിശ്വാസമില്ലായിരുന്നെങ്കിൽ, ഇല്ലാത്ത ഒരധികാരം അവർ സെലസ്തീനോസിന് സമ്മതി

ച്ചു കൊടുക്കുമായിരുന്നോ? നെസ്തോറീസിനും, നെസ്തോറീസിൻെറ സ്നേഹിതന്മാരായ അന്തിയോക്കിയാ പാത്രിയർക്കീസ് മുതലായവർക്കും തനിക്കില്ലായിരുന്ന ഒരധികാരം ഉണ്ടെന്നു സ്ഥാപിച്ച് ഇത്ര ശക്തിയായി സെലസ്തീനോസ് എഴുതിയതെങ്ങിനെ? മുമ്പില്ലായിരുന്ന ഒരു വൈദികാധികാരം പൌരസ്ത്യ മെത്രാന്മാർ മാപ്പാപ്പായിക്കു സമ്മതിച്ചു കൊടുക്കുമായിരുന്നോ? മാപ്പാപ്പായിക്കു ലൌകികമേലാദ്ധ്യക്ഷ്യമുണ്ടായിരുന്നെന്നറിഞ്ഞാൽ, പിന്നത്തെ കഥ പറയണമോ? പ്രസ്തുത ലേഖനങ്ങളിൽ തനിക്കുള്ളതായി സെലസ്തീനോസ് പ്രദർശിപ്പിക്കുന്ന അത്യുന്നത വൈദികാധികാരം സാക്ഷാൽ അദ്ദേഹത്തിനുണ്ടായിരുന്നതായി എഫേസൂസ് സൂനഹദോസും സമ്മതിച്ചിട്ടുണ്ട്. ഒരു സാർവ്വത്രിക സൂനഹദോസ് വിശ്വാസത്തെ അപാരമായി ബാധിക്കുന്ന ഒരധികാരം മാപ്പാപ്പായിക്കു സമ്മതിച്ചു കൊടുത്തെങ്കിൽ, (സമ്മതിച്ചുകൊടുത്തു എന്ന് പിന്നീട് തെളിയിച്ചുകൊള്ളാം) ആ അധികാരം ദൈവസ്ഥാപിതമായിരിക്കണം എന്ന് സഭയുടെ ദൈവികസ്ഥാപനത്തിൽ വിശ്വാസമുള്ളവർ എല്ലാവരും സമ്മതിക്കതന്നെ വേണം. അല്ലെങ്കിൽ ദൈവസ്ഥാപിതമായ സഭ തെററിൽ വീണെന്നായിരിക്കും അനുമാനം. പൌരസ്ത്യരിൽ നിന്ന് ഏതെങ്കിലുമൊരു കാര്യം സാധിക്കണമെന്ന് വി. സെലസ്തീനോസിനുദ്ദേശ്യമുണ്ടായിരുന്നെങ്കിൽ പൌരസ്ത്യരും സമ്മതിച്ചിരിക്കുന്നതും അവക്ക് വിരോധിക്കുവാൻ പാടില്ലാത്തതും ആയ ഒരു മാർഗ്ഗത്തിലൂടെ മാത്രമേ അദ്ദേഹം പ്രവർത്തിക്കുമായിരുന്നൊള്ളു. തനിക്കു പരമാധികാരമുണ്ടെന്നും, പ്രമാദരഹിതമായി തത്വനിർണ്ണയം ചെയ്യുവാൻ പാടുണ്ടെന്നും തൻെറ അധികാരവും വിധിയും സ്വീകരിക്കണമെന്നും പൌരസ്ത്യരെ ഉൽബോധിപ്പിക്കുകയായിരുന്നു പ്രകൃതത്തിൽ വി. സെലസ്തീനോസ് സ്വീകരിച്ച മാർഗ്ഗം. മാ

ഷ്പ്പാപ്പായുടെ പരമാധികാരം സംബന്ധിച്ചോ, അപ്രമാദിത്വം സംബന്ധിച്ചോ അന്നു യാതൊരു സംശയവുമില്ലായിരുന്നു എന്നല്ലയോ ഇതിൽനിന്നുള്ള ന്യായമായ അനുമാനം? മാപ്പാപ്പാ കേവലം ലൌകികോദ്ദേശ്യത്തോടെയാണു് പ്രവർത്തിച്ചതെന്നു പറയുന്നവർ, മാപ്പാപ്പാ സ്വീകരിച്ച മാർഗ്ഗമതെന്നു വിചിന്തനം ചെയ്യട്ടെ. അതുമാത്രമേ നമ്മുടെ വിഷയത്തിനു ആവശ്യമുള്ളു.

എജിപ്തു മുഴുവനും, അന്തിയോക്കിയാ ഉൾപ്പെടെയുള്ള പൌരസ്ത്യപ്രദേശങ്ങളും അടക്കി ഭരിച്ചിരുന്ന ബൊസന്തിയാ ചക്രവർത്തി രണ്ടാം തെയദോസിയൂസും, അന്തിയോക്കിയാ പാത്രിയർക്കീസ് യോഹന്നാനും നെസ്തോറിസിന്റെ പാർശ്വവർത്തികളായിരുന്നു എന്നു പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള പ്രാബല്യത്തോടെ ഭരണം നടത്തിയിരുന്ന ബൊസന്തിയാ പാത്രിയർക്കീസിനെ അടിപെടുത്തണം എന്ന ഉദ്ദേശ്യം സാധിക്കുവാൻ (ആ ഉദ്ദേശ്യമുണ്ടായിരുന്നെങ്കിൽ) വി. സിറിലോസും റോമ്മാമാപ്പാപ്പായും കണ്ടുപിടിച്ച തക്കമാർഗ്ഗം പൌരസ്ത്യദിക്കിൽ റോമ്മായുടെ പരമാധികാരപ്രയോഗമായിരുന്നെങ്കിൽ തദധികാരം എല്ലാവരും തക്കമെന്യേ സമ്മതിച്ചിരുന്നു എന്നു സ്പഷ്ടമാണു്. തീയും വാളും കൊണ്ടല്ലായിരുന്നു മാപ്പാപ്പാ തന്റെ അധികാരം പ്രയോഗിച്ചതെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

ബൊസന്തിയായെ താഴ്ത്തണമെന്ന ദുരാഗ്രഹം, റോമ്മായിക്കുണ്ടായിരുന്നെന്നു പറയുന്നവർ ചരിത്രപരിശോധന നടത്താത്തവരാണെന്നത്രെ എഴുത്തുകാരന്റെ വിനീതാഭിപ്രായം. റോമ്മാ, അലക്സാന്ത്രിയാ, ബൊസന്തിയാ എന്നീ സിംഹാസനങ്ങൾ തമ്മിൽ ഇതിനുമുമ്പും, ഇതിനുശേഷവും നടന്നിട്ടുള്ള ഏടപാടുകൾ പരിശോധിച്ചാൽ റോമ്മാ ന്യായരഹിതമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു് കാണാവുന്നതാണു്. വിശ്വാസവും നീതിയും

പാലിക്കുവാൻ ആരുടെയും മുഖംനോക്കാതെ റോമ്മാ സദാ പ്രവൎത്തിച്ചിട്ടുണ്ടു്. ഇക്കാരണത്താൽ ചിലപ്പോൾ അലക്സാന്ത്ര്യായിക്കു വിരോധമായി ബൊസന്തിയായേയും, മറ്റു ചിലപ്പോൾ ബൊസന്തിയായിക്കു വിരോധമായി അലക്സാന്ത്രിയായേയും, റോമ്മാ ആദരിച്ചിട്ടുള്ളതായി ചരിത്രം സാക്ഷിക്കുന്നു. നെസ്തോറിസിനുമുമ്പു് ബൊസന്തിയാ പാത്രിയക്കീസായിരുന്ന വി. ക്രിസോസ്തോമൂസിനെ, അലക്സാന്ത്രിയായിലെ തെഒഫിലസ് അന്യായമായി സ്ഥാനഭ്രംശം ചെയ്തപ്പോൾ, റോമ്മാ ബൊസന്തിയായെ അനുകൂലിച്ചു. എന്നാൽ നെസ്തോറിസിന്റെ കാൎയ്യത്തിൽ പ്രാതികൂല്യമാണു് റോമ്മാ പ്രദൎശിപ്പിക്കുന്നതു്. പക്ഷെ, കൽക്കദോനിയാ സൂനഹദോസിനുമുമ്പു് ബൊസന്തിയായിലെ പ്ലാവിയനും, അലക്സാന്ത്രിയായിലെ ദിയസ്കോറോസും തമ്മിലുണ്ടായ വാദത്തിൽ, റോമ്മാ ബൊസന്തിയായിക്കനുകൂലമായിരുന്നു. ന്യായമായോ അന്യായമായോ ബൊസന്തിയായെ താഴ്ത്തണമെന്നു് റോമ്മായിക്കുദ്ദേശമുണ്ടായിരുന്നെങ്കിൽ, റോമ്മാ ബൊസന്തിയായേ സദാ പ്രതികൂലിക്കുകയില്ലായിരുന്നോ?

## അഞ്ചാം അദ്ധ്യായം.

### മാപ്പാപ്പായുടെ തീരുമാനവും പൌരസ്ത്യരും.

വി. സെലസ്തീനോസിന്റെ ലേഖനങ്ങൾക്കുണ്ടായ സ്വീകരണം ഏതു വിധമുള്ളതായിരുന്നു എന്നത്രെ ഇനി ആലോചിക്കേണ്ടതു്. റോമ്മായിലെ വിധി കൈപ്പററിയ ഉടനെ വി. കൂറിലോസ് അന്തിയോക്കിയായിലെ യോഹന്നാന് ഇപ്രകാരമെഴുതി:—

“എന്താണ് ഉത്തമമെന്നു നിശ്ചയിക്കുക, അങ്ങേ ബഹുമതി ചെയ്യേണ്ട കാൎയ്യമാണ്. എന്തെന്നാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന വിധികൾക്കനുസരണമായി ഞങ്ങൾ പ്രവൎത്തിക്കും.” മാൎപ്പാപ്പായുടെ വിധിക്കു വിസമ്മതിച്ചാൽ പൌരസ്ത്യസഭയിൽനിന്നും, മാക്കെദോനിയാ സഭയിൽനിന്നും, ഈജിപ്ത്യായാ സഭയിൽ നിന്നും, യോഹന്നാൻ വേർപെടുത്തപ്പെടുമെന്ന് വി. ക്രൂറിലോസ് പ്രസ്തുത ലേഖനത്തിൽ സൂചിപ്പിച്ചു. (Dom. Chapman, “The First Eight Oecumenical councils and Papal Infallibility” p. 18.) മാൎപ്പാപ്പായെ അനുസരിച്ചില്ലെങ്കിൽ കത്തോലിക്കാസഭയുമായി യോഹന്നാന് യാതൊരു ബന്ധവുമുണ്ടാവുകയില്ലെന്ന് ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലോ. വി. ക്രൂറിലോസിന്റെ ഈ പ്രസ്താവന എഫേസൂസിലെ സാൎവ്വത്രിക സൂനഹദോസിനെപ്പററിയുള്ള ആലോചനകൾ തുടങ്ങുന്നതിനു മുമ്പായിരുന്നു.

സംഗതി ഗൌരവമേറിയതാണെന്ന് യോഹന്നാന് മനസ്സിലായി. മാൎപ്പാപ്പായുടെ കല്പനപോലെ പ്രവൎത്തിക്കണമെന്ന് അദ്ദേഹം ഉടൻതന്നെ നെസ്തോറിസിന് എഴുതി. ആ എഴുത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു

“..... നല്ലവയും ഉപകാരപ്രദങ്ങളുമായ കാൎയ്യങ്ങളെപ്പററിയാണല്ലോ നാം തമ്മിൽ സംസാരിക്കേണ്ടതു്. സഭാസംബന്ധമായുള്ള ബഹളങ്ങൾക്ക് നമ്മുടെ പാപങ്ങൾ വലുതായ ഒരു വാതൽ തുറന്നു കൊടുത്തിരിക്കുന്നതിനാൽ, റോമ്മാ, അലക്സാന്ത്രിയാ എന്ന പട്ടണങ്ങളിൽ നിന്നു ഈ അടുത്ത ദിവസം എന്റെ പക്കൽ എഴുതപ്പെട്ടവ അങ്ങേ സ്നേഹത്തിനു വിശദമാക്കി തരുവാൻ ഞാൻ നിർബന്ധിതനായി തീൎന്നിരിക്കുന്നു. അലക്സാന്ത്രിയായിലെ വൈദികർ, താങ്കളു

ടെ ബഹുമതിയെ സംബന്ധിച്ച് പല ലേഖനങ്ങൾ വളരെ തീഷ്ണതയോടെ ഞങ്ങളുടെ പക്കൽ കൊടുത്തയച്ചു. ഒന്നു്, അതിപൂജ്യനായ സെലസ്തീനോസ് മെത്രാൻെറയും, ശേഷമെല്ലാം അതിപരിശുദ്ധനായ ക്രൂറിലോസുമെത്രാൻെറയും ആയിരുന്നു. ..... എന്നാൽ ഇതുവലിയ ഒരു കാൎയ്യം നിസ്സാരമായി പരിഗണിക്കയോ കളിയായി തള്ളിക്കളകയോ താങ്കൾ ചെയ്യരുതു്. ദൈവത്തിന് ഏററം ഇഷ്ടപ്പെട്ട മെത്രാനായ എൻെറ നാഥൻ സെലസ്തീനോസ്, സമാധാനലാഭത്തിനായി പത്തു ദിവസത്തെ വളരെ കുറഞ്ഞ അവധി മാത്രമേ തൻെറ ലേഖനത്താൽ നിശ്ചയിച്ചിട്ടുള്ളു എങ്കിലും, കാൎയ്യത്തിൻെറ സ്വഭാവം നോക്കിയാൽ, പത്തു ദിവസം വേണ്ടാ, ഒരു ദിവസം കൊണ്ടു് അല്ലാ, കുറെ മണിക്കൂറിനകം തീൎക്കാവുന്ന ഒന്നായി മാത്രമേ തോന്നുന്നുള്ളു . . . . . എന്നാണു് ഞാൻ പറയുന്നതു്. എന്തെന്നാൽ ഏററം സുകരമായതും, അനവധി പിതാക്കന്മാർ ഉപയോഗിച്ചിട്ടുള്ളതും, സത്യമായതും, രക്ഷാകരമായതും, കന്യകയിൽ നിന്നുള്ള ജനനത്തിനു് വളരെ യോജിച്ചതും ആയ ഒരു നാമം എല്ലാവരുടേയും രാജാവായ മിശിഹായുടെ മനുഷ്യാവതാരത്തെപ്പററി ഉപയോഗിക്കുന്നതിനേക്കാൾ എളുപ്പമായതു് വേറെ എന്തുണ്ടു്? ഇതു്, അപകടകരമല്ലാത്തതിനാൽ താങ്കളുടെ പരിശുദ്ധത ഇതു സ്വീകരിക്കാതിരിക്കുന്നതു ശരിയല്ല. പരസ്പര വിരുദ്ധങ്ങളായവ പഠിപ്പിക്കുക ലജ്ജാവഹമായിരിക്കുമെന്നു് താങ്കൾ ഇപ്പോൾ വിചാരിക്കയും വേണ്ട.. വി. പിതാക്കന്മാരും (തിരു) സഭയുടെ മല്പാന്മാരും വിശ്വസിച്ചിരിക്കുന്നതും, ഗ്രഹിച്ചിരിക്കുന്നതും തന്നെ, താങ്കളുടെ ബുദ്ധിയും വിശ്വസിക്കയും ഗ്രഹിക്കയും ചെയ്യുന്നുണ്ടെങ്കിൽ, (എന്തെന്നാൽ, എൻെറ നാഥാ! പലരിൽനിന്നും, നമ്മുടെ രണ്ടുപേരുടെയും സ്നേ

ഹിതന്മാരിൽ നിന്നും താങ്കളുടെ പരിശുദ്ധതയെപ്പററി ഇതാണ് ഞങ്ങൾ കേൾക്കുന്നത്) ഇത്ര അധികവും ഇത്ര വലുതും ആയ ബഹളവും തക്കവും താങ്കൾ നിമിത്തമുണ്ടായതായി നമ്മുടെ മുമ്പൽ കാണപ്പെടുന്ന ഈ സമയത്ത്, ഭക്തിപരമായ ആശയം തദനയോജ്യമായ പദത്താൽ വെളിപ്പെടുത്തുവാൻ താങ്കൾ എന്തിനു ഭയപ്പെടുന്നു?" (Mansi 4. 062. sq.)

വി. ക്രുറിലോസിൽനിന്നു ഔദ്യോഗികമായ അറിയിപ്പു കൈപ്പററുന്നതിനു മുമ്പായി നെസ്തോറീസ് അന്തിയോക്കിയായിലെ യോഹന്നാൻെറ ഈ ലേഖനം സ്വീകരിക്കുകയുണ്ടായി. അലക്സാന്ത്രിയാ പാത്രിയക്കീസു തന്നെയല്ലാ, അന്തിയോക്കിയാ പാത്രിയക്കീസും മാപ്പാപ്പായുടെ അധികാരം സ്വീകരിക്കുന്നു എന്നാണ് പ്രസ്തുത ലേഖനം വിശദമായി കാണിക്കുന്നത്. യോഹന്നാൻ നെസ്തോറീസിൻെറ സ്നേഹിതനും ക്രുറിലോസിൻെറ വിരോധിയും ആയിരുന്നു എന്നു വായനക്കാർ ധരിച്ചിരിക്കണം. മാപ്പാപ്പായുടെ പരമാധികാരം ക്രുറിലോസ് തൽക്കാലത്തേക്കു സ്വകാര്യലാഭത്തിനായി സൃഷ്ടിച്ച ഒന്നായിരുന്നു എന്നു പറയുന്നവർ ഈ സംഭവങ്ങളെല്ലാം നേരാംവണ്ണം വിചിന്തനം ചെയ്യട്ടെ. യോഹന്നാൻ ഈ ലേഖനമെഴുതിയപ്പോൾ തെയോഡൊറെററ്, അക്ലൊവ്യൂസ്, അപ്രിൻജിയൂസ്, ഹെലിയാദെസ്, മെലസിയൂസ്, മക്കാരിയൂസ് മതലായ പൌരസ്ത്യസഭാനേതാക്കന്മാർ അന്തിയോക്കിയായിലുണ്ടായിരുന്നു എന്നും പ്രസ്താവ്യമാണ്. (H. S. Scott. "The Eastern Churches and the Papacy. p. 163.)

റോമ്മായിലെ കല്പന കണ്ടശേഷം വി. ക്രുറിലോസ് നെസ്തോറീസുമായി വീണ്ടും എഴുത്തുകുത്തുകൾ നടത്തി. "..... റോമ്മാക്കാരുടെ മെത്രാനായ ഏററം പരിശുദ്ധ സെലസ്തീനോസിൻെറ ലേഖനത്തിൽ നിശ്ച

യിച്ചിരിക്കുന്ന സമയത്തിനകം താങ്കൾ (വേണ്ടവ) പ്രവർത്തിച്ചില്ലെങ്കിൽ മെത്രാന്മാരുമായി താങ്കൾക്കു മേലിൽ യാതൊരു സംബന്ധവുമുണ്ടാകയില്ലെന്ന് നിശ്ചയമായി താങ്കൾ അറിഞ്ഞാലും" എന്നത്രെ വി. കുറിലോസ്, നെസ്തോറിസിന് എഴുതിയതു്. (Ep. 17. MG 77. 10 . A.) ഇതേരീതിയിൽ അദ്ദേഹം ബൈസന്തിയായിലെ വൈദികക്കും അൾമേനികൾക്കും സന്യാസികൾക്കും എഴുതി. (Ep. 18.)

റോമ്മാക്കാരുടെ മെത്രാൻ എന്നുമാത്രം പറഞ്ഞിരിക്കുന്നതിൽനിന്ന് വി. ചെലസ്തീനോസിന്, റോമ്മാക്കാരുടെമേൽ മാത്രമേ അധികാരമുണ്ടായിരുന്നുള്ളു എന്ന് വി. കുറിലോസ് വിശ്വസിച്ചിരുന്നായി ചിലർ വാദിക്കുന്നു. റോമ്മാ മാർപാപ്പാ റോമ്മായുടെ മെത്രാൻ കൂടിയാണ്. അതിൽനിന്ന് അദ്ദേഹത്തിനു റോമ്മാക്കാരുടെമേൽ മാത്രമേ അധികാരമുള്ളു എന്നു അനുമാനിക്കുക അബദ്ധമായിരിക്കും. കൂടാതെയും വി. കുറിലോസിന്റെ മുൻലേഖനങ്ങൾ ഈ അനുമാനത്തിനു പ്രതികൂലങ്ങളാണെന്നും നാം കണ്ടു കഴിഞ്ഞു. വാദവിഷയമായ ഈ ലേഖനത്തിൽതന്നെയും കുറിലോസ് മാപ്പാപ്പായുടെ അധികാരം സ്വീകരിക്കുന്നതായി നാം കാണുന്നു.

മാപ്പാപ്പായുടെ കല്പനപ്രകാരം പ്രവർത്തിക്കുവാൻ നെസ്തോറിസ് വിസമ്മതിച്ചു. എന്നാൽ ഈ വിസമ്മതം മാപ്പാപ്പായുടെ പരമാധികാര നിഷേധത്തിൽ നിന്നു പുറപ്പെട്ടതായിരുന്നു. താൻ ഒരു സാർവ്വത്രിക സൂനഹദോസ് അനുസരണയോടെ പാർത്തിരിക്കുന്നു എന്നും അതിൽ വച്ച് തന്റെ വിശ്വാസം പരസ്യമാക്കിക്കൊണ്ട് കുറിലോസിന്റെ അപ്പോളിനാരിയൻ പാഷണ്ഡത വെളിപ്പെടുത്തിക്കൊള്ളാം എന്നും സൂത്രത്തിൽ അയാൾ വി. ചെലസ്തീനോസിനെഴുതി. (ML 50 499 sq) നെസ്തോറിസിന്റെ വിസമ്മതത്തിനുള്ള കാരണം റോമ്മാ മാപ്പാ

പ്പാ നൂതനമായ ഒരധികാരം പ്രയോഗിച്ചതാണെന്നുള്ള ചില ആധുനികന്മാരുടെ വാദത്തെ നെസ്തോറീസിൻെറ മേൽ സൂചിപ്പിച്ച ലേഖനം യുക്തിപൂർവ്വം ഖണ്ഡിക്കുന്നു. കൂടാതെയും, മാർപ്പാപ്പാ നൂതനമായ അധികാരം പ്രയോഗിച്ചെങ്കിൽ, നെസ്തോറീസിൻെറ സ്നേഹിതന്മാരായിരുന്ന അന്തിയോക്കിയായിലെ യോഹന്നാനാദിയായവർ ആ അധികാരപ്രയോഗത്തെ തടയാതെ അതിനു വശംവദനാകണമെന്ന് നെസ്തോറീസിനെ ഉപദേശിച്ചതെന്തിനു? നെസ്തോറീസു തന്നെയും, ഇല്ലാത്ത അധികാരം പ്രയോഗിച്ചു എന്ന കുററം സെലസ്തീനോസിൻെറ മേൽ ഒരിക്കലും ആരോപിച്ചിട്ടില്ല.

നെസ്തോറീസ്, മാർപ്പാപ്പായുടെ അധികാരം നിഷേധിച്ചില്ലാ എന്നതിനു വിരോധമായി കൊണ്ടുവരാവുള്ള ഒരു ന്യായം (ഏകന്യായം) അന്തിയോക്കിയാക്കാരനായ ഒരു കസുമാസിന് നെസ്തോറീസ് അയച്ച ഒരു എഴുത്തിൽ സെലസ്തീനോസിനെ നെസ്തോറിസ് നിസ്സാരനാക്കിയിരിക്കുന്നു എന്നതാണ്. ആ എഴുത്തിൽ നെസ്തോറീസ് ഇങ്ങനെ പറയുന്നു: "വിശ്വാസതത്വങ്ങളുടെ ശക്തി, ക്രമത്തോടെ ഗ്രഹിക്കുവാൻ ത്രാണിയില്ലാത്ത സാധുവായ റോമ്മായിലെ സെലസ്തീനോസിൻെറ പക്കലേക്ക് ക്രുറിലോസ് തിരിഞ്ഞു . . . അന്യരും സെലസ്തീനോസും അയാളുടെ വഞ്ചനയിൽപെട്ടുപോയി" (The Book of Heraclides p. 364. Translated by Driver and Hodgson.)

എന്നാൽ, സെലസ്തീനോസിന് അറിവു കുറവാണെന്നല്ലാതെ, തൻെറ മേൽ അധികാരമില്ലെന്ന് നെസ്തോറിസ് ഇവിടെ പ്രസ്താവിക്കുന്നില്ല. സെലസ്തീനോസിൻെറ പ്രവൃത്തി അധികാരം കടന്നതാണെന്നല്ല, പ്രത്യുത, ദുഷ്ട ക്രുറിലോസിൻെറ വഞ്ചനയിൽ അകപ്പെട്ടതിൻെറ ഫലമാണെന്നു മാത്രമത്രെ നെസ്തോറീസു പറയുന്ന

ത്തു്. വിശ്വാസ തത്വം താനുദ്ദേശിച്ചപ്രകാരം സെലസ്റ്റീനോസ് ഗ്രഹിക്കാതെ, കൂറിലോസു പറഞ്ഞപ്രകാരം ഗ്രഹിച്ചു് തന്നെ കുററക്കാരനാക്കിയെന്നും അതു് സെലസ്റ്റീനോസിന്റെ പാണ്ഡിത്യക്കുറവുകൊണ്ടാണെന്നും മാത്രമേ ഈ ലേഖനത്തിൽ നെസ്തോറീസ് പ്രതിപാദിക്കുന്നുള്ളൂ. കൂടാതെയും, നെസ്തോറീസിന്റെ തോൽവി അടഞ്ഞ സമയത്തെ മനസ്ഥിതി വെളിപ്പെടുത്തുന്ന ഒരു ലേഖനമാണിതു്. ആകയാൽ താൻ ഇതിനു മുമ്പു് അനുസരിച്ചിരുന്ന മാർപ്പാപ്പായുടെ പരമാധികാരത്തിനു വിരോധമായി എന്തെങ്കിലും ഇതിലുണ്ടെങ്കിൽ തന്നെയും അത്ര കാര്യമായി മതിക്കുവാൻ പാടുള്ളതല്ല.

നെസ്തോറിയൻ തർക്കങ്ങളുടെ ഉത്ഭവത്തിനു മുമ്പു് നെസ്തോറീസ് മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചു പ്രവർത്തിച്ചതായി മുകളിൽ സൂചിപ്പിച്ചിട്ടുണ്ടു്. മേലുദ്ധരിച്ച ലേഖനമെഴുതിയശേഷവും, നെസ്തോറീസ് ഈ വിശ്വാസം പല പ്രാവശ്യം പ്രകടിപ്പിച്ചിട്ടുണ്ടു്. തന്റെ ഈ ലോകജീവിതത്തിന്റെ അവസാനഘട്ടത്തിൽ സ്വയം ആരചിച്ചുകൊണ്ടു പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിൽ (Livre d'Heraclide - The Book of Heraclides) ഒന്നിലധികം പ്രാവശ്യം നെസ്തോറീസ് മാർപ്പാപ്പായുടെ പരമാധികാരം അനുസരിച്ചു പറഞ്ഞിരിക്കുന്നതായി കാണുന്നു. ഏകസ്വഭാവവാദം ആദ്യമായി പുറപ്പെടുവിച്ച എവുത്തിക്കോസിനെപ്പററി നെസ്തോറീസ് ഇപ്രകാരം പ്രസ്താവിക്കുന്നു.

"ഇതു മുമ്പെതന്നെ പരിശോധിക്കപ്പെടുകയും അയാളും വിധി സ്വീകരിക്കുകയും ചെയ്തിരുന്നു. റോമ്മാ മെത്രാൻ പ്രസ്താവിച്ച വിധിക്കു പുറമെ വേറെ വല്ല വിധിയോ പരിശോധനയോ ആവശ്യമുണ്ടായിരുന്നോ? എന്തുകൊണ്ടെന്നാൽ അദ്ദേഹം ഇരുകക്ഷിയും പ്രവർത്തി

ച്ചുവയെപ്പററി അറിഞ്ഞപ്പോൾ ഒരു കക്ഷിയെ സ്തുതിച്ചു. മറേറക്കക്ഷിയെ സംബന്ധിച്ചേടത്തോളം വൃഥാ ഒരു വിധി അവരുടെമേൽ പ്രസ്താവിക്കയല്ലാ, പ്രത്യുത ദൈവനിവേശത്താൽ അവരെ ശപിക്കയാണ് അദ്ദേഹം ചെയ്തതു്. റോമ്മാമെത്രാനെപ്പററി ആശങ്കയുണ്ടായപ്പോൾ അവർ അലക്സാന്ത്രിയാമെത്രാനെ ആശ്രയിച്ചു. അവരെ അനുഗമിക്കുവാൻ അയാൾക്കു മനസ്സുണ്ടായിരുന്നതിനാലും, അയാൾ ബൊസന്തിയാ മെത്രാൻെറ ശത്രുവായിരുന്നതിനാലും ആണ് ഇതു് (സംഭവിച്ചതു്)" (The Book of Heraclides, Driver and Hodgson p. 345.)

റോമ്മാമെത്രാൻെറ വിധി അവസാനവിധിയായും, അദ്ദേഹത്തിൻെറ ശാപം ദൈവനിവേശിതമായ ഒന്നായും നെസ്തോറീസു പരിഗണിച്ചിരിക്കുന്നതു സൂക്ഷിച്ചാലും. പരമാധികാരവും അപ്രമാദിത്വവുമല്ലയോ ഇവിടെ മറഞ്ഞുകിടക്കുന്ന രണ്ടു സത്യങ്ങൾ? ഇതേ ആശയങ്ങൾതന്നെ പ്രസ്തുത പുസ്തകത്തിൻെറ പല ഭാഗങ്ങളിൽ കാണപ്പെടുന്നുണ്ടു്. 449—ൽ ദിയസ്കോറോസു നടത്തിയ തസ്കരസംഘത്തെ ആക്ഷേപിച്ചുകൊണ്ടു് റോമ്മായുടെ പരമാധികാരം നെസ്തോറീസു ഇപ്രകാരം അനുസരിച്ചുപറയുന്നു: "റോമ്മാമെത്രാനോ, പത്രോസിൻെറ സിംഹാസനമോ, ശ്ലൈഹികബഹുമാനമോ, റോമ്മാക്കാർ സ്നേഹിക്കുന്ന പരമാധികാരമോ അവിടെയില്ലായിരുന്നു." (ni le chef ai me des Romains). Loofs, Nestoriana p. 302.

അന്തിയോക്കിയാക്കാരൻ കുസുമോസിനയച്ച ലേഖനം ഈ പുസ്തകത്തിൽ തന്നെയാണ് ചേർത്തിരിക്കുന്നതെന്നു പ്രസ്താവിച്ചുകൊള്ളുന്നു. ഈ പുസ്തകത്തിൻെറ പലഭാഗങ്ങളിൽ സെലസ്തീനോസിൻെറ ബലഹീനതയെയും നിഷ്കളങ്കതയെയും പററി നെസ്തോറീസു പ്രതിപാദിക്കുന്നുണ്ടു്.

ഇതിൽനിന്നെല്ലാമുള്ള അനുമാനം, സെലസ്തീനോസിന് റോമ്മാമാർപ്പാപ്പാ എന്ന നിലയിലുണ്ടായിരുന്ന അധികാരം നെസ്തോറീസു നിഷേധിച്ചിരുന്നില്ലാ എന്നാകുന്നുവല്ലൊ. വല്ലസമയത്തും നിഷേധിച്ചെങ്കിൽ അതു് തനിക്കു പ്രതികൂലമായ ഒരു വിധിയുണ്ടായപ്പോൾ മാത്രമാണെന്നും, ആ വിധി നെസ്തോറിനിന്റെ സ്നേഹിതനായ അന്തിയോക്കിയാ പാത്രിയർക്കീസും മററു പൌരസ്ത്യമെത്രാന്മാരും സ്വീകരിച്ചിരുന്നപ്പോഴാണ് ആ നിഷേധം നടന്നതെന്നും (നിഷേധം നടന്നെങ്കിൽ) ധരിച്ചാൽ "നെസ്തോറിയൻ വിസമ്മതം" മാർപ്പാപ്പായുടെ പരമാധികാരത്തിനു വിരോധമായി ആരും എടുത്തുകാണിക്കുമെന്നു തോന്നുന്നില്ല. ഇതുമല്ലാ, 451-ൽ കൽക്കിദോനിയാ സൂനഹദോസിന്റെ ഇടക്ക് നെസ്തോറിസു സ്വയം ആദരിച്ചുകൊണ്ടു റോമ്മായിലെ ലെയോൻ മാർപ്പാപ്പായുടെ പക്കൽ അപ്പീൽ ബോധിപ്പിക്കുകകൂടി ചെയ്തിട്ടുണ്ടു്. (Livre d'Heraclide p. 45)

റോമ്മായിലെ കല്പനപ്രകാരം പ്രവൃത്തിക്കുവാൻ നെസ്തോറീസു വിസമ്മതം പ്രദർശിപ്പിക്കയാൽ തനിക്കു ഭരമേൽപ്പിക്കപ്പെട്ടിരുന്ന പരസ്യമായ വിധിപ്രസ്താവം നടത്തുവാൻ വി. കൂറിലോസു നിർബ്ബന്ധിതനായി. അദ്ദേഹം അലക്സാന്ത്രിയായിൽ ഒരു സൂനഹദോസു കൂട്ടുകയും റോമ്മായിലെ "സിംഹാസനത്തിന്റെ അധികാരം അവലംബിച്ചുകൊണ്ടും" റോമ്മായിലെ സെലസ്തീനോസിന്റെ "സ്ഥാനത്തും" നെസ്തോറിസിന്റെ അബദ്ധോപദേശങ്ങളെ ശപിക്കുന്നവയായ 12 ശാപോച്ചാരണങ്ങൾ നെസ്തോറിസിന്റെ പക്കൽ അയക്കുകയും ചെയ്തു. മാതൃകയ്ക്കായി ഒന്നാമത്തെ ശാപത്തിന്റെ തർജ്ജമ താഴെ ചേർക്കുന്നു.

"അമ്മാനുവേൽ സാക്ഷാൽ ദൈവമാണെന്നും, ഈ കാരണത്താൽ പിതാവിന്റെ മനുഷ്യാവതാരംചെ

യുടെ വചനത്തെ മാംസത്തിൽ പ്രസവിച്ച പരിശുദ്ധ കന്യക, സാക്ഷാൽ ദൈവമാതാവാണെന്നും അനുസരിക്കാത്തവർ ശപിക്കപ്പെട്ടവനാകട്ടെ" (Hofole-Loc'orquo II. I. p. 269-278.)

സെലസ്തീനാസിൽ നിന്ന് അധികാരം പ്രാപിക്കുന്നതിനു മുമ്പ് പരസ്യമായി നെസ്തോറീസിനെ ശപിക്കാതിരുന്ന ക്യൂറിലോസ് തദധികാരം പ്രാപിച്ച ഉടനെ നെസ്തോറീസിന്റെ അനുസരണക്കേടുകൾ അയാളെ ഔദ്യോഗികമായി ശപിക്കുന്നതു കണ്ടാലും. (അന്നു) പ്രസ്താവിച്ച ശാപോച്ചാരണങ്ങൾ തന്നെയാണ് മേൽപറമായി, 431—ൽ നടന്ന എഫേസൂസിലെ സാർവ്വത്രിക സുന്നഹദോസിന്റെ കാനോനാകളായി പരിണമിച്ചതെന്ന് എഫേസൂസ് സുന്നഹദോസ് സ്വീകരിക്കുന്ന യാക്കോബായക്കാരാലിനായ അംഗത്താലിക്കരിൽ എത്രപേർ ഗ്രഹിച്ചിട്ടുണ്ടായിരിക്കും? ക്യൂറിലോസ് പ്രയോഗിച്ച അധികാരം ഏതു പ്രകാരമുള്ളതായിരുന്നെന്നും ആരിൽ നിന്നുള്ളതായിരുന്നെന്നും മുകളിൽ വിവരിച്ചിട്ടുണ്ടല്ലോ.

അലക്സാന്ത്രിയായിൽ നിന്നു കൈപ്പററിയ 12 ശാപങ്ങൾ കണ്ടപ്പോൾ 12 പ്രതിശാപങ്ങളാൽ നെസ്തോറീസ് ക്യൂറിലോസിനെ നേരിട്ടു. നെസ്തോറീസിന്റെ ഈ പ്രവൃത്തി കുറെ ലഘൂകരിക്കപ്പെടുവാൻ പാടുള്ള ഒന്നാണ്. എന്തുകൊണ്ടെന്നാൽ സൈാസന്തിയായും അലക്സാന്ത്രിയായും തമ്മിലുണ്ടായിരുന്ന പൂർവ്വിക ശത്രുത ഈ വിഷയത്തിലുമുണ്ടെന്നു നെസ്തോറീസ് ബലമായി സംശയിച്ചിരുന്നു. ക്യൂറിലോസിന്റെ മുൻഗാമിയായിരുന്ന അലക്സാന്ത്രിയായിലെ തെയോഫീലൂസ് ബൈസന്തിയാ സിംഹാസനത്തിൽ നിന്ന് വി. ക്രിസോസ്തോമസിനെ അന്യായമായി ബഹിഷ്കരിച്ചതിന്റെ ഓർമ്മ നെസ്തോറീസിനുണ്ടായിരുന്നു. ഇതു കഠിനകൃത്യം പ്രവർത്തിച്ച തെയോഫീ

ലൂസിൻെറ മരുമകനായിരുന്ന നമ്മുടെ വി. ക്കുറിലോസ്. വി. ക്രിസോസ്തോമോസിനു വിരോധമായി തേ ഫീലൂസ് വിളിച്ചുകൂട്ടിയ 'ഓക്ക' സൂനഹദോസിൽ വി. ക്കുറിലോസും സംബന്ധിക്കയുണ്ടായി. വി. ക്കുറിലാസു തന്നെയും 417-നു ശേഷം മാത്രമേ, വി. ക്രിസോസ്തോമോസിൻെറ നാമം കുർബാനയിൽ ചൊല്ലി തുടങ്ങിയൊള്ളു. ("തുബ്ദേനി"ൽ Diptych). (cf. Galtier S. J De Incarnatione ac Redemptione No 102.). ഈ സാഹചര്യങ്ങളെല്ലാം നെസ്തോറീസിനെ വല്ലാതെ ക്ഷോഭിപ്പിച്ചിരുന്നു. വി. കുറിലോസിൻെറ ശാപങ്ങൾ കൈപ്പററിയശേഷം ചെയ്ത ഒരു പ്രസംഗത്തിൽ നെസ്തോറീസ് ഇതെല്ലാം വിവരിച്ചു പറയുകയുണ്ടായി. അതിൽ എജിപ്തുകാരെ ഒന്നാകെ സംബോധനചെയ്തുകൊണ്ട് നെസ്തോറീസ് ഇങ്ങനെ പറയുന്നു. "ക്ഷോഭിച്ചിട്ട കാര്യമില്ലെന്ന് മൂശെ എന്നെ ഉപദേശിച്ചിരിക്കുന്നു. . . . നീ നിനക്കുള്ളതാണ് ദാനം ചെയ്യുന്നതു്. നല്ല മനുഷ്യൻ നല്ല ഭണ്ഡാഗാരത്തിൽ നിന്നു നല്ലവയെ പുറപ്പെടുത്തുന്നു. ചീത്ത മനുഷ്യൻ മോശമായ ഭണ്ഡാഗാരത്തിൽനിന്നു മോശമായവയെ പുറപ്പെടുത്തുന്നു; ഇപ്രകാരമുള്ള നിൻെറ ദാനങ്ങളുടെ രുചി വിശുദ്ധനായ നെക്താരിയൂസിനെ നീ അനുഭവിപ്പിച്ചു. യോഹന്നാ (ക്രിസോസ്തോമോസി) നെപ്പററി ഞാൻ ഒന്നും പറയുന്നില്ല. നിർബന്ധപ്പെട്ടുകൊണ്ട് അദ്ദേഹത്തിൻെറ അസ്ഥികളെ നീ ഇപ്പോൾ സംപൂജ്യമായി വണങ്ങുന്നുണ്ടല്ലൊ." (PG. 48, 581 582).

ക്കുറിലോസ്, അതേ, ആ അലക്സാന്ത്രിയൻ, തൻെറ മേൽ അധികാരം നടത്തുന്നല്ലാ എന്നതു് നെസ്തോറീസിന് വളരെ ഉത്സാഹമായിതോന്നി. ഇരുകക്ഷിയും ഉപയോഗിച്ചിരുന്ന ഭാഷ അന്യോന്യം നല്ലപോലെ മനസ്സിലാകാഞ്ഞതിനാലും വളരെ കുഴപ്പങ്ങൾ നേരിട്ടിരുന്നു. ഈ കാരണങ്ങളെല്ലാം പരിശോധിച്ചാൽ നെസ്തോറീ

സിൻെറ പ്രവൃത്തി സ്വല്പം ലഘൂകരിക്കപ്പെടാമെന്നു വിശദമാകും. എങ്കിലും ഫലത്തിൽ ഫലനമായ ഒന്നുതന്നെയായിരുന്നു. എന്തുകൊണ്ടെന്നാൽ അയാളുടെ ഉപദേശം തെററായിരുന്നു. സത്യവിശ്വാസം ഇന്നതാണെന്ന് ഏററം തെളിവായി അന്യോന്യം മനസ്സിലാക്കത്തക്ക ഭാഷയിൽ വി. ക്രിലോസ് പ്രസ്താവിച്ചതു തന്നേയായിരുന്നു നെസ്തോറീസ് നിഷേധിച്ചതു്. അതു നിമിത്തമാണ് റോമ്മാ അയാളെ കുററക്കാരനായി വിധിച്ചതും. (cf. Fritne Nestorius revera Nestorians Gregorianum o. c.) റോമ്മായിൽ നിന്നു പുറപ്പെട്ട ന്യായമായ അധികാര പ്രയോഗത്തിന്- അയാളും അനുസരിച്ചിരുന്ന അധികാരപ്രയോഗത്തിന്- അയാൾ കീഴ്പ്പെടേണ്ടതായിരുന്നു. ക്രിലോസ് ശത്രുവായിരുന്നെങ്കിലും, ശത്രുവിൻെറ മുമ്പിൽ വച്ച് തെററനുസരിക്കുക പ്രയാസമായിരുന്നെങ്കിലും, ശത്രു ആ സന്ദർഭത്തിൽ ന്യായമായി അധികാരം പ്രവർത്തിക്കുക നിമിത്തം ശത്രുവിൻെറ നിർദ്ദേശങ്ങളനുസരിച്ചു നെസ്തോറിസ് പ്രവർത്തിക്കേണ്ടതായിരുന്നു. എന്തുകൊണ്ടെന്നാൽ ആ നിർദ്ദേശങ്ങളെല്ലാം ന്യായമായ അധികാരസ്ഥാനത്തു നിന്നുള്ളവയായിരുന്നു. ക്രിലോസിൻെറ ഭാഗത്തു നിന്ന്, അവിവേകത്തോടെയൊ ശത്രുവിനെ താഴ്ത്തിയതിലുള്ള സന്തോഷത്തോടെയൊ യാതൊന്നും സംഭവിക്കാൻ പാടില്ലായിരുന്നു എന്ന് ആരും വാദിക്കുന്നില്ല.

കുറെ മാസങ്ങൾ അസമാധാനപരമായ വാദപ്രതിവാദങ്ങളിൽ കഴിഞ്ഞുകൂടിയപ്പോൾ, സമാധാനപരിപാലനാർത്ഥം ഒരു സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടണമെന്ന് ബൈസന്തിയായിലെ രണ്ടാം തെഒദോസിയൂസ് ചക്രവർത്തിക്കു ആഗ്രഹമുണ്ടായി. നെസ്തോറീസിൻെറ ആഗ്രഹം ആരംഭം മുതൽ ഇതുതന്നെയായിരുന്നല്ലൊ. തൻെറ സ്നേഹിതനും തൻെറ കച്ചേരിമെത്രാ

ന്മാരിൽ അഗ്രഗണ്യരും ആയ നെസ്തോറീസിനു വന്നുഭവിച്ച അപമാനം ചക്രവർത്തിക്കും ദുസ്സഹമായിരുന്നു.

സൂനഹദോസ് നടത്തുന്നതിൽ റോമ്മായിലെ സെലസ്തീനോസ് വിസമ്മതം പ്രദർശിപ്പിച്ചില്ല. എന്നാൽ പ്രതിനിധികൾ വഴിയായി മാത്രമെ താൻ അതിൽ സംബന്ധിക്കയുള്ളു എന്നും, യാതൊരു നൂതനത്വത്തിനും അതിൽ ഇടമുണ്ടാകരുതെന്നും, യാതൊരു വിധത്തിലും തിരുസഭയിൽ സമാധാനലംഘനം ഉണ്ടാകരുതെന്നും, രാഷ്ട്രത്തേക്കാൾ മതത്തിനു പ്രാധാന്യം കല്പിക്കപ്പെടണമെന്നും വി. സെലസ്തീനോസ് അധികാരപൂർവ്വം തെയൊദോസിയൂസ് ചക്രവർത്തിക്ക് രേഖാമൂലം അറിവുകൊടുത്തു. (Hardouin Tom. II. p. 1473). തെയൊദോസിയൂസ് ചക്രവർത്തിയും പാശ്ചാത്യ ചക്രവർത്തിയായിരുന്ന മൂന്നാം വലന്തീനിയനും കൂടി മെത്രാന്മാർക്ക് ക്ഷണമയച്ചു. 431 ജൂൺ 22-ൽ സൂനഹദോസ് ആരംഭിച്ചു.

---

## ആറാം അദ്ധ്യായം.

---

### എഫേസൂസ് സൂനഹദോസ്—ഒന്നാം യോഗം.

എഫേസൂസ് സൂനഹദോസിൻെറ ഒന്നാം യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചതു് വി. ക്കുറീലോസായിരുന്നു എന്നതിൽ തർക്കമില്ല. എഫേസൂസിലെ നടപടികളെപ്പററി നെസ്തോറീസ് പറയുന്നതിപ്രകാരമാണ്.

"വിധിയാളൻ ആരായിരുന്നു? ക്കുറീലോസ്. വാദി ആരായിരുന്നു? ക്കുറീലോസ്. റോമ്മാ മെത്രാൻ ആ

രായിരുന്നു? കൂറിലോസ്, കൂറിലോസ് എല്ലാം ആയിരുന്നു. കൂറിലോസ് അലക്സാന്ത്രിയാ മെത്രാനായിരുന്നു. റോമ്മാമെത്രാനായിരുന്ന വിശുദ്ധനും ഭക്തനുമായ സെലസ്തീനോസിൻെറ സ്ഥാനം അയാൾ സ്വീകരിച്ചു.”

(The Book of Horaclidos
(English Translation) p. 327.)

കൂറിലോസ് അന്യായമായി തന്നോടു പ്രവർത്തിച്ചെന്നും തൻെറ വാദം ശരിയായി കേട്ടില്ലെന്നും മററും നെസ്തോറീസ് ഇവിടെ മുറവിളി കൂട്ടുന്നുണ്ടെങ്കിലും, റോമ്മാമെത്രാന് ശ്രേഷ്ഠാധികാരമുണ്ടെന്നും ആ അധികാരത്തിൻെറ ശക്തിയാൽ കൂറിലോസിന് സൂന്നഹദോസിൽ വളരെ പ്രാധാന്യമുണ്ടായിരുന്നെന്നും ഈ വാക്യങ്ങളാൽ അയാൾ സമ്മതിച്ചു പറയുന്നു. സൂന്നഹദോസിൻെറ എല്ലാ യോഗങ്ങളിലും കൂറിലോസുതന്നെയായിരുന്നു പ്രധാനാദ്ധ്യക്ഷൻ എന്നു ഈ വാക്യങ്ങളിൽനിന്നു അനുമാനിക്കരുതോ?

നെസ്തോറീസിൻെറ അബദ്ധത്തെ ശപിച്ച് സത്യവിശ്വാസം നിർണ്ണയം ചെയ്തപ്പോൾ ആ നിർണ്ണയത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ ഒരു സാർവ്വത്രിക സൂന്നഹദോസു കൂടേണ്ട ആവശ്യമുണ്ടെന്നു വി. സെലസ്തീനോസു വിചാരിച്ചിരുന്നില്ല. തനിക്കുതന്നെ “ദൈവത്തിൻെറവിധി” അഥവാ പ്രമാദരഹിതമായ ഒരു വിധി തത്ര നിർണ്ണയം ചെയ്തു കല്പിക്കുവാൻ പാടുണ്ടെന്നു സെലസ്തീനോസ് വിശ്വസിച്ചുപ്രവർത്തിക്കയാണ് ആ സന്ദർഭത്തിൽ ചെയ്തതു്. വി. കൂറിലോസിൻെറയും മററു പൌരസ്ത്യമെത്രാന്മാരുടെയും വിശ്വാസം ഇതുതന്നെയായിരുന്നു എന്നു മുകളിൽ പ്രസ്താവിച്ചവ ധാരാളം തെളിയിക്കുന്നുണ്ട്. ഇത്ര ഗൌരവമേറിയ ഒരു സംഗതിയുടെ കൂടുതൽ തെളിവിനായി, സെലസ്തീനോസിൻെറ ലേഖനങ്ങളിൽ

നിന്നു മുകളിൽ ഉദ്ധരിക്കാതെ വിട്ടിരിക്കുന്ന ഏതാനും ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു.

നെസ്റ്റോറിസിനുള്ള ലേഖനത്തിൽ ഇങ്ങനെ കാണുന്നു.

"അലക്സാന്ത്രിയാ സഭയുടെ മെത്രാന്റെ വിശ്വാസം നമുക്കു ബോദ്ധ്യമായിരിക്കുന്നു. നാം അതിനെ അംഗീകരിക്കയും ചെയ്യുന്നു. താങ്കൾ അദ്ദേഹത്താൽ ഉപദേശിക്കപ്പെട്ടു വീണ്ടും നമ്മോടുകൂടെ വിശ്വസിക്കണം."

(Mansi 4. 1034)

വി. കൂറിലോസിനുള്ള ലേഖനത്തിലെ ഒരു ഭാഗം ഇങ്ങനെയാണ്.

"സഭയിൽ ഉണ്ടായിരിക്കുന്ന ബഹളങ്ങളെ, സഹോദരന്മാരുടെ വന്ദനീയമായ ആലോചനയോടെ ശമിപ്പിക്കേണ്ട കടമ നിങ്ങളുടെ പരിശുദ്ധതക്കുണ്ട്. ആവശ്യപ്പെട്ടിരിക്കുന്ന തിരുത്തലോടെ, കാര്യം അവസാനിപ്പിക്കപ്പെട്ടു എന്നു നമ്മെ അറിയിക്കണം."

(Mansi 4. 1202.)

സാർവ്വത്രിക സുനഹദോസു കൂടാതെ പ്രമാദരഹിതമായ വിധി വിശ്വാസവിഷയത്തിൽ കല്പിക്കുവാൻ തനിക്കു പാടുണ്ടെന്നായിരുന്നു വി. സെലസ്തീനോസിന്റെ വിശ്വാസം. അദ്ദേഹം അവസാന തീരുമാനം ചെയ്ത ഒരു വിഷയത്തിൽ വീണ്ടും ഒരു തീരുമാനം ചെയ്യേണ്ട ആവശ്യമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസമെങ്കിൽ, അങ്ങിനെയുള്ള ഒരു തീരുമാനത്തെ ഉദ്ദേശിച്ചല്ലായിരുന്നു അദ്ദേഹം സുനഹദോസു കൂട്ടുവാൻ സമ്മതം നൽകിയതെന്നു സ്പഷ്ടമാകുന്നു. സത്യവിശ്വാസം കുറെക്കൂടി പ്രത്യക്ഷമായി പ്രകാശിക്കുവാൻ ആ സാർവ്വത്രിക സുനഹദോസ് ഒരു മാർഗ്ഗമാകുമെന്നു കരുതിയല്ലാതെ, തന്റെ തീരുമാനം അബദ്ധമായേ

ക്കാമെന്ന ഭയത്തോടൊ സംശയത്തോടൊ അല്ല സെലസ്തീനോസ് സൂനഹദോസു കൂട്ടുവാൻ സമ്മതം നൽകിയതു്. ഇതു സംബന്ധമായി കൂടുതൽ തെളിവുകൾ പിന്നീടു ഹാജരാക്കിക്കൊള്ളാം. മാപ്പാപ്പായിക്കു തനിച്ചുള്ളതുപോലെതന്നേ, മാപ്പാപ്പായോടു യോജിച്ചു പഠിപ്പിക്കുമ്പോൾ മററു മെത്രാന്മാൎക്കും (സാൎവ്വത്രിക സൂനഹദോസിനും) അപ്രമാദിത്വം ഉണ്ടായിരിക്കുന്നു എന്നുള്ള കത്തോലിക്കാ ഉപദേശം പ്രകൃതത്തിൽ തെളിഞ്ഞു കാണപ്പെടുന്നില്ലയോ എന്നു് വായനക്കാർ പരിശോധിച്ചുനോക്കട്ടെ. സെലസ്തീനോസ് സൂനഹദോസിനയച്ച ലേഖനവും, തൻെറ പ്രതിനിധികളായി സൂനഹദോസിലേക്കയച്ചവൎക്കു് അദ്ദേഹം നൽകിയ ഉപദേശങ്ങളും അപ്രമാദിത്വം സംബന്ധിച്ചു് കത്തോലിക്കാസഭയുടെ മേൽ പ്രസ്താവിച്ച ഉപദേശത്തെ വിശദമാക്കുകതന്നെ ചെയ്യുന്നു.

സൂനഹദോസിന് സെലസ്തീനോസിപ്രകാരമെഴുതി:—

"വാദത്തിൽ സന്നിഹിതരാകുവാനും മുമ്പേതന്നെ നമ്മാൽനിശ്ചയിക്കപ്പെട്ടവ നടപ്പിൽവരുത്തുവാനും

---

പട്ടത്വത്തിൽ നമ്മുടെ വിശുദ്ധ സഹോദരന്മാരായ അൎക്കാദിയൂസ്, പ്രൊജെക്തൂസ് എന്ന മെത്രാന്മാരേയും, പിലിപ്പോസ് എന്ന പട്ടക്കാരനേയും നമ്മുടെ ശ്രദ്ധ നിമിത്തം നാം അയക്കുന്നു. തീരുമാനിക്കപ്പെട്ടവ സഭയുടെ രക്ഷയ്ക്കായിട്ടാണെന്നു കാണുമ്പോൾ നിങ്ങളുടെ പരിശുദ്ധത അവയുടെ നിൎവ്വഹണത്തിന്നു സമ്മതിക്കുമെന്നു നാം സംശയിക്കുന്നില്ല". (Mansi. 4.1287,)

സെലസ്തീനോസ് പ്രതിനിധികൾക്കു കൊടുത്ത ഉപദേശങ്ങൾ:

"സൂനഹദോസിൽ നിങ്ങൾ ഹാജരായിരിക്കണം.

തക്കമുണ്ടായാൽ അതിൽ പ്രവേശിക്കരുത്. മററുള്ളവരുടെ അഭിപ്രായങ്ങൾ സംബന്ധിച്ച് നിങ്ങൾ വിധിപ്രസ്താവിക്കണം." അവർ ക്രൂറിലോസിനോടു യോജിച്ചുപ്രവർത്തിക്കണമെന്നും, എന്നാൽ അതേസമയംതന്നെ ശ്ലൈഹിക സിംഹാസനത്തിൻെറ അവകാശങ്ങൾ കേടുകൂടാതെ പാലിക്കണമെന്നും, സൂനഹദോസ് അതിൻെറ കടമ നിർവ്വഹിച്ചു കഴിയുമ്പോൾ, സത്യവിശ്വാസം ജയിക്കുകയാണെങ്കിൽ ക്രൂറിലോസിൻെറ ഒരുമിച്ച് ബൊസന്തിയായിൽ എത്തി തൻെറ ശ്ലൈഹിക ലേഖനങ്ങൾ ചക്രവർത്തിയെ കാണിക്കണമെന്നും സെലസ്തീനോസ് തൻെറ പ്രതിനിധികളോടു കല്പിച്ചു. (Mansi. 4-556; Hardonin I. p. 347.)

സത്യവിശ്വാസമെന്തെന്ന് സെലസ്തീനോസ് മുമ്പേതന്നെ തീരുമാനിച്ചിരുന്നെന്നും, സൂനഹദോസ് ആ തീരുമാനത്തെ ഇളക്കുന്ന ഒന്നായിരിക്കുകയില്ലെന്നും, സൂനഹദോസിൽ ആ സത്യവിശ്വാസം വിജയശ്രീയോടെ പ്രഖ്യാപനം ചെയ്യേണ്ടതേയുള്ളു എന്നും ഈ ഉപദേശങ്ങളിൽനിന്നു വ്യക്തമാകുന്നു. സെലസ്തീനോസിൻെറ തീരുമാനം സാഘോഷം നടപ്പിലാക്കുക എന്നതായിരുന്നു സൂനഹദോസിൻെറ ഏകോദ്ദേശ്യമെന്ന് ഇതിൽനിന്നെല്ലാം തെളിയുന്നു. മെത്രാന്മാരെല്ലാവരും അഥവാ പാത്രിയർക്കീസന്മാരെല്ലാവരും സമന്മാരാണെന്നും അവരുടെ ഭൂരിപക്ഷത്തിനാണ് സാർവ്വത്രിക സൂനഹദോസിൽ അപ്രമാദിത്വമെന്നും വാദിക്കുകയും, എഫേസൂസ് സൂനഹദോസ് അപ്രമാദിത്വമുള്ള ഒരു സാർവ്വത്രിക സൂനഹദോസായി സ്വീകരിക്കയും ചെയ്യുന്ന അകത്തോലിക്കർ എഫേസൂസ് സൂനഹദോസിൻെറ ചരിത്രം കൂലംകഷമായി പരിശോധിക്കണമെന്ന് ഒരപേക്ഷയുണ്ട്. മേൽപ്രസ്താവിച്ച കത്തോലിക്കാ വാദങ്ങളെ സൂനഹ

ദോസ് നടപടികൾ സ്ഥിരീകരിക്കമാത്രമാണ് ചെയ്യുന്നത്.

431 ജൂൺ 22-ാംനു-യാണ് സൂനഹദോസാരംഭിച്ചതു്. സൂനഹദോസിനുമുമ്പായി ക്രിലോസ് സെലസ്തീനോസിന് ഒരു ലേഖനമയച്ചു. ഈ ലേഖനം ഇപ്പോൾ നമ്മുടെ കൈവശമില്ലെങ്കിലും, 431 മെയ് 7-ൽ സെലസ്തീനോസ്, ക്രിലോസിനുകൊടുത്ത മറുപടിയിൽനിന്നു താഴെ ഉദ്ധരിക്കുന്ന ഭാഗം ക്രിലോസിന്റെ ലേഖനത്തിലെ സാരം എന്തായിരുന്നു എന്നു വിശദമാകുന്നുണ്ട്.

സെലസ്തീനോസ് പറയുന്നു:—

"സൂനഹദോസുപദേശിക്കുന്നതു ശപിക്കുന്ന ഒരു മനുഷ്യനെ സൂനഹദോസ് സ്വീകരിക്കണമോ, അതോ, അവധിയുടെ സമയം കഴിഞ്ഞിരിക്കയാൽ, മുമ്പേതന്നെ പ്രസ്താവിക്കപ്പെട്ട വിധി ശക്തിയിൽതന്നെ ഇരിക്കുന്നതായി കരുതേണമൊ എന്ന് താങ്കൾ ചോദിക്കുന്നു".
(Mansi 4-1292).

ദൈവം പാപിയുടെ മരണം ആഗ്രഹിക്കാത്തതുപോലെ താനും ആഗ്രഹിക്കുന്നില്ലെന്നും സഭയിൽ സമാധാനം പാലിക്കുവാനും നെസ്തോറീസിനെ മാനസാന്തരപ്പെടുത്തുവാനും ക്രിലോസ് സർവ്വശ്രമവും ചെയ്യണമെന്നും സെലസ്തീനോസ് പ്രസ്തുത ലേഖനത്തിൽ തുടർന്നു പറയുന്നു. (cf. Hefele, Councils III. p. 41-42.)

പത്തുദിവസത്തിനകം നെസ്തോറീസ് തന്റെ അബദ്ധം പിൻവലിക്കണമെന്ന് സെലസ്തീനോസു കൊടുത്ത കല്പന എഫേസൂസ് സൂനഹദോസിനെ സംബന്ധിച്ചെടത്തോളം അവഗണിക്കപ്പെട്ടു എന്നും, അതു് പരമാധികാരവാദത്തെ ദുർബലമാക്കുന്നു എന്നും ഡോക്ടർ പേർസിവാൾ (Dr. Percival) പുറപ്പെടുവിക്കുന്ന അഭിപ്രാ

യം കഥയില്ലാത്തതാണെന്ന് സൂനഹദോസിന്റെ നടപടി സംബന്ധിച്ച ക്രുറിലോസ് ചെയ്ത പ്രസ്തുത ചോദ്യം വിശദമാക്കുന്നു.

എന്നാൽ, ക്രുറിലോസിന്ന സെലസ്തിനോസയച്ച ലേഖനം സൂനഹദോസു തുടങ്ങിയ ശേഷം മാത്രമേ (൨-ാം യോഗത്തിൽ) ക്രുറിലോസിന്റെ പക്കൽ ചെന്നെത്തിയുള്ളു. (Chapman. "Bishop Gore and the Catholic Claims p. 90). ഇതിന്നുള്ള കാരണം, സൂനഹദോസിൽ സംബന്ധിക്കുവാൻ മാപ്പാപ്പാ അയച്ചിരുന്ന പ്രതിനിധികൾ കടൽക്ഷോഭം നിമിത്തം തക്കസമയത്തു എഫേസൂസിൽ എത്തിയില്ല എന്നതാണ്. അവരുടെ കൈവശമായിരുന്നു പ്രസ്തുത ലേഖനം.

മാപ്പാപ്പായുടെ പക്കൽ നിന്ന് യാതൊരറിയിപ്പും കിട്ടാതിരുന്നതിനാൽ സൂനഹദോസിൽ ആദ്ധ്യക്ഷം വഹിക്കേണ്ട ഭാരം തനിക്കാണെന്നു ക്രുറിലോസു, വിചാരിച്ചു പ്രവർത്തിച്ചതിൽ യാതൊരു തെററുമുണ്ടെന്നു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ അലക്സാന്ത്രിയായിക്കുസഭാ രണ്ടാം സ്ഥാനം ക്രൈസ്തവലോകത്തിലുണ്ടായിരുന്നു. അതിന്നും പുറമേ, മാപ്പാപ്പായുടെ വിധി "ദൈവത്തിന്റെ വിധി" തന്നെയായി അദ്ദേഹം കൈപ്പററിയിട്ടുമുണ്ടായിരുന്നു. മാപ്പാപ്പായുടെ പക്കൽ നിന്നു യാതൊരു അറിയിപ്പും കിട്ടാതിരുന്ന സമയത്ത്, മാപ്പാപ്പായുടെ തീരുമാനം നടപ്പിലാക്കേണ്ട ചുമതല തനിക്കാണെന്നു വിചാരിച്ച് ക്രുറിലോസ് മുമ്പിട്ടു പ്രവർത്തിച്ചതിൽ എന്താണ് ന്യായരഹിതമായിട്ടുള്ളത്? നെസ്തോറീസിന്റെ മേൽ പരസ്യവിധി പ്രസ്താവിക്കണമെന്നു തനിക്കു മുമ്പു കിട്ടിയിരുന്ന കല്പനയുടെ ഒരു തുടർച്ചയായി മാത്രമേ സൂനഹദോസു കൂട്ടുവാനുള്ള കല്പനയും ക്രുറിലോസു പരിഗണിക്കുവാൻ ഇടയുണ്ടായിരുന്നുള്ളൂ.

ക്രറിലോസിനോട്ട യോജിച്ച പ്രവത്തിച്ചുകൊള്ളണമെന്നായിരുന്നല്ലോ സെലസ്റ്റീനോസ് തൻെറ പ്രതിനിധികൾക്ക കൊടുത്ത ഉപദേശം. ക്രറിലോസിൻെറ വിശ്വാസം സെലസ്റ്റീനോസിന്ന ബോദ്ധ്യമായിരുന്നതിനാലും, മുമ്പെ തന്നെ നിശ്ചയിക്കപ്പെട്ടവ നടപ്പിൽ വരുത്താൻ പ്രതിനിധികൾ അയക്കപ്പെട്ടതിനാലും ആയിരുന്നു സെലസ്റ്റീനോസ് മേലുദ്ധരിച്ചപ്രകാരമുള്ള ഒരുപദേശം പ്രതിനിധികൾക്ക നൽകിയത്. അനുതാപത്തിനൊരവസരം നെസ്തോറീസിന്ന കൊടുക്കുവാനല്ലാതെ തൻെറ വിധി അഴിച്ച വിധിക്കുവാനോ അതേപ്പററി ഒരു പുനരാലോചന നടത്തുവാനോ സെലസ്റ്റീനോസിന് ഉദ്ദേശ്യമില്ലായിരുന്നു. ക്രറിലോസ് നെസ്തോറീസിൻെറ ശത്രുവായിരുന്നതിനാൽ, ക്രറിലോസിനെ സൂനഹദോസിൽ അദ്ധ്യക്ഷനാക്കിയത് ഒട്ടും ശരിയായില്ല എന്നു ചിലർ പറയുന്ന ആക്ഷേപം സാക്ഷാൽ ഒരാക്ഷേപമല്ലെന്ന് മേൽ പറഞ്ഞ സാഹചര്യങ്ങൾ വിശദമാക്കുന്നു.

മാപ്പാപ്പായുടെ അധികാരത്തിന് ഈ വക ആക്ഷേപങ്ങളൊന്നും ബാധകങ്ങളാവുകയില്ലെന്നു വായനക്കാർ മനസ്സിലാക്കിയിട്ടുണ്ടായിരിക്കുമല്ലോ.

431 ജൂൺ 7-ൽ സൂനഹദോസു പിതാക്കന്മാർ എഫേസൂസിൽ ചെന്നു ചേൎന്നു. ഒന്നാമതായി അവിടെ എത്തിയതു നെസ്തോറീസായിരുന്നു. അയാളുടെ കൂടെ അനവധി പട്ടക്കാരും, 16 മെത്രാന്മാരുമുണ്ടായിരുന്നു. ഇറനേയ്യൂസ്, കാൻഡീഡിയൻ എന്ന രണ്ടു സൈനിക നേതാക്കന്മാരും നെസ്തോറീസിൻെറ സഹായത്തിന് അവിടെ പ്രത്യക്ഷപ്പെട്ടു. എഫേസൂസിലെ മെമ്നൻെറ നേതൃത്വത്തിൽ അദ്ദേഹത്തിൻെറ 40 ഉപമെത്രാന്മാരും, പംഫീലിയായിലെ 12 മെത്രാന്മാരും, എഫേസൂസിൽ ഹാജരായി. ഓർശ്ലേമിലെ യൂവനേലും തെസ്സലോനിക്കായിലെ ഫ്ളാവിയനും കുറേ ദിവസങ്ങൾ കഴിഞ്ഞ ശേഷമാണ്

സ്ഥലത്തെത്തിയതു്. ജൂൺ 22-ൽ 198 മെത്രാന്മാർ എഫേസൂസിൽ സമ്മേളിച്ചു. എന്നാൽ അന്തിയോക്കിയാ പാത്രിയക്കീസായിരുന്ന യോഹന്നാനും ഉപമെത്രാന്മാരും സൂനഹദോസിൽ ഹാജരായില്ല. താൻ സമയത്തു ഹാജരായിക്കൊള്ളാമെന്നു് ആദ്യവും, (Mansi 4 – 1121) "ഞാൻ താമസിച്ചെങ്കിൽ നിങ്ങളുടെ ജോലി നിർവഹിച്ചുകൊള്ളുക"(Mansi 4. 1229 & 1332) എന്നു് ആറു ദിവസത്തിനു ശേഷവും യോഹന്നാൻ കുറിലോസിനെ അറിയിച്ചു. എന്നാൽ യോഹന്നാനെ കൂടാതെ സൂനഹദോസാരംഭിച്ചതുകൊണ്ടു് വിരോധം പുറപ്പെടുവിച്ചതിൽ പ്രധാനപ്പെട്ടവർ രണ്ടാമതു പറഞ്ഞ ദൌത്യം കുറിലോസിനെ ഏൾപ്പിച്ച യോഹന്നാൻെറ രണ്ടു ഉപമെത്രാന്മാരായിരുന്നു. അവൎക്കു് കാൻഡീദിയൻെറ പിൻബലവുമുണ്ടായിരുന്നു. നെസ്തോറീസു ശപിക്കപ്പെടുമെന്നു് യോഹന്നാനു നിശ്ചയമുണ്ടായിരുന്നു. (Mansi 4–1232) ഈ സാഹചൎയ്യങ്ങളിൽ, യോഹന്നാൻ മനഃപൂൎവ്വം താമസിച്ചതാണെന്നു വിചാരിക്കുവാൻ കുറിലോസിനു ന്യായമുണ്ടായിരുന്നു എന്നു് ആരും നിഷേധിക്കയില്ല. എങ്കിലും, മാൎപ്പാപ്പായുടെ പ്രതിനിധികളെ പാൎത്തു് കുറേക്കൂടി താമസിക്കാമായിരുന്നല്ലോ എന്നു പറയുന്നവരുമുണ്ടു്. ജൂൺ മാസം 22-ാംനു-വരെ കുറിലോസു് താമസിച്ചെന്നും, എഫേസൂസിൽ സാംക്രമികരോഗം കലശലായി ആരംഭിച്ചിരുന്നെന്നും മനസ്സിലാക്കിയാൽ, സൂനഹദോസു തുടങ്ങുന്നതിൽ കുറിലോസു് ധൃതിക്രൂട്ടി എന്നുള്ള പരാതി അത്ര സ്വീകാൎയ്യമായി തോന്നുകയില്ല. യോഹന്നാൻെറ ആഗമനത്തിനു മുമ്പായി നെസ്തോറീസിൻെറ മേലുള്ള വിധി പ്രഖ്യാപനം ചെയ്യണമെന്നു കുറിലോസു് മനഃപൂൎവ്വം ഉദ്ദേശിച്ചു എന്നുള്ള ആക്ഷേപം ഏതുവിധം പരിഹരിക്കപ്പെടണമെന്നു് വായനക്കാർ തന്നെ വിധിക്കട്ടെ. യോഹന്നാനും, കൂടെയുണ്ടായിരുന്ന 43 മെത്രാന്മാരും കുറിലോസിനോടു

യോജിച്ചു നിന്നിരുന്ന മെത്രാന്മാരോടു തുലനം ചെയ്യപ്പെട്ടാൽ ന്യൂനപക്ഷം മാത്രമായിരുന്നു എന്നും വായനക്കാർ ധരിച്ചിരിക്കണം.

മാപ്പാപ്പായുടെ പ്രതിനിധികൾ ചെന്നെത്തുന്നതിനു മുമ്പായി സൂനഹദോസിന്റെ ഒന്നാംയോഗം നടത്തപ്പെട്ടു. പ്രതിനിധികൾ വഴി മാപ്പാപ്പാ അയച്ചിരുന്ന ലേഖനം വായിക്കാതെയായിരുന്നു ഒന്നാം യോഗത്തിൽ സൂനഹദോസുപിതാക്കന്മാർ നെസ്തോറീസിനെ സ്ഥാനഭ്രംശം ചെയ്തതു്. നെസ്തോറീസു ക്ഷണിക്കപ്പെട്ടെങ്കിലും ഹാജരായില്ല. മെത്രാന്മാരെല്ലാവരും ഹാജരാകുമ്പോൾ താനും ഹാജരായിക്കൊള്ളാമെന്നാണു് രണ്ടാമത്തെ ക്ഷണത്തിനു നെസ്തോറീസു കൊടുത്ത മറുപടി. നെസ്തോറീസിന്റെ ദൂതൻ സൈനികശക്തിയോടെയാണ് സൂനഹദോസിൽ പ്രത്യക്ഷപ്പെട്ടതെന്നും പ്രസ്താവ്യമത്രേ. മൂന്നാമത്തെ ക്ഷണത്തിന് നെസ്തോറീസ് യാതൊരു മറുപടിയും കൊടുത്തില്ല. കുററക്കാരൻ മൂറക്കു വിളിക്കപ്പെടണമെന്നും ഹാജരാകാത്തപക്ഷം അവനെ കൂടാതെ നടപടി നടത്തപ്പെടണമെന്നും ഉള്ള കാനോനാകൾ പ്രകാരം സൂനഹദോസ് ആരംഭിച്ചു. നടപടികളിൽ സംബന്ധിക്കുവാൻ ആരംഭത്തിൽ 159 മെത്രാന്മാരേയുണ്ടായിരുന്നൊള്ളു. ഏറെ താമസിയാതെ ഒന്നാംദിവസം തന്നെ അവരുടെ സംഖ്യ 198 ആയി വദ്ധിച്ചു. ചരിത്രപ്രസിദ്ധനായ തേഒദോരേത്തുസും 68 മെത്രാന്മാരും റോമ്മായിലെ പ്രതിനിധികൾ സന്നിഹിതരല്ലായിരുന്നതിനാൽ യാതൊന്നും പ്രവത്തിക്കാതെ മാറിനിന്നു. എന്നാൽ അവരിൽ പലരും പിന്നീടു സൂനഹദോസിൽ പ്രവേശിക്കയുണ്ടായി. "ഏററം പരിശുദ്ധനും ഏററം സംപൂജ്യനുമായ റോമ്മാസഭയുടെ അതിമെത്രാന്റെ സ്ഥാനം സ്വീകരിച്ചിരുന്നതിനാൽ, വി. ക്രിലോസ് അദ്ധ്യക്ഷപദം സ്വീക

രിച്ചു. (Mansi 4. 1124). "സെലസ്തീനോസിനാൽ വേണ്ടവ എഴുതപ്പെട്ടിട്ടുണ്ട്" എന്ന് കാഴ്ദശി പ്രസ്താവിച്ചു. പത്തു ദിവസത്തിനകം അബദ്ധം പിൻവലിക്കണമെന്നുണ്ടായിരുന്ന കല്പന നെസ്തോറീസിനെ ഏല്പിച്ച മെത്രാന്മാർ, തങ്ങൾ അങ്ങിനെ ചെയ്തു എന്ന് മൊഴികൊടുത്തു. അവരുടെ കയ്യിൽത്തന്നെ മറുപടി കൊടുക്കാമെന്നു നെസ്തോറീസ് സമ്മതിച്ചിരുന്നെങ്കിലും നിശ്ചിത ദിവസം അയാൾ അവരെ കാണുകപോലും ചെയ്തില്ലെന്ന് അവർ തന്നെ തെളിയിച്ചു. അൻകീറാ മെത്രാനും, നെസ്തോറീസിൻെറ സ്നേഹിതനുമായിരുന്ന തേഓദൊത്തുസും, നെസ്തോറീസിൻെറ വേറൊരു സ്നേഹിതനായിരുന്ന മിലിത്തേനായിലെ അക്കാക്കിയൂസ് മെത്രാനും, വി. കൂറിലോസിൻെറ ആവശ്യപ്രകാരം നെസ്തോറീസുമായി സൂനഹദോസു തുടങ്ങുന്നതിനു തലേദിവസം അവർ നടത്തിയ സംഭാഷണത്തിൻെറ ചുരുക്കം സൂനഹദോസിൻെറ പര്യാലോചനക്കു സമപ്പിച്ചു. നെസ്തോറീസ് സാക്ഷാൽ പാഷണ്ഡനായിരുന്നെന്നു അക്കാക്കിയൂസിൻെറ വാക്യങ്ങളിൽ നിന്നു തെളിഞ്ഞു. വി. സെലസ്തീനോസിൻെറ കല്പനപ്രകാരം നെസ്തോറീസ് പ്രവത്തിച്ചില്ലെന്ന് രേഖാമൂലം തെളിയിക്കേണ്ട ഭാരം മാത്രമേ സൂനഹദോസിനുണ്ടായിരുന്നൊള്ളു. കൂറിലോസ് നെസ്തോറിസിനയച്ച രണ്ടാം ലേഖനവും അതിൻെറ മറുവടിയും, സെലസ്തീനോസ് കൂറിലോസിനയച്ച ലേഖനവും, അതിനേത്തുടന്നു കൂറിലോസ് നെസ്തോറീസിനയച്ച ലേഖനവും ശാപോച്ചാരണങ്ങളും വായിക്കപ്പെട്ടു. നെസ്തോറീസിൻെറ ഉപദേശം വേദപുസ്തകത്തിനും, നിക്കിയാ സൂനഹദോസിൻെറ വിശ്വാസത്തിനും പിതാക്കന്മാരുടെ ഉപദേശത്തിനും വിരുദ്ധമാണെന്നു, സൂനഹദോസ് തെളിയിച്ചു. കാത്തജിലെ പ്രിമാത്തുസായ (അനേകം മെത്രാന്മാരുടേയും പല മെത്രാ

പ്പോലീത്താമാരുടേയും നേതാവ്) കപ്രെയൊലൂസ് തനിക്കു സൂന്നഹദോസിൽ സംബന്ധിക്കുവാൻ സാധിക്കുയില്ലെന്നും മററും കാണിച്ചു് ഒരു ലേഖനം സൂന്നഹദോസിലേക്കയച്ചിട്ടുണ്ടായിരുന്നു. നെസ്തോറീസിൻെറ ഉപദേശം നൂതനമാണെന്നു കാണിക്കയും പുരാതന വിശ്വാസത്തെ സ്തുതിക്കയും ചെയ്യുന്ന ഒരു ഭാഗം ആ ലേഖനത്തിൽ നിന്നു സൂന്നഹദോസിൽ വായിക്കപ്പെട്ടു. സൂന്നഹദോസു പിതാക്കന്മാർ അതിനൊന്നിനും വിരോധം പറഞ്ഞില്ല.

(cf. The Catholic Encyclopedia. Ephesus Council of.)

മാപ്പാപ്പാ ചെയ്ത തീരുമാനം പിൻവലിക്കപ്പെട്ടില്ലെന്നു, മാപ്പാപ്പാ സൂന്നഹദോസിലേക്കയച്ച ലേഖനത്തിൽ നിന്നു വിശദമാകുന്നു. എന്തുകൊണ്ടെന്നാൽ ആ തീരുമാനം നടപ്പിൽ വരുത്തണമെന്നു മാത്രമാണ് ആ ലേഖനത്തിൽ മാപ്പാപ്പാ കല്പിക്കുന്നതു്. നെസ്തോറീസിനോടു ദയവായി വർത്തിക്കണമെന്നു മാപ്പാപ്പാ കൂറിലോസിനെ ഉപദേശിച്ചതിൽ നിന്ന് മാപ്പാപ്പായുടെ വിധി അസ്ഥിരമായിപ്പോയി എന്നു തെളിയുന്നില്ല. അനുതപിക്കുവാൻ നെസ്തോറീസിനു സമയം കൊടുക്കണമെന്നും, അനുതപിച്ചില്ലെങ്കിൽ അതേവരെ പൂൎണ്ണമായി നടപ്പിൽ വരാതെ കിടന്ന വിധി നടപ്പിൽ വരുത്തണമെന്നും മാത്രമേ ആ ഉപദേശത്തിൽ നിന്നു തെളിയുന്നുള്ളു. മുകളിൽ പ്രസ്താവിച്ച നടപടികളെല്ലാം മാപ്പാപ്പായുടെ വിധി അഴിച്ചു വിധിക്കണമെന്ന ഉദ്ദേശ്യത്തോടെ നടത്തപ്പെട്ടവയാണെന്നു പറയുന്നതും ശരിയല്ല. എന്തുകൊണ്ടെന്നാൽ, മാപ്പാപ്പായുടെ വിധിയെ ആഘോഷമായും കാൎയ്യകാരണസഹിതവും പൊതുജനസമക്ഷം അവതരിപ്പിച്ചശേഷം നടപ്പിൽ വരുത്തുവാനായിട്ടു് പ്രസ്തുത നടപടികൾ നടത്തപ്പെടുവാൻ

പാട്ടുണ്ടായിരുന്നു. അങ്ങിനെതന്നെയായിരുന്നെന്നു പിന്നീട്ട തെളിയിച്ചുകൊള്ളാം.

മേൽപ്രസ്താവിച്ച നടപടികളുടെശേഷം സൂനഹദോസു താഴെക്കാണുന്ന പ്രകാരം പ്രസ്താവിച്ചു.

"വിശുദ്ധ സൂനഹദോസു പ്രസ്താവിച്ചിരിക്കുന്നു: ഭക്തിശൂന്യനായ നെസ്തോറീസു മററു സംഗതികളെന്നപോലെ ഞങ്ങളുടെ ക്ഷണനവും സ്വീകരിക്കാഞ്ഞതിനാലും ഞങ്ങളാൽ അയാളുടെ പക്കൽ അയക്കപ്പെട്ട, പരിശുദ്ധ മെത്രാന്മാരെ കൈക്കൊള്ളാഞ്ഞതിനാലും അയാളുടെ ദൈവികമല്ലാത്ത ഉപദേശം പരിശോധിക്കുവാൻ ഞങ്ങൾ നിർബന്ധിതരായി. ലേഖനങ്ങളിലും പ്രസിദ്ധീകരണങ്ങളിലും, ഈ പട്ടണത്തിൽ നടന്നവയും സാക്ഷികളാൽ തെളിയിക്കപ്പെട്ടവയും ആയ പ്രസംഗങ്ങളിലും, അയാൾ ഭക്തിശൂന്യങ്ങളായ അഭിമതങ്ങൾ സ്വീകരിച്ചിരിക്കുന്നതായി ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. കാനോനാകളാലും നമ്മുടെ അതിപരിശുദ്ധ പിതാവും സഹപ്രവൎത്തകനും റോമ്മാസഭയുടെ മെത്രാനും ആയ സെലസ്തീനോസിൻെറ ലേഖനത്താലും അവശ്യം നിർബന്ധിക്കപ്പെട്ടുകൊണ്ടു വളരെ കണ്ണുനീരോടെ അയാൾക്കു വിരോധമായുണ്ടായ ഈ തീരുമാനത്തിൽ ഞങ്ങളെത്തിയിരിക്കുന്നു. അതായത്ു് മെത്രാൻ പദത്തിൽനിന്നും, എല്ലാ വൈദിക പരികൎമ്മങ്ങളിൽനിന്നും, നെസ്തോറീസു മാററപ്പെടണമെന്നു അയാൾ ദൂഷണംപറഞ്ഞ നമ്മുടെ കൎത്താവീശോമിശിഹാ വിശുദ്ധ സൂനഹദോസു വഴി നിശ്ചയിക്കുന്നു." (Mansi 4-1212.)

ഈ പ്രസ്താവനയ്ക്കു് രണ്ടു ഭാഗങ്ങളുണ്ടു്. "അതായത്ു്" എന്നു തുടങ്ങുന്ന രണ്ടാം ഭാഗത്താണു് (Pars dispositiva) സൂനഹദോസിൻെറ തീരുമാനം അടങ്ങിയിരിക്കുന്നതു്. ഒന്നാം ഭാഗം (Pars narrativa) രണ്ടാം ഭാഗത്തിലുള്ള തീരുമാനത്തിൻെറ കാരണങ്ങളാണു്. നി

യമദൃഷ്ട്യാ രണ്ടാം ഭാഗത്തിനാണ് വിലയുള്ളതു്. എന്നാൽ, രണ്ടാംഭാഗം മാപ്പാപ്പായുടെ വിധി അഴിച്ചു വിധിക്കയല്ലാ, പ്രത്യുത ആ വിധി പൂൎണ്ണമായി നടപ്പാക്കുക മാത്രമാണ് ചെയ്യുന്നതു്. അതായതു്, നെസ്തോറീസ് സ്ഥാനഭ്രംശം ചെയ്യപ്പെടുന്നു. ഇതിലേക്കു സൂനഹദോസിനെ പ്രേരിപ്പിച്ചതു് കാനോനാകളും, സെലസ്തീനോസ് മാപ്പാപ്പായുടെ ലേഖനവുമായിരുന്നു. കുററക്കാരനെ വിളിച്ചശേഷം ഹാജരായില്ലെങ്കിൽ അവനെക്കൂടാതെ നടപടി നടത്തണമെന്നു കല്പിക്കുന്ന കാനോനാകളാണ് ഇവിടെ അനുസ്മരിക്കപ്പെടുന്നതു്.

(Fr. Hull, S. J. "The Examiner" Dec. 2. 1922)

പ്രസ്തുത പ്രസ്താവനയുടെ ശേഷം പാശ്ചാത്യ ചക്രവൎത്തിയായിരുന്ന മൂന്നാം വലന്തീനിയനും, പൌരസ്ത്യ ചക്രവൎത്തിയായിരുന്ന രണ്ടാം തെയഡോസിയൂസിനും സൂനഹദോസ് ഇപ്രകാരമെഴുതി.

"ഞങ്ങളുടെ സമ്മതിദാനത്തിനു (Suffragium) മുമ്പായി നെസ്തോറീസിൻെറ പാഷണ്ഡോപദേശങ്ങളെ ശപിച്ച വലിയ റോമ്മായുടെ മെത്രാനായ അതിവിശുദ്ധ സെലസ്തീനോസിന് സ്തോത്രം ചെയ്തശേഷം (Laude facta = Epainesantes) ഞങ്ങൾ നെസ്തോറീസിനെ സ്ഥാനഭ്രംശം ചെയ്തു."

(Mansi 4. 1240.)

നെസ്തോറീസിനെ സ്ഥാനഭ്രംശം ചെയ്യുക, അഥവാ മാപ്പാപ്പായുടെ വിധി പൂൎണ്ണമായി നടപ്പിലാക്കുക മാത്രമായിരുന്നു സൂനഹദോസ് ചെയ്തതെന്ന് ഇതിൽനിന്നും വിശദമാകുന്നു. മാപ്പാപ്പായുടെ പ്രതിനിധികൾ ചെന്നെത്തുന്നതിനു മുമ്പായിരുന്നു സൂനഹദോസ് ഇപ്രകാരം പ്രവൎത്തിച്ചതെന്നും പ്രസ്താവ്യമാണ്.

## ഏഴാം അദ്ധ്യായം.

### ചില ആക്ഷേപങ്ങൾക്കു പ്രത്യുത്തരങ്ങൾ.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച ഒന്നാം യോഗത്തെ ആധാരമാക്കി അകത്തോലിക്കർ പുറപ്പെടുവിക്കാറുള്ള ആക്ഷേപങ്ങൾക്കു പ്രത്യുത്തരം പറയേണ്ട ആവശ്യമുണ്ട്.

സൂനഹദോസ്, മാർപ്പാപ്പായുടെ വിധിയെ അവഗണിക്കയും നെസ്തോറീസിന്റെ കാര്യം വീണ്ടും വിചാരണചെയ്കയും സ്വന്തമായ ഒരു വിധി പ്രസ്താവിക്കയും ചെയ്തു എന്നുള്ള ആക്ഷേപങ്ങൾക്കു സമാധാനം മുകളിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അവസംബന്ധമായി ചിലതെല്ലാം കൂടി പ്രസ്താവിക്കുന്നതു് ഉപകാരപ്രദമായിരിക്കും.

"ദൈവത്തിന്റെ വിധി"യായി താൻ തീരുമാനിച്ച ഒരു കാര്യത്തെപ്പറ്റി വീണ്ടും ആലോചിക്കുവാൻ സൂനഹദോസിനു് അനുവദിച്ചതിൽനിന്നു് തനിക്കു പരമാധികാരമോ അപ്രമാദിത്വമോ ഇല്ലായിരുന്നു എന്നു സെലസ്തീനോസ് വിശ്വസിച്ചിരുന്നതായി അനുമാനിക്കുക അബദ്ധമായിരിക്കും. സൂനഹദോസ് നടത്തിയ ആലോചനകൾ മാർപ്പാപ്പായുടെ അധികാരത്തെ നിഷേധിക്കുന്നവയായിരുന്നെന്നും പറഞ്ഞുകൂടാ.

ഒരു വിധി രണ്ടു വിധത്തിൽ പരിശോധനചെയ്യുവാൻ പാടുണ്ട്. ഏതെങ്കിലും ഒരു വിധി സാധുവാണോ എന്നു് അപ്പീൽപ്രകാരം പരിശോധന നടക്കുകയാണെങ്കിൽ, ആ വിധി പരമാധികാരമോ അപ്രമാദിത്വമോ ഉള്ള ഒരു സ്ഥാനത്തുനിന്നു പുറപ്പെട്ടതായിരിക്കയില്ല. പരമാധികാരവും അപ്രമാദിത്വവും ഉള്ള സ്ഥാ

നത്തുനിന്നു പുറപ്പെടുന്ന വിധി അതു് അസാധുവാണോ എന്നറിയുവാനല്ല; പ്രത്യുത, അതിൻെറ അപ്രമാദിത്വ ലക്ഷണം കൂടുതൽ വിശദമാകുന്നതിനായി വീണ്ടും പരിശോധന നടത്തുവാൻ വേണ്ടിയാണെന്നു വരാം. (Revision of Elucidation). മാർപ്പാപ്പായുടെ തീരുമാനങ്ങൾ സംബന്ധിച്ചു് ഇപ്രകാരമൊരു വിശദീകരണ പരിശോധനമാത്രമാണു് സാർവ്വത്രിക സൂനഹദോസുകൾ ചെയ്യാറുള്ളതു്. നാം വിശ്വസിക്കുന്ന സത്യങ്ങൾ ന്യായങ്ങൾ സഹിതം വിശദീകരിക്കാറുള്ളതുപോലെയാണു് പ്രസ്തുത പരിശോധന നടത്തപ്പെടുന്നതു്. മാർപ്പാപ്പാ ഒരു സത്യം നിർണ്ണയം ചെയ്താൽ അതു് വേദപുസ്തകത്തിലോ പാരമ്പര്യോപദേശത്തിലോ ഉണ്ടായിരിക്കുമെന്നുള്ളതു് നിശ്ചയമാണു്. നിർണ്ണയിച്ച സംഗതി വേദപുസ്തകത്തിലോ പാരമ്പര്യത്തിലോ ഉണ്ടെന്നു പരിശോധനചെയ്തു വിശദമാക്കുവാനും ആലോചനാപൂർവ്വം ആ നിർണ്ണയം പ്രഖ്യാപനം ചെയ്യുവാനും സൂനഹദോസിനു പാടുണ്ടു്. അതു മാർപ്പാപ്പായുടെ അധികാരത്തെ നിഷേധിക്കുന്ന ഒരു പ്രവൃത്തിയല്ല. നമ്മുടെ വിശ്വാസം ഉപേക്ഷിക്കയോ സംശയസ്ഥാനത്താക്കയോ ചെയ്യാതെ നാം വിശ്വസിക്കുന്നവയെ കാര്യകാരണസഹിതം വിശദീകരിക്കുന്നതിനും പൊതുജനസമക്ഷം പ്രഖ്യാപനം ചെയ്യുന്നതിനും നമുക്കു പാടില്ലയോ? എഫേസൂസിലെ ഒന്നാം യോഗത്തിൽ നടന്ന ആലോചന വിശദീകരണ പരിശോധനയെ മാത്രം ഉദ്ദേശിച്ചാകുവാൻ പാടുണ്ടായിരുന്നു എന്നിരിക്കെ, അതു് പുനരാലോചനയെയും, "അഴിച്ച വിധി"യെയും ഉദ്ദേശിച്ചായിരുന്നു എന്നു് തീർത്തു പറയുക അബദ്ധമായിരിക്കും. പുനരാലോചനയോ അഴിച്ചവിധിയോ അവിടെ നടന്നില്ലെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞവയിൽ നിന്നു സിദ്ധിക്കുന്നുണ്ടല്ലൊ. അടുത്ത അദ്ധ്യായങ്ങളിൽ നിന്നു അതു കുറേക്കൂടി വിശദമാകും.

സ്വയം ആദരിക്കുവാൻ നെസ്തോറീസിന് യാതൊരവസരവും കൊടുക്കാതെ മാപ്പാപ്പായുടെ വിധിയെ മാത്രം ആശ്രയിച്ചുകൊണ്ടു് ക്രൂറിലോസ് പ്രവൎത്തിക്കയും ഒടുവിൽ ആ വിധി നടപ്പിലാക്കുകയുംചെയ്തു എന്നും മറ്റും ക്രൂറിലോസിൻെറ മേൽ കുററമാരോപിക്കുന്നവരും ഇല്ലാതില്ല. എന്നാൽ ഈ ആക്ഷേപം മാപ്പാപ്പായുടെ അധികാര വാദത്തിനു ബലമായി തീരുകയത്രെ ചെയ്യുന്നതെന്നു അധികമാരും ചിന്തിക്കാറില്ല. മൂന്നു പ്രാവശ്യം ക്ഷണിക്കപ്പെട്ടതിൽ നിന്നും മററും സ്വയം ആദരിക്കുവാൻ നെസ്തോറീസിന് അവസരമുണ്ടായിരുന്നെന്നു തെളിയുന്നു. ഈ ഭാഗം മാപ്പാപ്പായുടെ അധികാരത്തെ യാതൊരു വിധത്തിലും ബാധിക്കാത്ത ഒന്നാകയാൽ കൂടുതൽ പറയണമെന്നു കരുതുന്നില്ല.

ഒന്നാം യോഗനിശ്ചയത്തിനു കത്തോലിക്കർ കൊടുക്കുന്ന അൎത്ഥം ആക്ഷേപാർഹമാണെന്നാണ് വേറൊരു വാദം. മാപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും സ്ഥാപിക്കുവാൻ, "കാനോനാകളാലും സെലസ്തീനോസിൻെറ ലേഖനത്താലും നിർബന്ധിക്കപ്പെടുകയാൽ സൂനഹദോസു വിധി പ്രസ്താവിച്ചു" എന്ന അൎത്ഥത്തിൽ മാത്രം കാത്തോലിക്കർ പ്രസ്തുത യോഗനിശ്ചയം തർജ്ജമ ചെയ്യുന്നു എന്നും, "കാനോനാകളാൽ നിർബന്ധിക്കപ്പെട്ടും സെലസ്തീനോസിൻെറ ലേഖനത്തിന് അനുസരണമായും" എന്ന തർജ്ജമയും സ്വീകാൎയ്യമാണെന്നും ചില അകത്തോലിക്കർ വാദിക്കുന്നു. അകത്തോലിക്കാ വാദം ഇവിടെ അവസാനിച്ചെങ്കിൽ തരക്കേടില്ലായിരുന്നു. "കാനോനാകളാൽ നിർബന്ധിക്കപ്പെട്ടും സെലസ്തീനോസിൻെറ ലേഖനത്തിന് അനുസരണമായും" എന്നതാണ് ശരിയായിട്ടുള്ള തർജ്ജമയെന്നും, ഈ തർജ്ജമ പ്രകാരം സൂനഹദോസിൻെറ പ്രമാദരഹിതമായ വിധിയോടു മാപ്പാപ്പായുടേതു യാദൃശ്ചികമായി ഒത്തുവന്നതല്ലാ

തെ, മാർപ്പാപ്പായുടെ വിധി അതിൽതന്നെ മുറക്കു പ്രമാദരഹിതമല്ലായിരുന്നു എന്നും ചിലർ വാദിച്ചു തുടങ്ങിയിരിക്കുന്നു.

ഗ്രീക്കുഭാഷാ പണ്ഡിതന്മാരാണ് ഈ വാദത്തിനു സമാധാനം പറയേണ്ടത്. ഇരുവിധതർജ്ജമയും സ്വീകാര്യമാണെങ്കിൽ ഒന്നുമാത്രം ശരിഎന്ന സങ്കല്പത്തിൽ അതിലാശ്രയിക്കുന്നതു ആക്ഷേപാർഹം തന്നെ. രണ്ടാമത്തെ തർജ്ജമ മാത്രമാണ് സ്വീകാര്യമായിട്ടുള്ളതു് എന്നു വന്നാൽതന്നെയും അകത്തോലിക്കർ അതിൽനിന്നു വലിച്ചെടുക്കുന്ന അനുമാനം യാതൊരു വിധത്തിലും സ്വീകാര്യമായിരിക്കയില്ല.

"സെലസ്തീനോസിന്റെ ലേഖനത്തിനു അനുസരണമായും" എന്നു തർജ്ജമ ചെയ്താൽ അതു മാർപ്പാപ്പായുടെ പരമാധികാരത്തിനോ അപ്രമാദിത്വത്തിനോ വിരുദ്ധമാകയില്ല. പരമാധികാരവും അപ്രമാദിത്വവും സ്ഥാപിക്കുവാൻ ഈ തർജ്ജമ ഉപകരിക്കയില്ലെന്നുമാത്രമേ കൂടിപ്പോയാൽ സിദ്ധിക്കയുള്ളു. വിവാദഭാഗം പരമാധികാരത്തെയും അപ്രമാദിത്വത്തെയും സ്ഥാപിക്കയോ നിഷേധിക്കയോ ചെയ്യുന്നില്ല എന്നതാണ് അകത്തോലിക്കരുടെ തർജ്ജമയിൽനിന്നുള്ള ന്യായമായ അനുമാനം. ഇതിൽ കവിഞ്ഞ ഒരനുമാനം ന്യായശാസ്ത്രവിധിപ്രകാരം സ്വീകാര്യമല്ല. അകത്തോലിക്കരിൽ രണ്ടാമതു പറഞ്ഞ കൂട്ടരുടെ അനുമാനം ന്യായശാസ്ത്രപരിധി കവിഞ്ഞു നില്ക്കുന്നു എന്നു വായനക്കാർ ഗ്രഹിച്ചാലും.

ഇനി തർജ്ജമയിലേക്കു പ്രവേശിക്കാം. Apo ton kanonon kai ek tes epistoles (both by the canons and by the letter.) എന്ന ഗ്രീക്കുപദങ്ങൾ "കാനോനകളാലും ലേഖനത്താലും" എന്നൊരുമിച്ചല്ലാതെ വേർപെടുത്തി 'കാനോനകളാൽ നിർബന്ധിക്കപ്പെട്ടും ലേഖനത്തിനനുസരണമായും' എന്നു തർജ്ജമചെയ്തുകൂടാ എ

ന്നത്രെ പ്രമാണ ഗ്രീക്കഭാഷാ പണ്ഡിതന്മാരുടെ അഭി പ്രായം. "ലേഖനത്തിനനുസരണമായും" എന്നതു മാത്രമാണ് ശരിയായ തർജ്ജമ എന്നു് ഗ്രീക്ക പഠിച്ചിട്ടുള്ളവർ ആരും പറയുകയില്ല.

ഹെഫെലെയുടെ (Hefele) സൂനഹദോസു ചരിത്രം ഇംഗ്ലീഷിൽ തർജ്ജമ ചെയ്ത ഡോക്ടർ ക്ലാർക്ക് (Dr. Wm. R. Clarke) "ലേഖനത്തിനനുസരണമായും" എന്നത്രെ തർജ്ജമ ചെയ്തിരിക്കുന്നതു് (and in accordance with the letter). ഒരു ഗ്രീക്ക ഭാഷാപണ്ഡിതനായ റവ. തോമ്മസ് എസ്സ്. ഡോളൻ (Rev. Thomas S. Dolan) ഡോക്ടർ ക്ലാർക്കിന്റെ തർജ്ജമയെപ്പററി ഇപ്രകാരം പറയുന്നു. "Clark's translation is a manifestation of either ignorance of Greek or controversial dishonesty" (The Papacy and the First Councils of the Church. p. 38.) അജ്ഞതയോ വഞ്ചനയോ ക്ലാർക്ക പ്രദശിപ്പിക്കുന്നു എന്നു സാരം.

വി. കുറിലോസിനെപ്പററിയുള്ള ഒരു ലേഖനത്തിൽ, കാനൻ ബ്രൈററും (Canan Bright) എഫേസൂസ് സൂനഹദോസിനെപ്പററിയുള്ള ഒരു ലേഖനത്തിൽ ഫോൾക്കസ്സും (Foulkes) ഗ്രീക്ക മൂലത്തിൽ നിന്നു വിവാദഭാഗം വിട്ടുകളഞ്ഞിരിക്കുന്നു. (See "Smith and Wace's Dictionary of Christian Biography" and "Smith and Cheetham's Dictionary of Christian Antiquities" respectively). റോബർട്ട്സൺ (Robertson) എന്ന മഹാന്റെ "History of the Church" എന്ന കൃതിയിലും പ്രസ്തുത ഭാഗം കാണപ്പെടുന്നില്ല. മിൽമാൻ (Millman) അവർകൾ ലത്തീനിലും ഗ്രീക്കിലും നെസ്തോറീസിനു വിരോധമായുള്ള തീരുമാനം ഉദ്ധരിക്കുന്നുണ്ടെങ്കിലും മാർപ്പാപ്പായുടെ ലേഖനത്തെപ്പററി ഒന്നും പറയുന്നില്ല. (Lat. Chr. Bk. II. Cap. III.) ഇവരെല്ലാവരും ഗ്രീക്ക

ഭാഷാ പണ്ഡിതന്മാരും, ആംഗ്ലിക്കൻസഭാംഗങ്ങളും, മാർപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും സമ്മതിക്കുവാൻ വിമുഖന്മാരും ആണ്. ഗ്രീക്കിലെ പദപ്രയോഗങ്ങളുടെ ശക്തി വേണ്ടപോലെ ഗ്രഹിച്ചതിനാലാണ് ഈ മഹാന്മാർ ഈ വക കൌശലപ്രയോഗങ്ങൾ ചെയ്യുന്നതെന്നു ഊഹിക്കരുതേ! "A few samples of ingenious dishonesty on the part of some of Our Anglican friends" (ബുദ്ധിപൂർവ്വം ചെയ്തിട്ടുള്ള വഞ്ചന) എന്നാണ് ഫാദർ ഡോളൻ ഈ മഹാന്മാരുടെ പ്രസ്തുത കൃത്യങ്ങളെപ്പററി എഴുതിയിട്ടുള്ളത്. (Ibid p. 37.) ക്ലാക്കിൻെറ തർജ്ജമ സ്വീകരിക്കുന്നവരായി ഗ്രീക്കഭാഷാ പരിജ്ഞാനമില്ലാത്തവർ നമ്മുടെ കേരളത്തിലും ഉണ്ടായെന്നു വന്നേക്കാം.

"കാനോനാകളാലും സെലസ്റ്റീനോസിൻെറ ലേഖനത്താലും നിർബന്ധിക്കപ്പെട്ട്" എന്ന തർജ്ജമ സാധൂകരിക്കാൻ ഇത്രയും പറഞ്ഞതു മതിയാകുമെന്നു വിശ്വസിക്കുന്നു. ഗ്രീക്കഭാഷാ പണ്ഡിതനും ഒരു ആംഗ്ലിക്കൻ സഭാംഗവുമായ ഡോക്ടർ ഹെർബെർട്ട് എസ്സ്. സ്കോട്ടു (Dr. Herbert S. Scott.) സ്വീകരിച്ചിരിക്കുന്ന തർജ്ജമ "കാനോനാകളാലും ലേഖനത്താലും" എന്നുള്ളതാണ്. (The Eastern Churches and the Papacy.) "ലേഖനത്തിനനുസരണമായും" എന്നു തർജ്ജമ ചെയ്താൽ തന്നെയും, അതു് കത്തോലിക്കാ വാദത്തിനു ഹാനികരമാകയില്ലെന്നു മുൻ പ്രസ്താവിച്ചിട്ടുള്ളതു ഒരിക്കൽ കൂടി ആവത്തിച്ചുകൊള്ളുന്നു.

വി. കൂറിലോസും, പൌരസ്ത്യ മെത്രാന്മാരും മാർപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും സ്വീകരിച്ചിരുന്നെന്നും, ദൈവസ്ഥാപിതങ്ങളായി അവയെ അവർ പരിഗണിച്ചിരുന്നെന്നും സൂനഹദോസിനു മുമ്പു നടന്ന സംഭവങ്ങൾ നിസ്സംശയം തെളിയിക്കുന്നു. ഈ

സ്ഥിതിക്ക്, അവരുടെ വിശ്വാസത്തിന്ന വിരുദ്ധമായി അവർ മാപ്പാപ്പായുടെ തീരുമാനം പുനരാലോചനക്കെടുക്കുകയും അഴിച്ചു വിധിക്കയും ചെയ്തു എന്നു സമർത്ഥിക്കുക കുറെ സാഹസമായിരിക്കും. ഒരുപക്ഷെ ഒന്നാം യോഗത്തിൽ അങ്ങിനെ വല്ലതും നടന്നെങ്കിൽ അതു് രണ്ടും മൂന്നും യോഗങ്ങളിൽ പിൻവലിക്കപ്പെട്ടിരിക്കണം എന്നു പിന്നീടു തെളിയിച്ചുകൊള്ളാം.

മാപ്പാപ്പാ വിധിച്ചതുതന്നെ സൂനഹദോസ് എന്തിനു വിധിച്ചു എന്ന് വല്ലവരും ചോദിച്ചേക്കാം. ഒരേ ഒരു സംഗതിയെപ്പററി പലക്കു വിധി പ്രസ്താവിക്കുവാൻ പാടില്ലയോ? ഈശോ, വരുവാനിരുന്ന മിശിഹാ ആണെന്നു ശമറായകാരിയുടെ വാക്കുമൂലം വിശ്വസിച്ചിരിക്കവേതന്നെയല്ലയോ, അതേ സംഗതിയെപ്പററി ശമറായർ സ്വന്തമായ വിധി പ്രസ്താവിച്ചതു്? മാപ്പാപ്പായുടെ വിധി അറിഞ്ഞശേഷം സൂനഹദോസ് മാപ്പാപ്പായോടു യോജിച്ചു വിധിച്ചതല്ലാതെ മാപ്പാപ്പായുടെ വിധി സാധുവാണൊ അല്ലയൊ എന്ന സംശയത്തിൽ വിധിച്ചിട്ടില്ലെന്നാണ് കത്തോലിക്കരുടെ വാദം. "അഴിച്ചു വിധി" നടന്നെങ്കിൽ അതു പിൻവലിക്കപ്പെട്ടു എന്നു താഴെ തെളിയിക്കുന്നതാണ്.

തലവൻെറ തീരുമാനത്തിന്ന വിരുദ്ധമായി അംഗങ്ങൾക്കു വിധിക്കുവാൻ പാടില്ലെങ്കിലും, തലവൻെറ വിധിയുടെ ശേഷം, തലവനോടു യോജിച്ചുകൊണ്ടു് അംഗങ്ങൾക്ക് തലവൻെറ വിധി സ്വന്തമാക്കി പ്രഖ്യാപനം ചെയ്യുവാൻ പാടുണ്ടു്. തലവൻെറ തീരുമാനത്തെ കൂടുതൽ ന്യായങ്ങളാൽ വിശദീകരിക്കുന്നതിനും, ആഘോഷപൂർവ്വം പ്രഖ്യാപനം ചെയ്യുന്നതിനും, അംഗങ്ങൾക്കു പാടില്ലയോ? മാപ്പാപ്പായുടെ തീരുമാനങ്ങളെപ്പററി സാർവ്വത്രിക സൂനഹദോസുകൾ നടത്തുന്ന ആലോചനകളും വിധി പ്രസ്താവനകളും ഈ തരത്തിലുള്ളവ

യത്രെ. എഫെസൂസിലും ഇപ്രകാരമാണ് നടന്നിട്ടുള്ള ത്.

സൂനഹദോസ് സെലസ്തീനോസിനെ സഹപ്രവ ത്തകൻ എന്നു വിളിച്ചിട്ടുള്ളതു് പരമാധികാരത്തെ ഹ നിക്കുന്ന ഒരു സംബോധനയായി ചിലർ കരുതാറു ണ്ടു്. അതേ വാക്യത്തിൽതന്നെ "നമ്മുടെ പിതാവു്" എന്നു കാണുന്ന സംജ്ഞ സെലസ്തീനോസിൻെറ പരമാ ധികാരത്തെ സ്ഥാപിക്കുന്നുണ്ടല്ലോ എന്നു ചില കത്തോ ലിക്കർ പറയുന്ന സമാധാനം എഴുത്തുകാരന് അത്ര സ്വീകാര്യമായി തോന്നുന്നില്ല. സഹപ്രവത്തകൻ എ ന്ന സംജ്ഞ പരമാധികാരത്തെ നിഷേധിക്കണമെന്നി ല്ലല്ലൊ. എന്തുകൊണ്ടെന്നാൽ പരമാധികാരിയും മററു മെത്രാന്മാരും മിശിഹായുടെ മുന്തിരിതോട്ടത്തിൽ ഒരുമി ച്ചു വേല ചെയ്യുന്നവരാണ്. സൂനഹദോസു ചരിത്രത്തി ൻെറ മററു ഭാഗങ്ങൾ 'സഹപ്രവത്തകൻ' സമത്വം സൂ ചിപ്പിക്കുന്നില്ലെന്നു വിശദമാക്കുന്നുമുണ്ടു്.

# എട്ടാം അദ്ധ്യായം.

## രണ്ടാം യോഗം.

ഒന്നാം യോഗം മംഗളമായി പയ്യവസാനിച്ചു. ആറു ദിവസം കഴിഞ്ഞപ്പോൾ അന്ത്യോക്യായിലെ യോ ഹന്നാനും ഉപമെത്രാന്മാരും ഹാജരായി. അവരെ ബ ഹുമാന പൂർവ്വം സ്വീകരിക്കുവാൻ സൂനഹദോസ് വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തെങ്കിലും അവർ പ്രക്ഷുബ്ധരായിട്ടാ ണ് വത്തിച്ചതു്. സൈന്യബലവും അവക്കുണ്ടായിരുന്നു.

ആരംഭംമുതൽ തന്നെ ക്രുറിലോസിൻെറ പ്രവൃത്തികളെ തടഞ്ഞിരുന്ന കാൻഡീഡിയൻ യോഹന്നാൻെറ ഭാഗത്തു ചേൎന്നു. "വിശുദ്ധ സൂനഹദോസ്" എന്ന നാമത്തിൽ ഉടൻതന്നെ ഒരു സംഘം രൂപവൽക്കരിക്കപ്പെട്ടു. അതിൽവച്ച് യോഹന്നാനും 43 മെത്രാന്മാരുംകൂടി ക്രുറിലോസും എഫേസൂസിലെ മെമ്നനും മുടക്കപ്പെട്ടവരാണെന്ന് പ്രഖ്യാപനംചെയ്തു. മെമ്നൻ അക്രമിയും, ക്രുറിലോസ്, ആരിയൂസ്, അപ്പൊള്ളിന്നാരിയൂസ് മുതലായവരുടെ ശിഷ്യനും ആണെന്ന് അവർ തീരുമാനിച്ചു. നെസ്തോറീസിനെ അനുകൂലിക്കുന്ന ഒരു വാക്കുപോലും അവിടെ കേൾക്കപ്പെട്ടില്ല എന്നും പ്രസ്താവ്യമാണ്. വി. ക്രുറിലോസിൻെറ സൂനഹദോസിൽ മാപ്പാപ്പായുടെ പ്രതിനിധികളില്ലായിരുന്നു എന്ന ആക്ഷേപവും അവർ പറഞ്ഞു നടത്തി. (Mgr. d'Herbigny. Theologia de Ecclesia II. p. 206. 2nd ed.). കാൻഡീഡിയൻെറയും പടയാളികളുടെയും ഉപദ്രവങ്ങൾ ക്രുറിലോസിനും കൂട്ടർക്കും അസഹനീയങ്ങളായി തോന്നി. ഇരുകക്ഷിയും മാപ്പാപ്പായുടെയും ചക്രവൎത്തിയുടേയും പക്കൽ സങ്കടം ബോധിപ്പിച്ചു. ഇരുകക്ഷിയും കൂടിയുള്ള ഒരു യോഗത്തിൽ വണ്ടും നടപടികൾ നടത്തണമെന്നായിരുന്നു തെയഡോസൂസ് ചക്രവൎത്തിയുടെ ആഗ്രഹം. വി. ക്രുറിലോസിൻെറ ലേഖനങ്ങൾ ചക്രവൎത്തിയുടെ പക്കൽ എത്താതിരിക്കുവാൻ യോഗത്തിൽ വേണ്ട ശ്രമങ്ങളെല്ലാം ചെയ്യുന്നുണ്ടായിരുന്നു. ചക്രവൎത്തിയുടെ മനസ്ഥിതി എല്ലാംകൊണ്ടും ക്രുറിലോസിന് പ്രതികൂലമായി കാണപ്പെട്ടു. ഈ ഘട്ടത്തിൽ മാപ്പാപ്പായുടെ പ്രതിനിധികൾ എഫേസൂസിൽ ചെന്നുചേൎന്നു. (ജൂലായി 10.) അവരുടെ സാന്നിദ്ധ്യത്തിൽ നടന്ന രണ്ടാം യോഗമാണ് ഇപ്പോൾ നമ്മുടെ ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതു്. അവൎക്കു സെലസ്തീനോസു മാപ്പാപ്പാ കൊടുത്ത ഉപദേശങ്ങളും കല്പ

നകളും, മാപ്പാപ്പായുടെ പരമാധികാരത്തേയും അപ്ര മാദിതത്വത്തേയും പ്രത്യോതിപ്പിക്കുന്നവയായിരുന്നെന്നു മു കളിൽ പ്രസ്താവിച്ചിട്ടുള്ള ഭാഗത്തേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ഒന്നാമതായിതന്നെ പ്രതിനിധികളിൽ ഒരുവനാ യിരുന്ന പീലിപ്പോസ് എന്ന പട്ടക്കാരൻ സൂനഹദോ സിനോടു ഇപ്രകാരം ആവശ്യപ്പെട്ടു:

"കുറെ അധികംമുമ്പ്, ശ്ലൈഹിക സിംഹാസന ത്തിൻെറ മെത്രാനായ നമ്മുടെ അതിപരിശുദ്ധനും വന്ദ നീയനുമായ സെലസ്തീനോസു മാപ്പാപ്പാ, പരിശുദ്ധനും അതിനീതിമാനും അതിമെത്രാനും ആയ ക്രറിലോസിനയ ച്ച ലേഖനങ്ങൾ വഴിയായി ഈ കാര്യത്തിൽ ഒരുവിധി പ്രസ്താവിച്ചുകഴിഞ്ഞു. ആ ലേഖനങ്ങൾ നിങ്ങളുടെ വി ശുദ്ധ സംഘത്തിൽ കാണിക്കപ്പെടുകയുംചെയ്തിട്ടുണ്ടല്ലൊ. കത്തോലിക്കാവിശ്വാസത്തിൻെറ സ്ഥിരീകരണത്തിനായി ഞങ്ങൾവഴി അദ്ദേഹം ഒരു ലേഖനം വീണ്ടും അയച്ചിട്ടു ണ്ടു്. അതു വേണ്ട വിധത്തിൽ വായിക്കപ്പെടുവാനും സ ഭാനടപടികളിൽ ചേർക്കപ്പെടുവാനും നിങ്ങൾ കല്പിക്ക ണം" (Kelonsato) (Labbe et Cossart S. J. Con. III. 609 sq.)

ഇതിനേ തുടർന്നു വേറൊരു പ്രതിനിധിയായിരു ന്ന അക്കാലിയൂസു മെത്രാൻ ഇങ്ങനെ പറഞ്ഞു:

"ഇവിടെ ഞങ്ങളാൽ കൊണ്ടുവരപ്പെട്ടിട്ടുള്ള, പരിശുദ്ധനും നിത്യസ്മരണയ്ക്കു യോഗ്യനും, ശ്ലൈഹിക സിംഹാസനത്തിൻെറ മെത്രാനും ആയ സെലസ്തീനോ സിൻെറ ലേഖനം വായിക്കപ്പെടുവാൻ നിങ്ങളുടെ പരി ശുദ്ധത കല്പിക്കണം. അതിൽനിന്നു അദ്ദേഹത്തിനു (സെ ലസ്തീനോസിനു) എല്ലാ സഭകളുടെമേലും ഏതുവിധ ത്തിലുള്ള ശ്രദ്ധയാണുള്ളതെന്നു നിങ്ങളുടെ പരിശുദ്ധത ക്കു് ഗ്രഹിക്കുവാൻ സാധിക്കും" (Ibid.)

ശേഷിച്ച പ്രതിനിധിയും ഒരു മെത്രാനും ആയിരുന്ന പ്രൊജെക്ക്ത്തുസും ഇതുതന്നെ ആവശ്യപ്പെട്ടു.

അപ്പോൾ വി. ക്കുറിലോസ്:-

"അതിവിശുദ്ധനും സദാ അനുഗ്രഹീതനും ശ്ലൈഹികസിംഹാസനത്തിലെ മെത്രാനുമായ സെലസ്തിനോസിൻെറ പക്കൽനിന്നു കൈപ്പററിയിട്ടുള്ള ലേഖനം വേണ്ട ബഹുമാനത്തോടെ വായിക്കപ്പെടട്ടെ" (Ibid.) ഉടനെതന്നെ ലേഖനം വായിക്കപ്പെട്ടു.

ഈ ലേഖനത്തെപ്പററി എന്തെങ്കിലും പറയുന്നതിനുമുമ്പായി രണ്ടാംയോഗത്തിൽ ഇതുവരെ നടന്ന സംഗതികളെപ്പററി സ്വല്പം വിമർശിക്കേണ്ട ആവശ്യമുണ്ട്.

നെസ്തോറിസിൻെറ കാര്യത്തിൽ സെലസ്തിനോസ് കുറെമുമ്പു ചെയ്ത തീരുമാനം നടപ്പിൽ വരുത്തണമെന്നാണ് പ്രതിനിധികൾ ആവശ്യപ്പെടുന്നത്. പീലിപ്പോസ് അതു് ഏറെക്കുറെ വിശദമായി പ്രസ്താവിക്കുന്നുണ്ട്. മററു രണ്ടുപേരും പരോക്ഷമായി അതുതന്നെ ആവശ്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ സൂനഹദോസിൽ വായിക്കണമെന്ന് അവർ ആവശ്യപ്പെടുന്ന ലേഖനത്തിൽ തൻെറ വിധി നടപ്പിൽ വരുത്തണമെന്ന് സൂനഹദോസു പിതാക്കന്മാരോടു സെലസ്തീനാസു കല്പിക്കുന്ന ഒരു ഭാഗമുണ്ടായിരുന്നു. (ഈ ഭാഗം മുകളിൽ ഉദ്ധരിച്ചിട്ടുള്ളതാണല്ലോ.)

പ്രതിനിധികൾ "അഴിച്ചുവിധിയോ", മാപ്പാപ്പായുടെ വിധിയെ അവഗണിച്ചുകൊണ്ടുള്ള പുനരാലോചനയോ, ആവശ്യപ്പെടുന്നില്ലെന്നു സൂക്ഷിച്ചാലും. "മുമ്പു ക്കുട്ടി" തന്നാൽ "നിശ്ചയിക്കപ്പെട്ടവ നടപ്പിൽ വരുത്തുവാൻ" ആയിരുന്നു, സെലസ്തീനാസു പ്രതിനിധികളെ അയച്ചതെന്നുള്ളതു് വിസ്മരിക്കേണ്ട ഒരു സംഗതിയല്ല. സൂനഹദോസു പിതാക്കന്മാരോടെല്ലാവരോടും മേൽപ്രസ്താവിച്ചപ്രകാരം പ്രതിനിധികൾ ആവശ്യപ്പെ

ടുകയും സൂനഹദോസ് അതിൻപ്രകാരം പ്രവൎത്തിക്കയും ചെയ്തു. മാർപ്പാപ്പായുടെ തീരുമാനം പരമാധികാരപരവും പ്രമാദരഹിതവും ആയി കരുതപ്പെട്ടു എന്നല്ലയോ ഇതിൽനിന്നുള്ള അനുമാനം?

ഇനി സെലസ്തിനോസിന്റെ ലേഖനത്തിലേക്ക പ്രവേശിക്കാം. പരമാധികാരത്തേയും അപ്രമാദിത്വത്തേയും സൂചിപ്പിക്കുന്ന ഭാഗങ്ങൾ ആ ലേഖനത്തിൽനിന്ന് മുകളിൽ ഉദ്ധരിച്ചിട്ടുണ്ടെങ്കിലും മററു ചില ഭാഗങ്ങൾ സഹിതം അതേ ഭാഗങ്ങൾതന്നെ ഒരിക്കൽക്കൂടി ആവൎത്തിക്കുക അസ്ഥാനത്താകയില്ല. സുദീൎഘമായ പ്രസ്തുത ലേഖനത്തിലെ ചില ഭാഗങ്ങൾ മാത്രമാണ് താഴെ ഉദ്ധരിക്കുന്നത്.

“എഫേസൂസിൽ സമ്മേളിച്ചിരിക്കുന്ന സൂനഹദോസിന് സെലസ്തീനോസുമെത്രാൻ. സ്നേഹിക്കപ്പെട്ടവരും വത്സലരും ആയ സഹോദരന്മാരേ, കൎത്താവിൽ സ്വസ്തി.

പട്ടക്കാരുടെ ഒരു സംഘം പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന് സാക്ഷ്യമാണ്. . . നാം നമ്മുടെ മുൻഗാമികളെ അനുഗമിക്കണം. അവരുടെ ബഹുമാനത്തിൽ നമുക്കു പങ്കുള്ളതിനാൽ അവരുടെ ജോലി നാമെല്ലാവരും നിൎവ്വഹിക്കതന്നെ വേണം. ശ്ലീഹായുടെ ഉപദേശപ്രകാരം, അവർ ഉപദേശിച്ച ഉപദേശങ്ങൾതന്നെ പ്രസംഗിക്കുന്നതിൽ നാം നമ്മുടെ ശ്രദ്ധ പ്രദേശിപ്പിക്കുന്നുണ്ട്. അവരോട് യാതൊന്നും കൂട്ടുവാൻ പാടില്ല... ശ്ലീഹന്മാരുടെ പിന്തുടൎച്ച വഴിയായി നമുക്കു കൈവന്നിരിക്കുന്ന വിശ്വാസം പരിപാലിക്കുവാൻ നാമെല്ലാവരും ശ്രമിക്കണം. . . അദ്ദേഹം (വി. പൌലോസ്) അദ്ദേഹത്തോട് (വി. തിമോത്തെയോസിനോട്) കല്പിച്ചവ മനസ്സിലാക്കുകയും പ്രവൎത്തിക്കുകയും ചെയ്യണം. മറിച്ചാരും വിചാരിക്കരുത്. വിചിത്രങ്ങളായ കെട്ടുകഥകൾ

ക്കു ആരും ചെവികൊടുക്കാതിരിക്കട്ടെ. ഒന്നുതന്നെ വിചാരിക്കുന്നതിൽ നാം ഏകമനസ്സുള്ളവരാകണം. വാശിനിമിത്തമോ, വ്യർത്ഥത നിമിത്തമോ യാതൊന്നും ചെയ്യേണ്ടതല്ല. നാം ഒരു മനസ്സും ഒരു ഹൃദയവും ഉള്ളവരാകണം. എന്തുകൊണ്ടെന്നാൽ നമ്മുടേതായ വിശ്വാസം അക്രമിക്കപ്പെട്ടിരിക്കുന്നു. ശരീരം മുഴുവനും നമ്മോടുകൂടി വേദന അനുഭവിക്കയും ദുഃഖിക്കയും ചെയ്യണം. . . വാത്സല്യസഹോദരന്മാരേ! ദൈവത്തിന്റെ പോർചട്ട നിങ്ങൾ ധരിപ്പിൻ. . . മെത്രാന്മാരേപ്പററി പ്രത്യേക സൂചനയുള്ള നമ്മുടെ ഉപദേഷ്ടാവിന്റെ വാക്കുകളെ ഒരിക്കൽകൂടി നമുക്കു പരിശോധിക്കാം. "നിങ്ങളേയും, സ്വരക്തത്താൽ അവിടുന്നു വാങ്ങിയ ദൈവത്തിന്റെ സഭയേ ഭരിക്കുവാൻ മെത്രാന്മാരായി പരിശുദ്ധാത്മപി നിങ്ങളെ സ്ഥാപിച്ചിരിക്കുന്ന ആട്ടിൻകൂട്ടത്തെയും നിങ്ങൾ കാത്തുസൂക്ഷിക്കുവിൻ." ഇതു കേട്ടവർ നിങ്ങൾ കൂടിയിരിക്കുന്ന എഫേസൂസിലേക്കു വിളിക്കപ്പെട്ടു എന്നാണല്ലോ നാം വായിക്കുന്നത്. . . . ഗൌരവമേറിയ കാര്യങ്ങൾക്കു യോജിച്ചവിധമുള്ള ബഹുമാനത്തോടെ നമ്മുടെ സ്ഥിരതയേ അവർക്കു നാം വെളിപ്പെടുത്തികൊടുക്കണം. . . . ശ്ലീഹന്മാരാൽ അഭംഗമായി ഏൾപ്പിച്ചുതരപ്പെട്ടിരിക്കുന്നവ നിങ്ങളാൽ പ്രഖ്യാപനം ചെയ്യപ്പെടണം. . . . ഈ വക ചിന്തകളാൽ പ്രേരിതരായി (എന്തുകൊണ്ടെന്നാൽ ശ്ലീഹാ പറയുന്നതുപോലെ നിയമം അറിഞ്ഞിരിക്കുന്നവരോട് ആകുന്നു ഞാൻ സംസാരിക്കുന്നത്. പരിപൂർണ്ണരായവരുടെയിടയിൽ വിജ്ഞാനമാകുന്നു ഞാൻ സംസാരിക്കുന്നത്) കത്തോലിക്കാവിശ്വാസത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുവിൻ; സഭകളുടെ സമാധാനത്തെ ആദരിക്കുവിൻ... വാദത്തിൽ സന്നിഹിതരാകുവാനും, നമ്മാൽ മുമ്പേതന്നെ നിശ്ചയിക്കപ്പെട്ടവ നടപ്പിൽ വരുത്തുവാനും,

പട്ടത്വത്തിൽ നമ്മുടെ വിശുദ്ധ സഹോദരന്മാരായ അക്കാഡിയൂസ്, പ്രൊജെക്ത്തൂസ് എന്ന മെത്രാന്മാരേയും, പീലിപ്പോസ് എന്ന പട്ടക്കാരനേയും നമ്മുടെ ശ്രദ്ധ നിമിത്തം നാം അയക്കുന്നു. തീരുമാനിക്കപ്പെട്ടവ സഭയുടെ രക്ഷയ്ക്കായിട്ടാണെന്ന് കാണുമ്പോൾ നിങ്ങളുടെ പരിശുദ്ധത അവയുടെ നിർവ്വഹണത്തിനു സമ്മതിക്കുമെന്നു നാം സംശയിക്കുന്നില്ല...."

(P. G. 1. 505; Mansi 4. 1287.)

താൻ നിശ്ചയിച്ചതു് നടപ്പിലാക്കുവാൻ മാത്രമായിരുന്നു സെലസ്റ്റീനോസ് സൂനഹദോസിനോടു ആവശ്യപ്പെട്ടതെന്നു ഈ ലേഖനം തെളിവായി പ്രസ്താവിക്കുന്നു. വിധി മുമ്പെതന്നെ നടന്നുകഴിഞ്ഞിരുന്നു. സത്യമെന്തെന്നു തീരുമാനിക്കപ്പെടുകയും ചെയ്തിരുന്നു. "വീണ്ടുവിധിയോ," "പുനരാലോചന"യോ, സത്യമെന്തെന്നു സംശയരഹിതമായി കണ്ടുപിടിക്കുവാനാവശ്യമില്ലെന്നു സെലസ്തീനോസിന്റെ ഉറപ്പുണ്ടു്. തന്റെ വിധി (താത്വികമായ വിധി) അതേ ദൈവത്തിന്റെ വിധി, സ്വീകരിക്കണമെന്നാണു് ഇവിടെ മാർപ്പാപ്പാ ആവശ്യപ്പെടുന്നതു്. അതു സൂനഹദോസ് സ്വന്തമാക്കി പ്രഖ്യാപനംചെയ്യണമെന്നാണ് മാർപ്പാപ്പാ പറയുന്നതു്. മാർപ്പാപ്പായുടെ പ്രമാദരഹിതമായ നിർണ്ണയം നടപ്പിലാക്കുവാൻ സാർവ്വത്രിക സൂനഹദോസു സമ്മേളിക്കാമെന്നല്ലയോ ഇതിൽനിന്നുള്ള അനുമാനം? സാർവ്വത്രിക സൂനഹദോസിന് മാർപ്പാപ്പായേക്കാൾ കൂടുതൽ അധികാരമില്ലെന്നും മാർപ്പാപ്പായോടുകൂടി നില്ക്കുന്ന സാർവ്വത്രിക സൂനഹദോസിനും മാർപ്പാപ്പായ്ക്കും ഒരേ അധികാരമാണുള്ളതെന്നും, തദ്വാരാ മാർപ്പാപ്പായേക്കൂടാതെ സാർവ്വത്രിക സൂനഹദോസോ അപ്രമാദിത്വമോ ഇല്ലെന്നും എന്നാൽ, സാർവ്വത്രിക സൂനഹദോസുകൂടാതെ മാർപ്പാപ്പായ്ക്കു അപ്രമാദിത്വമുണ്ടെന്നും, ഉള്ള കത്തോലിക്കാ ഉപദേശങ്ങൾ സെലസ്തീനോസിന്റെ ലേഖനത്തിൽ ബി

ജത്തിലെന്നപോലെ അടങ്ങിയിട്ടില്ലയോ എന്നു വായനക്കാർ ആലോചിച്ചാലും. സെലസ്തീനോസിൻെറ കല്പന സൂനഹദോസ് ഏതു പ്രകാരം സ്വീകരിച്ചു എന്നു ഇനി പരിശോധിക്കാം.

ലേഖനം വായിച്ചു തീൎന്നപ്പോൾ (ലത്തീൻഭാഷയിലായിരുന്നു ലേഖനം) ഓർശ്ലേമിലെ യൂവനേൽ ഇപ്രകാരം ആവശ്യപ്പെട്ടു.

"അതി പരിശുദ്ധനും, അത്യധികം വന്ദനീയനുമായ വലിയ റോമ്മായുടെ മെത്രാൻെറ ഇപ്പോൾ വായിക്കപ്പെട്ട ലേഖനം (യോഗ) നടപടികളിൽ ചേർക്കപ്പെടണം"

സെലസ്തീനോസിൻെറ പ്രതിനിധിയായിരുന്ന പീലിപ്പോസ്:-

"ശ്ലൈഹിക സിംഹാസനത്തിലെ ലേഖനങ്ങൾ ആദ്യം ലത്തീനിൽ വായിക്കപ്പെടാറുള്ള നടപ്പു മതിയാകുംവണ്ണം നിറവേററപ്പെട്ടിരിക്കുന്നു. എന്നാൽ അതു ഗ്രീക്കിലും വായിക്കപ്പെടണമെന്നു നിങ്ങളുടെ പരിശുദ്ധത ആവശ്യപ്പെടുന്നതിനാൽ, നിങ്ങളുടെ പരിശുദ്ധതയുടെ ആഗ്രഹം നിവൎത്തിക്കപ്പെടേണ്ടതാണ്. ഇപ്രകാരം ചെയ്യപ്പെടുവാനും ലേഖനം ഗ്രീക്കിലേക്കു തർജ്ജമ ചെയ്യപ്പെടുവാനും ഞങ്ങൾ ഏൎപ്പാടു ചെയ്തിട്ടുണ്ട്. ആകയാൽ അതു നിങ്ങളുടെ മുമ്പിൽ വായിച്ചു സ്വീകരിക്കപ്പെടുവാൻ കല്പിക്കണം.

(Labbo at Cossart Ibid.)

ഗ്രീക്കു തർജ്ജമ വായിക്കപ്പെട്ടപ്പോൾ താഴെ കാണുന്ന സന്തോഷവാക്യങ്ങൾ സൂനഹദോസു പിതാക്കന്മാരിൽ നിന്നു പുറപ്പെട്ടു.

"ഇതു നീതിപരമായ ഒരു വിധി തന്നെ. വേറൊരു പൌലോസായ സെലസ്തീനോസിനും, ഒരു പ

തിയ പൌലോസായ ക്രറില്ലോസിന്റം, വിശ്വാസ സംരക്ഷകനായ സെലസ്തീനോസിന്റം ഞങ്ങൾ നന്ദിപറയുന്നു. സൂനഹദോസിനോടുകൂടി ഒന്നായിരിക്കുന്ന സെലസ്തീനോട്ട്, അതേ, സെലസ്തീനോട്ട്, സൂനഹദോസ് മുഴുവനും നന്ദി പറയുന്നു" (Ibid. col. 6.7.)

വിശ്വാസ സംരക്ഷകൻ സെലസ്തീനോസാണെന്നു സൂനഹദോസ് നിസ്സംശയം പ്രസ്താവിക്കുന്നു. അൻകീറാ മെത്രാനായിരുന്ന തെയോദോത്തുസ് കുറെ കഴിഞ്ഞു പറഞ്ഞതും ഇവിടെ ഉദ്ധരിക്കാം.

"അതിവിശുദ്ധനായ സെലസ്തീനോസു മെത്രാൻെറ ലേഖനം വഴിയായി സൂനഹദോസിൻെറ വിധി ശരിയാണെന്ന് ദൈവം പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു" (Mansi 4. 1289.) നോക്കുക, സെലസ്തീനോസിൻെറ വിധി തെററില്ലാത്തതായിരുന്നെന്നു തെയോദോത്തുസ് വിശ്വസിക്കുന്നു. സൂനഹദോസിൻെറ തെററില്ലായ്മയെ അദ്ദേഹം ഗ്രഹിക്കുന്നതു് മാപ്പാപ്പായുടെ വിധിയോട് സൂനഹദോസിൻെറ വിധിയെ തുലനം ചെയ്തുകൊണ്ടാണ്. മാപ്പാപ്പായെ കൂടാതെ സാർവത്രിക സൂനഹദോസില്ലെന്നും, സാർവത്രിക സൂനഹദോസു കൂടാതെ തന്നെ മാപ്പാപ്പായിക്ക് അപ്രമാദിത്വമുണ്ടെന്നും, മാപ്പാപ്പായോടു യോജിച്ചുകൊണ്ടു് സൂനഹദോസിന് വിധി പ്രസ്താവിക്കാമെന്നും ഉള്ള കത്തോലിക്കാ ഉപദേശങ്ങൾ തെയോദോത്തുസിൻെറ വാക്കുകളോടു പൂർണ്ണമായി യോജിക്കുന്നു.

സൂനഹദോസു പിതാക്കന്മാരുടെ കൃതജ്ഞതാപ്രകാശനം കഴിഞ്ഞപ്പോൾ, സെലസ്തീനോസിൻെറ നിശ്ചയം (Tupon) ശരിയായി മനസ്സിലാക്കി അദ്ദേഹത്തിൻെറ തിരുമാനം "പൊതുവിശ്വാസത്തിന്റം കത്തോലിക്കാസഭയുടെ നടപ്പിന്റം തക്കവണ്ണം പരിപൂർണ്ണമായി" നടപ്പിൽ

വരുത്തുവാൻ എല്ലാവരും ശ്രമിക്കണമെന്ന് പ്രൊജെക്ക്ത്തുസ് എന്ന പ്രതിനിധി സൂനഹദോസിനെ ഉപദേശിച്ചു. (Mansi 4. 1287. Labbe and Cossart. Ibid. Col. 617.)

അപ്പോൾ (കേസറിയായിലുള്ള) കപ്പദോക്കിയായിലെ ഫീർമൂസ്:—

"ദൈവത്തിനിഷ്ടപ്പെട്ടവരായ അലക്സാന്ത്രിയായിലെ ക്രൂറിലോസിനും, ഓർശ്ലേമിലെ യൂവനേലിനും, തെസ്സലോനിക്കായിലെ റുഫൂസിനും, ബൊസന്തിയാ അന്തിയോക്കിയാ എന്ന സഭകൾക്കും അയച്ച ലേഖനങ്ങൾ മൂലം അതി വിശുദ്ധ മെത്രാനായ സെലസ്തീനോസിൻെറ ശ്ലൈഹികവും വിശുദ്ധവുമായ സിംഹാസനം <u>ഈ വിഷയത്തിൽ അനുസരിക്കേണ്ട വിധിതീർപ്പും നിയമവും (Psephon kai Tupon) മുമ്പേ തന്നേ നിശ്ചയിച്ചുകഴിഞ്ഞു. . . .</u> അയാളുടെ മേൽ കാനോനികവും ശ്ലൈഹികവും ആയ ഒരു വിധി പ്രസ്താവിച്ചുകൊണ്ട് ഇതു തന്നെ ഞങ്ങളും അനുസരിച്ച്, നിയമം (Tupon) നടപ്പിൽ വരുത്തിയിരിക്കുന്നു." (Ibid.)

സെലസ്തീനോസ് ആദ്യം പ്രസ്താവിച്ച വിധി സൂനഹദോസിൻെറ ഒന്നാം യോഗം അവഗണിച്ചില്ലെന്നല്ലയോ ഇതിൽ നിന്നുള്ള അനുമാനം? സെലസ്തീനോസിൻെറ തീരുമാനം, വിശദീകരണ പരിശോധനയുടെ ശേഷം നടപ്പിൽ വരുത്തുക മാത്രമാണ് ഒന്നാം യോഗം ചെയ്തിട്ടുള്ളത്. "പുനരാലോചന"യോ, "അഴിച്ചുവിധിയോ" അവിടെ നടന്നിട്ടില്ലെന്നും സൂനഹദോസ് സെലസ്തീനോസിനോടു യോജിച്ചു പ്രവർത്തിക്കയാണ് ചെയ്തിട്ടുള്ളതെന്നും ഫീർമൂസ് സാക്ഷ്യം വഹിക്കുന്നു.

കാനോനികവും ശ്ലൈഹികവുമായ ഒരു വിധി സൂനഹദോസു പ്രസ്താവിച്ചു എന്നു ഫീർമൂസ് പറയുന്നു.

ഒന്നാം യോഗനിശ്ചയത്തിൽ "കാനോനകളാലും സെലസ്തീനോസിൻെറ ലേഖനത്താലും നിർബന്ധിക്കപ്പെട്ട്" എന്നൊരു ഭാഗമുള്ളതായി വായനക്കാക്കറിയാമല്ലൊ. ആ നിശ്ചയത്തിലെ "കാനോനാകളേയും" "സെലസ്തീനോസിൻെറ ലേഖനത്തെയുമാണ്" ഫിർമൂസിൻെറ "കാനോനികം" "ശ്ലൈഹികം" എന്ന വിശേഷണങ്ങൾ യഥാക്രമം സൂചിപ്പിക്കുന്നത്. സെലസ്തീനോസിൻെറത് ശ്ലൈഹിക സിംഹാസനമാണെന്ന് ഫിർമൂസ് പറഞ്ഞിരിക്കുന്നതു സൂക്ഷിച്ചാലും.

ഫിർമൂസിൻെറ പ്രസ്താവന കേട്ടയുടനെ ഒന്നാം യോഗനിശ്ചയം തങ്ങളെ കേൾപ്പിക്കണമെന്ന് പ്രോജെക്ത്തൂസ് ആവശ്യപ്പെട്ടു. പീലിപ്പോസും അതു തന്നെ ആവശ്യപ്പെട്ടു. അദ്ദേഹത്തിൻെറ വാക്യങ്ങൾ താഴെ ചേക്കുന്നു:—

"പരിശുദ്ധനും അനുഗ്രഹീതനുമായ മാപ്പാപ്പായുടെ ലേഖനം വായിച്ചശേഷം .... നിങ്ങളുടെ വിശുദ്ധ സ്വരത്താലും വാക്കുകളാലും നിങ്ങളുടെ പരിശുദ്ധമായ ശിരസ്സിനോടു പരിശുദ്ധ അംഗങ്ങളായി നിങ്ങളെത്തന്നെ നിങ്ങൾ ചേത്തതിൽ പരിശുദ്ധവും വന്ദനീയവുമായ സൂനഹദോസിനു ഞങ്ങൾ നന്ദിപറയുന്നു. എന്തുകൊണ്ടെന്നാൽ വി. പത്രോസു ശ്ലീഹാ വിശ്വാസം മുഴുവൻെറയും എന്നുതന്നെയല്ല ശ്ലീഹന്മാരുടെ കൂടെയും തലവനാണെന്നുള്ളതു് നിങ്ങളുടെ പരിശുദ്ധത അറിയാതിരിക്കുന്നില്ല. ഞങ്ങളുടെ ബലഹീനത ..... (ഇവിടെ) എത്തിയിരിക്കുന്ന സ്ഥിതിക്ക്, വന്ദനീയനായ നമ്മുടെ മാപ്പാപ്പായുടെയും ഇപ്പോഴത്തെ ഈ പരിശുദ്ധ സമ്മേളനത്തിൻെറയും മനസ്സുപോലെ, ഞങ്ങളുടെ വരവിനു മുമ്പായി ഈ പരിശുദ്ധ സൂനഹദോസിൽ നടത്തപ്പെ

ട്ടവ, ഞങ്ങളുടെ മനസ്സിൽ വയ്ക്കപ്പെടേണം. ആയതു്, വന്ദനീയനായ നമ്മുടെ മാപ്പാപ്പായുടെയും ഇപ്പോഴത്തെ പരിശുദ്ധ സമ്മേളനത്തിന്റെയും അഭീഷ്ടംപോലെ (mind) ഞങ്ങൾ അവയിൽ(നടത്തപ്പെട്ടവയിൽ)ഉണ്ടായ നിശ്ചയങ്ങളെ സ്ഥിരീകരിക്കുവാൻതന്നെ” (Labbo and Cossart Ibid) അൻകിറാമെത്രാനായിരുന്ന തെയൊദൊത്തുസ് പീലിപ്പോസ് പറഞ്ഞതിനെ പിന്താങ്ങുകയും പീലിപ്പോസിന്റെ ആവശ്യംപോലെ കാര്യം നടക്കുമെന്നു് ഉറപ്പു പറയുകയും ചെയ്തു. തെയൊദൊത്തുസിന്റെ വാക്യങ്ങളിൽ ചിലതു് മുകളിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ.

ഒന്നാം യോഗത്തിൽ സംബന്ധിക്കുവാൻ സാധിക്കാഞ്ഞതിനാൽ അതിന്റെ നിശ്ചയങ്ങൾ കാണേണമെന്നും സ്ഥിരീകരിക്കണമെന്നും ആണു് പീലിപ്പോസ് ആവശ്യപ്പെടുന്നതു്. സൂനഹദോസു നിയമങ്ങൾക്കു് മാപ്പാപ്പാ അംഗീകരണം കൊടുത്തില്ലെങ്കിൽ വിലയില്ലെന്നാണ് കത്തോലിക്കാ ഉപദേശം. പത്രോസുശ്ലീഹാ, മറ്റു ശ്ലീഹന്മാരുടെ തലവനാണെന്നും അതു് എല്ലാവരും വിശ്വസിച്ചിരിക്കുന്ന ഒരു സത്യമാണെന്നും പീലിപ്പോസ് പ്രസ്താവിക്കുന്നു. പത്രോസ് ശ്ലീഹായിക്കു് മറ്റു ശ്ലീഹന്മാരുടെ മേൽ സാക്ഷാൽ അധികാരമുണ്ടായിരുന്നു എന്നാണ് പീലിപ്പോസിന്റെ വാക്യങ്ങൾ സൂചിപ്പിക്കുന്നതു്. യാതൊരു പ്രാതികൂല്യവും സൂനഹദോസിൽ ഉണ്ടായില്ല. സകലവിധ ആനുകൂല്യങ്ങളും അതിൽ പ്രത്യക്ഷപ്പെട്ടു.

ഇത്രയുംകൊണ്ടു് രണ്ടാം യോഗം അവസാനിച്ചു.

# ഒമ്പതാം അദ്ധ്യായം.

## മൂന്നാം യോഗം.

മൂന്നാം യോഗം സമ്മേളിച്ച അവസരത്തിൽ, ഒന്നാം യോഗത്തിലെ നടപടികൾ വായിച്ചില്ലയോ എന്ന് ഓർസ്ലേമിലെ യുവനേൽ ചോദിച്ചപ്പോൾ, വായിച്ചു എന്നും, എന്നാൽ പരസ്യമായി വീണ്ടും വായിക്കപ്പെടണമെന്ന് പീലിപ്പോസ് നിർബന്ധം പറഞ്ഞു. പീലിപ്പോസിൻെറ നിർബന്ധത്തിനുള്ള ന്യായം അദ്ദേഹത്തിൻെറ വാക്യങ്ങളിൽതന്നെ താഴെ ചേർത്തുകൊള്ളുന്നു.

"(ഞങ്ങളെ ഈ ജോലി ഭരമേല്പിച്ച) അതിവിശുദ്ധനായ സെലസ്തീനോസ് മാർപ്പാപ്പായുടെയും നിങ്ങളുടെ പരിശുദ്ധതയുടെയും നിയമം (വിധി Typo) ഞങ്ങൾ അനുസരിക്കുന്നതിനും വിധിതീർപ്പ് ഞങ്ങൾ സ്വീകരിക്കുന്നതിനും (Bobaiosai) ആണ് (ഇങ്ങനെ ആവശ്യപ്പെടുന്നതു്)". (Labbo et Cossart Conc. III. col. 621.)

മാർപ്പാപ്പായുടെ വിധി എന്തായിരുന്നു എന്ന് പീലിപ്പോസു അറിഞ്ഞിരുന്നു. ആകയാൽ, അതിനോട് യോജിച്ച് സൂനഹദോസ് പ്രവർത്തിച്ചെങ്കിൽ ആപ്രവൃത്തിയെ അംഗീകരിക്കുവാൻ ആണ് അദ്ദേഹം ശ്രമിക്കുന്നതെന്ന് വ്യക്തമാകുന്നു. രണ്ടാംയോഗത്തിൻെറശേഷം ഒന്നാം യോഗത്തിലെ നടപടികൾ മാർപ്പാപ്പായുടെ പ്രതിനിധികൾ രഹസ്യമായി വായിച്ചുഎന്നും മേൽ പ്രസ്താവിച്ചവ തെളിയിക്കുന്നുണ്ടല്ലോ. ഒന്നാം യോഗത്തിലെ നടപടികൾ പരസ്യമായിവായിക്കപ്പെടണമെന്ന് എഫേസൂസിലെ മെമ്നൻ അപ്പോൾ ആവശ്യപ്പെടുകയും അപ്രകാരം ന

ടക്കുകയും ചെയ്തു. നടപടികൾ വായിച്ചു തീൎന്നപ്പോൾ പീലിപ്പോസ് ഇപ്രകാരം പ്രസംഗിച്ചു.

"പരിശുദ്ധനും അതിപൂജ്യനും ശ്ലീഹന്മാരുടെ പ്രഭുവും അവരിൽ പ്രധാനനും വിശ്വാസത്തിന്റെ സ്തംഭവും സഭയുടെ അടിസ്ഥാനവുമായ പത്രോസ് രാജ്യത്തിന്റെ താക്കോലുകൾ കൈപ്പററി എന്നതും പാപങ്ങൾ വിമോചിക്കുന്നതിനും പിടിക്കുന്നതിനുമുള്ള അധികാരം അദ്ദേഹത്തിനു നൽകപ്പെട്ടു എന്നതും ഇതുവരെയും എല്ലാസമയത്തും തന്റെ പിൻഗാമികളിൽ അദ്ദേഹം ജീവിക്കുകയും വിധിക്കുകയും ചെയ്യുന്നു എന്നതും സത്യമായും സംശയരഹിതമായും എല്ലാക്കാലത്തും അറിയപ്പെട്ടിരിക്കുന്നവയാണ്. ആകയാൽ അദ്ദേഹത്തിന്റെ ന്യായാനുസരണപിൻഗാമിയും അന്തസ്ഥാനമുള്ളയാളും അതിവിശുദ്ധനും അതിപൂജ്യനും ആയ മാപ്പാപ്പാ— സെലസ്തീനോസു മെത്രാൻ— തന്റെ സ്ഥാനത്തു ഞങ്ങളെ അയച്ചിരിക്കുന്നു. . . . ആകയാൽ അയാൾ (നെസ്തോറീസ്) സഭയുടെ ഐക്യത്തിൽനിന്നു വേർപെടുത്തപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിയുവിൻ."

(Mansi 4. 1299.; Hardouin I. p. 1482.; Labbe et Cossart. III. 621.)

ഇതുപരസ്യമായി മാപ്പാപ്പായുടെ പരമാധികാരത്തെപ്പററിയുള്ള ഇത്ര തുറന്ന ഒരു പ്രസ്താവന, സൂനഹദോസിൽ ഒട്ടും അപ്രധാനനല്ലാതെ വൎത്തിച്ച പീലിപ്പോസിൽ നിന്നു പുറപ്പെട്ടപ്പോൾ സൂനഹദോസു യാതൊരു നൂതനത്വവും ആ പ്രസ്താവനയിൽ കണ്ടെത്തിയില്ല. വിശ്വാസത്തെ അപാരമായി ബാധിക്കുന്ന ഈ തത്വം നൂതനമായിരുന്നെങ്കിൽ സൂനഹദോസു പീലിപ്പോസിനെ വിരോധിക്കുമായിരുന്നു. സൂനഹദോസിൽ യാതൊരു മാററവും ഉണ്ടായില്ലെന്നുതന്നെയല്ല, വി. ക്കുറില്ലോസു തന്നെയും പീലിപ്പോസിന്റെ പ്രസംഗം സ്വന്തവും

സൂനഹദോസിന്റെയും ആയി സ്വീകരിക്കുകയാണ് ചെയ്തതു്. എങ്ങിനെയെന്നാൽ, പീലിപ്പോസിന്റെ പ്രസംഗാനന്തരം പ്രതിനിധികൾ ഓരോരുത്തരും, സൂനഹദോസിന്റെ ഒന്നാം യോഗത്തെപ്പറ്റി പ്രസ്താവിക്കുന്നതിനു മുമ്പായി, "മാർപ്പാപ്പായുടെ നിശ്ചയപ്രകാരം നെസ്തോറിസിനെ ശപിക്കുന്നു" എന്നു പ്രഖ്യാപനം ചെയ്തുകഴിഞ്ഞപ്പോൾ, വി. കൂറിലോസ് ഇപ്രകാരം പ്രസ്താവിച്ചു:—

"അതിപരിശുദ്ധന്മാരും പുണ്യവാന്മാരുമായ അർക്കാദിയൂസ് പ്രൊജെക്ക്ത്തൂസ് എന്ന മെത്രാന്മാരാലും റോമ്മാസഭയിലെ അതിപരിശുദ്ധ പട്ടക്കാരനായ പീലിപ്പോസിനാലും പ്രസ്താവിക്കപ്പെട്ടവ സൂനഹദോസിനു് വിശദങ്ങളായിട്ടുണ്ടു്. ശ്ലൈഹികസിംഹാസനത്തിന്റെയും, പാശ്ചാത്യദിക്കിലെ ദൈവേഷ്ടന്മാരും അതിപരിശുദ്ധന്മാരും ആയ മെത്രാന്മാരുടെ സൂനഹദോസിന്റെയും പ്രാതിനിധ്യം വഹിച്ചുകൊണ്ടാണ് അവർ അവരുടെ പ്രസ്താവനകൾ ചെയ്തിട്ടുള്ളതു്. ആകയാൽ ദൈവത്തിനിഷ്ടപ്പെട്ട മെത്രാനായ അതിപരിശുദ്ധ സെലസ്തീനോസിനാൽ നിർണ്ണയിക്കപ്പെട്ടവ നടപ്പിലാക്കപ്പെടട്ടെ. എഫേസൂസ് പട്ടണത്തിൽ സമ്മേളിച്ച വി. സൂനഹദോസിനാൽ, പാഷണ്ഡനായ നെസ്തോറീസിനു വിരോധമായി കല്പിക്കപ്പെട്ട വിധി (vote) എല്ലാവരാലും സമ്മതിക്കപ്പെടട്ടെ. ഈ ഉദ്ദേശ്യത്തിനായി ഇന്നലത്തെയും ഇന്നത്തെയും കാര്യങ്ങൾ, എഴുതപ്പെട്ട നടപടികളോടു് ചേർക്കപ്പെടട്ടെ. നടപ്പുപോലെ അവരുടെ കൈയൊപ്പാൽ, നമ്മോടെല്ലാവരോടും കൂടിയുള്ള അവരുടെ കാനോനികമായ യോജിപ്പു് പ്രത്യക്ഷപ്പെടുവാൻ അവരുടെ പരിശുദ്ധതയുടെ മുമ്പിൽ സമർപ്പിക്കപ്പെടട്ടെ.

(Mansi 4. 1300. Labbe et Cossart III. col. 621.)

ഇത്രയുമല്ല, സൂനഹദോസുപിതാക്കന്മാർ, പ്രസ്തുത പ്രസംഗം സൂനഹദോസു നടപടികളിൽ ഉൾപ്പെടുത്തുകകൂടെ ചെയ്തു. "Pastor Aetrnus" എന്ന സാധനത്തിൽ വത്തിക്കാൻസൂനഹദോസ് 1870-ൽ ഇതേപ്രസംഗംതന്നേ ഉദ്ധരിക്കുന്നുമുണ്ട്. "Pastor Aeternus" എന്ന സാധനത്തിലാണ് മാപ്പാപ്പായുടെ പരമാധികാരവും, അപ്രമാദിതവും വത്തിക്കാൻ സൂനഹദോസ് നിർണ്ണയം ചെയ്തിട്ടുള്ളതു്.

യോഗനടപടികളിൽ ഒന്നാം സ്ഥാനത്തു് ഒപ്പിട്ടിരിക്കുന്നതു് വി. ക്രുറിലോസാണ്. പിന്നീട് പീലിപ്പോസിൻെറയും ഓർശ്ലേമിലെ യൂവനേലിൻെറയും ശേഷിച്ച രണ്ടു പ്രതിനിധികളുടെയും പേരുകൾ കാണപ്പെടുന്നു. (Mansi. 4 1302.) എന്നാൽ നാലാം യോഗത്തിൽ ക്രുറിലോസും, മാപ്പാപ്പായുടെ മററു പ്രതിനിധികളും കഴിഞ്ഞശേഷമാണ് യൂവനേൽ പ്രത്യക്ഷനാകുന്നതു്. അവിടെ പീലിപ്പോസിനുള്ള സ്ഥാനം പ്രതിനിധികളിൽ ഏററം താഴ്ന്നതായിരുന്നു. (Mansi. 4. 1306.) ഇവിടെയെല്ലാം വി. ക്രുറിലോസ് മാപ്പാപ്പായുടെ പ്രതിപുരുഷനാണെന്നു രേഖപ്പെടുത്തിയിട്ടുമുണ്ട്. ഒന്നാം യോഗത്തിലും താൻ മാപ്പാപ്പായുടെ പ്രതിപുരുഷനാണെന്ന് ക്രുറിലോസ് വിശദമായി പ്രസ്താവിച്ചിരിക്കുന്നു.

(Mansi. 4. 1279.)

റോമ്മായിലെ പ്രതിനിധികൾ ചെയ്ത തീരുമാനം സൂനഹദോസ് ഇരുചക്രവത്തികളേയും അറിയിച്ചു. (Mansi. 4. 1301.) പാശ്ചാത്യമെത്രാന്മാരുടെ തീരുമാനവും പ്രസ്തുത തീരുമാനവും ഒന്നുതന്നേയായിരുന്നെന്നും ചക്രവത്തികൾ ഉൽബോധിപ്പിക്കപ്പെട്ടു.

സെലസ്തീനോസു മാപ്പാപ്പായിക്കു സൂനഹദോസു ഇപ്രകാരമെഴുതി:

"അങ്ങേ ബഹുമതിയാൽ നിർണ്ണയിക്കപ്പെട്ടവ

(Ta Orismena) സാധുവായും ബലമായും ഇരിക്കുമെന്നു ഞങ്ങൾ കരുതുന്നു." (Mansi 4. 1329.)

സെലസ്തീനോസു താത്വികമായി ചെയ്ത അവസാനതീരുമാനത്തെ അവഗണിച്ചോ, അതു സാധുവാണോ എന്ന സംശയത്തിലോ അല്ല, ഒന്നാം യോഗം പ്രവത്തിച്ചതെന്നു രണ്ടും മൂന്നും യോഗങ്ങളിൽനിന്നു വ്യക്തമാകുന്നു. രണ്ടും മൂന്നും യോഗങ്ങൾ സെലസ്തീനോസിൻെറ തീരുമാനം നടപ്പിൽ വരുത്തുക മാത്രമാണ് ചെയ്യുന്നതു്. ഒന്നാംയോഗത്തിലെ നിശ്ചയം മാപ്പാപ്പായുടെ പ്രതിനിധികൾ സ്ഥിരീകരിക്കുകയുംചെയ്തു. സെലസ്തീനോസിൻെറ തീരുമാനം സൂനഹദോസിനു വളരെമുമ്പു നടന്നു കഴിഞ്ഞു. അതു നടപ്പിലാക്കണമെന്നുള്ള സെലസ്തീനോസിൻെറ കല്പന സൂനഹദോസ് അനുസരിക്കണം എന്നല്ലാതെ, അതും ഒന്നാംയോഗത്തിലെ നിശ്ചയവും ഒന്നുതന്നെയോ എന്നു പരിശോധിക്കണമെന്നോ, ഒന്നുതന്നെയായതിനാൽ മാത്രം മാപ്പാപ്പായുടേതു നടപ്പിലാക്കണമെന്നോ അല്ല പ്രതിനിധികൾ ആവശ്യപ്പെടുന്നതു്. സെലസ്തീനോസിൻെറ കല്പനപ്രകാരം സൂനഹദോസ് പ്രവത്തിക്കുവാൻ സെലസ്തീനോസിൻെറ കല്പന അവർ സൂനഹദോസിൽ വായിച്ചു. മാപ്പാപ്പാ നിശ്ചയിച്ചതു നടപ്പിലാക്കണമെന്നായിരുന്നു ആ കല്പനയുടെ സാരം. മാപ്പാപ്പായും പ്രതിനിധികളും ആവശ്യപ്പെട്ടതുപോലെ സൂനഹദോസു പ്രവത്തിച്ചു. സെലസ്തീനോസ് പത്രോസിൻെറ പിൻഗാമി ആയതിനാൽ സഭയുടെ തൂണാണെന്ന് പ്രതിനിധികൾ സൂനഹദോസു പിതാക്കന്മാരേ ഉൽബോധിപ്പിക്കയും ഉണ്ടായി. സൂനഹദോസിൻെറ ഒന്നാം യോഗത്തിലെ നിശ്ചയത്താൽ മാപ്പാപ്പായുടെ വിധി അംഗീകരിക്കപ്പെട്ടതായോ പ്രമാദരഹിതമെന്നു തെളിഞ്ഞതായോ അവർ കരുതുന്നില്ല. സൂനഹദോസിൻെറ നിശ്ചയത്തെ കാൎയ്യമായി അവർ പരിഗണിച്ചെങ്കിൽ അതു് ആ

നിശ്ചയം മാപ്പാപ്പായുടെ നിശ്ചയത്തോട് യോജിച്ചിരുന്നതിനാലായിരുന്നു. സൂനഹദോസിന്റെ നിശ്ചയത്തെ അനുസ്മരിക്കാതെയാണ്. സെലസ്തീനോസിന്റെ വിധിപ്രകാരം അവർ നെസ്തോറീസിനെ ശപിച്ചതു്. ഈ സംഭവങ്ങളിൽനിന്നുള്ള അനുമാനം സ്പഷ്ടമല്ലയോ? ഒന്നാം യോഗത്തിൽ "പുനരാലോചന"യോ "അഴിച്ചുവിധി"യോ നടന്നിട്ടില്ലെന്നാണ് ശരിയായ അനുമാനം. അപ്രകാരം വല്ലതും നടന്നെങ്കിൽ രണ്ടും മൂന്നും യോഗങ്ങളിലെ പ്രവൃത്തികളാൽ സൂനഹദോസു അതു പിൻവലിച്ചിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ ഒന്നാംയോഗത്തെ ആശ്രയിച്ചുകൊണ്ടല്ല രണ്ടും മൂന്നും യോഗങ്ങളിൽ മാപ്പാപ്പായുടെവിധിപ്രകാരം സൂനഹദോസു പ്രവത്തിച്ചതു്. ഒന്നാംയോഗത്തെപ്പററി കേട്ടയുടനേ അതു് തങ്ങളാൽ സ്ഥിരീകരിക്കപ്പെടണമെന്ന് പ്രതിനിധികൾ ആവശ്യപ്പെടുകയും അപ്രകാരം പ്രവത്തിക്കയും ചെയ്തു. മാപ്പാപ്പായുടെ നിണ്ണയം നടപ്പിൽ വരുത്തുക മാത്രമാണല്ലൊ രണ്ടും മൂന്നും യോഗങ്ങളിൽ സൂനഹദോസ് ചെയ്തതു്. മാപ്പാപ്പായുടെ വിധി ഒന്നാംയോഗത്തിൽ അഴിച്ചുവിധിക്കയോ പുനരാലോചനക്കെട്ടുകകയോ ചെയ്തെങ്കിൽ സൂനഹദോസിന്റെ ആ പ്രവൃത്തിയും, രണ്ടും മൂന്നും യോഗങ്ങളിലെ പ്രവൃത്തിയും, പരസ്പരവിരുദ്ധങ്ങളാണെന്നു വരും. ആകയാൽ ഒന്നാംയോഗത്തിൽ അഴിച്ചുവിധിയോ പുനരാലോചനയോ നടന്നെന്നു വാദിക്കുന്നവർ രണ്ടും മൂന്നും യോഗങ്ങളിൽ അതു പിൻവലിക്കപ്പെട്ടു എന്നും കൂടി സമ്മതിക്കണം. ഒന്നാം യോഗത്തിൽ വിശദീകരണ പരിശോധന (Revision of Elucidation) മാത്രമേ നടന്നിട്ടുള്ളു എന്നു സമ്മതിച്ചാൽ ഒന്നും രണ്ടും മൂന്നും യോഗങ്ങൾ പരസ്പരവിരുദ്ധങ്ങളല്ലെന്നു കാണാം. ഒന്നാം യോഗത്തിലെ നടപടി വിശദീകരണ പരിശോധനയായി കരുതപ്പെടാമെന്ന് മുകളിൽ തെളിയി

ച്ചിട്ടുമുണ്ട്. ഒന്നാംയോഗത്തിൽ നടന്നതു വിശദീകരണ പരിശോധനയല്ലായിരുന്നു എന്നു പ്രതിനിധികൾ ധരിച്ചിരുന്നെങ്കിൽ മേൽപ്രസ്താവിച്ച പ്രകാരം അവർ വർത്തിക്കുമായിരുന്നോ?

ഒന്നാം യോഗത്തിൽ അഴിച്ചു വിധിയോ പുനരാലോചനയോ നടന്നെന്നു വാദിക്കുന്നവർ, ആ യോഗത്തിൽ സൂനഹദോസു പിതാക്കന്മാൎക്കു പ്രമാദം സംഭവിച്ചു എന്നു സമ്മതിക്കണം. എന്തുകൊണ്ടെന്നാൽ രണ്ടും മൂന്നും യോഗങ്ങളിലെ നടപടി, മേൽ പറഞ്ഞ തരത്തിലുള്ള നടപടിക്കു വിരുദ്ധമായിരുന്നു. അഴിച്ചു വിധിയോ പുനരാലോചനയൊ നടത്തിയതിൽ (നടത്തിയെങ്കിൽ) സൂനഹദോസുപിതാക്കന്മാൎക്കു തെററു വന്നില്ലെങ്കിൽ, രണ്ടും മൂന്നും യോഗങ്ങളിൽ അവൎക്കു തെററു വന്നെന്നോ, അവർ മാൎപ്പാപ്പായുടെ പ്രതിനിധികളെ വഞ്ചനപ്രവൃത്തികളാൽ കബളിപ്പിച്ചെന്നോ പറയേണ്ടിവരും. സാക്ഷാൽ ചരിത്രകാരന്മാരും സത്യാന്വേഷികളുമായ അകത്തോലിക്കർ, ഒന്നാമത്തേതു് ഒരു വിശദീകരണ പരിശോധനയായി മാത്രമേ പരിഗണിക്കുന്നുള്ളു. ഒന്നാം യോഗനടപടികൾ, പരിശോധനയുടെ ശേഷം മാൎപ്പാപ്പായുടെ പ്രതിനിധികൾ ഉറപ്പിക്കയല്ലയോ ചെയ്തതു്? ആ സംഭവം നടന്നതു് മൂന്നാം യോഗത്തിലായിരുന്നു. ആകയാൽ രണ്ടും മൂന്നും യോഗങ്ങളാണു് നെസ്തോറീസിനെ ശപിച്ചതെന്നു തെളിയുന്നു. ഒന്നാം യോഗം മൂന്നാം യോഗത്തിൽ ലയിച്ചു പോകുന്നു.

# പത്താം അദ്ധ്യായം.

## മററു യോഗങ്ങൾ.

എഫേസൂസു സൂനഹദോസിന്റെ ഒന്നും രണ്ടും മൂന്നും യോഗങ്ങളെപ്പററി പ്രസ്താവിച്ചു കഴിഞ്ഞു. മാപ്പാപ്പായുടെ അധികാരങ്ങൾ സ്ഥാപിക്കുവാൻ അവ ധാരാളം മതിയെങ്കിലും മററു യോഗങ്ങൾ സംബന്ധിച്ചുകൂടെയും കുറെ പറയണമെന്നു കരുതുന്നു. അന്തിയോക്കിയായിലെ യോഹന്നാനെ നേരിട്ടു ബാധിക്കുന്നതാണ് അതിലൊന്ന്.

കത്തോലിക്കരും അകത്തോലിക്കരുമായ അന്തിയോക്കിയാ ബന്ധുക്കളെല്ലാവരും, എഫേസൂസ് സൂനഹദോസു സ്വീകരിക്കുന്നവരാണ്. വി. പത്രോസ് തന്റെ പരമാധികാരം അന്തിയോക്കിയായിലാണ് ശാശ്വതമായി സ്ഥാപിച്ചതെന്ന് അകത്തോലിക്കരായ ചില അന്തിയോക്കിയാ ബന്ധുക്കൾ ഇപ്പോൾ വാദിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ എഫേസൂസ് സൂനഹദോസ് ഈ വാദത്തെ ഖണ്ഡിക്കുക തന്നെയാണ് ചെയ്യുന്നത്. അന്തിയോക്കിയാ പാത്രിയക്കീസായിരുന്ന യോഹന്നാന് എഫേസൂസിലുണ്ടായ അനുഭവം നമ്മുടെ ശ്രദ്ധക്ക് പ്രത്യേകം വിഷയീഭവിക്കേണ്ട ഒന്നാണ്. യോഹന്നാൻ എഫേസൂസ് സൂനഹദോസിൽ സംബന്ധിക്കാതെ അതിനു വിരോധമായി വളരെ എല്ലാം പ്രവർത്തിച്ചു എന്ന് മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. സൂനഹദോസ് യോഹന്നാന്റെ മേൽ കുററമാരോപിച്ചു. സമാധാനം പറയുവാൻ മാപ്പാപ്പായുടെ പ്രതിനിധികളുടെ പക്കൽ യോഹന്നാൻ ഹാജരാകാഞ്ഞതിനാൽ ഓർശ്ലേമിലെ യുവനേൽ ഇപ്രകാരം പ്രസ്താവിച്ചു:-

"അന്തിയോക്കിയായുടെ മെത്രാനായ യോഹന്നാൻ തൻെറ പേരിൽ ആരോപിക്കപ്പെട്ട കുററങ്ങളെപ്പററി സമാധാനം പറയുവാൻ, നമ്മുടെ ഒരുമിച്ച് ഈ സാർവ്വത്രിക സൂനഹദോസിൽ എഴുന്നള്ളിയിരിക്കുന്ന വലിയ റോമ്മായുടെ ശ്ലൈഹിക സിംഹാസനത്തിങ്കൽ വന്നുചേരേണ്ടതു് ആവശ്യമാണ്. ആ സിംഹാസനത്താൽ അന്തിയോക്കിയാ സിംഹാസനം ഭരിക്കപ്പെടുകയും വിധിക്കപ്പെടുകയും ചെയ്യുക ശ്ലൈഹിക നിയമത്തിനും പാരമ്പര്യത്തിനും യോജിച്ച കാര്യമാണ്."

അന്തിയോക്കിയാ റോമ്മായാൽ വിധിക്കപ്പെടുക പതിവാണെന്നു പ്രസ്താവിച്ച ഉടനേ തന്നെ ഓർശ്ലേമിനാലും അന്തിയോക്കിയാ വിധിക്കപ്പെടാറുണ്ടെന്ന് യുവനേൽ പറയാതിരുന്നില്ല. അന്തിയോക്കിയായെ അടിപെടുത്തുവാൻ യുവനേൽ പ്രയോഗിച്ച ഒരു തന്ത്രമായിരുന്നു അതു്. സൂനഹദോസ് പ്രത്യക്ഷമായി സ്വീകരിച്ചിരുന്ന റോമ്മാ അധികാരത്തോടു് അന്തിയോക്കിയായെ വേണ്ടവിധം ഘടിപ്പിച്ചശേഷം ഓർശ്ലേമിൻെറ കാര്യം കൂടി അറിയാതെ കടത്തിവിടാമെന്നാണ് യുവനേൽ കരുതിയതു്. പക്ഷേ ഫലം നേരേ മറിച്ചായിരുന്നു. ക്രൂറിലോസു യുവനേലിനേ വിരോധിച്ചു. അന്തിയോക്കിയാ പാത്രിയർക്കീസായിരുന്ന മാക്സിമൂസിന് റോമ്മായിലെ ലെഓൻ മാർപ്പാപ്പാ എഴുതിയ ലേഖനത്തിൽ നിന്നു യുവനേലിൻെറ അനുഭവം എന്തായിരുന്നു എന്നു വ്യക്തമാകുന്നുണ്ട്. നിക്കിയാ സൂനഹദോസിൻെറ കാനോനാകളെ ലംഘിക്കുവാൻ പലർ ശ്രമിച്ചിട്ടുണ്ടെന്നു പറഞ്ഞശേഷം ലെഓൻ മാർപ്പാപ്പാ തുടർന്നുപറയുന്നു: "... എഫേസൂസ് സൂനഹദോസിൽ വെച്ച് യുവനേൽ മെത്രാൻ പലസ്തീനാ പ്രദേശങ്ങളിൽ തനിക്കധികാരം കിട്ടുമെന്നും കൃപാശ്ക്കത്തുകളാൽ അക്രമപ്രവൃത്തിയെ ഉറപ്പിക്കാമെന്നും വിശ്വസിച്ചു. അതിങ്കൽ ഭാഗ്യസ്മരണാർഹനായ അല

ക്സാന്ത്രിയായിലെ ക്രൂറില്ലോസു മെത്രാൻ പരിഭ്രമിച്ചു കൊണ്ടു്, അദ്ദേഹത്തിൻെറ (യൂവനേലിൻെറ) അത്യാഗ്രഹം എന്താണെന്നു് ലേഖനം മൂലം എന്നെ അറിയിക്കയും, ന്യായവിരുദ്ധമായ ശ്രമങ്ങൾക്കു യാതൊരു വിധസമ്മതവും കൊടുക്കരുതെന്നു് താഴ്മയോടെ യാചിക്കയും ചെയ്തു." (Mansi 4. 240 – 241.)

യൂവനേലിൻെറ ശ്രമം ക്രൂറിലോസു തടഞ്ഞു എന്നു് ഇതിൽ നിന്നു മനസ്സിലാകുന്നു. യൂവനേലിനെ തടയുവാൻ ക്രൂറില്ലോസു കണ്ടെത്തിയ മാൎഗ്ഗം റോമ്മായിൽ അഭയം തേടുകയായിരുന്നു. നെസ്തോറീസിൻെറ അബദ്ധോപദേശം തടയുവാനും ക്രൂറില്ലോസ് പ്രയോഗിച്ച മാൎഗ്ഗം ഇതുതന്നെ. ഇതെല്ലാം എഫേസൂസു സൂനഹദോസു സ്വീകരിക്കുന്നവൎക്കു ചിന്താവിഷയമാകണം. ബൊസന്തിയാ, അന്തിയോക്കിയാ, ഓർശ്ലേം എന്നു മൂന്നു പാത്രിയൎക്കീസുമാരുടെ കാൎയ്യത്തിൽ അലക്സാന്ത്രിയാ പാത്രിയൎക്കീസ് മാപ്പാപ്പായുടെ പക്കൽ ആശ്രയം തേടി എന്നല്ലയോ പ്രസ്തുത സംഭവങ്ങൾ വെളിപ്പെടുത്തുന്നതു്? ചുരുക്കം പറഞ്ഞാൽ പൌരസ്ത്യ ദിക്കിലെ പാത്രിയൎക്കീസുമാരെല്ലാവരും എഫേസൂസു സൂനഹദോസിനിടക്കു് മാപ്പാപ്പായിക്കു കീഴ്പ്പെട്ടിരുന്നു എന്നു സിദ്ധം.

നാലും അഞ്ചും യോഗനടപടികളുടെ ഫലമായി അന്തിയോക്കിയായിലെ യോഹന്നാനും അദ്ദേഹത്തിൻെറ സഹവൎത്തികളായിരുന്ന 34 മെത്രാന്മാരും മഹറോൻ ചൊല്ലപ്പെട്ടു. സൂനഹദോസു നടപടികൾ അംഗീകരിച്ചപ്പോൾ വി. സെലസ്തീനോസു് യോഹന്നാൻെറ കാൎയ്യത്തിലുണ്ടായ തീരുമാനം സ്വീകരിച്ചില്ലാ എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. ഇതു സംബന്ധമായി അദ്ദേഹം ഇങ്ങനെ പറയുന്നു: "നെസ്തോറീസിൻെറ ഭക്തിശൂന്യതയിൽ പങ്കെടുത്തവരായി കാണപ്പെടുന്നവരേയും, പങ്കെടുക്കുകതന്നേ ചെയ്തവരേയും കുറിച്ചു പറയുന്നതായാൽ,

ംരവക്ക വിരോധമായി നിങ്ങൾ ചെയ്ത തീരുമാനം (നട പടികളിൽ) വായിക്കപ്പെട്ടന്നുണ്ടെങ്കിലും കുറേക്കൂടി ഉത്ത മമെന്നു തോന്നുന്നതു് നമ്മുടെ ഭാഗത്തു നിന്ന് നാം തീരു മാനം ചെയ്യുന്നു. (Tamen Nos quoque decernimus quod videtur) ശ്ലൈഹിക സിംഹാസനം എല്ലാ സമയത്തും ഇടപെട്ടിട്ടുള്ള ഈ വിധ സംഗതികൾ പലതുണ്ട്. (Quæ·Apostolica Sedes semper aspexit) Mansi 5. 269. മാപ്പാപ്പാ സൂനഹദോസിൻെറ വിധി അഴിച്ചു വിധിക്കു ന്നതു സൂക്ഷിച്ചാലും. സൂനഹദോസാകട്ടെ മാപ്പാപ്പായുടെ വിധി നടപ്പിലാക്കുകയാണ് ചെയ്തതു്. മേലുദ്ധരിച്ച ലേഖ നത്തിൽ തന്നെ, തൻെറ വിധി സൂനഹദോസ് നടപ്പിലാ ക്കിയതിനെപ്പററി മാപ്പാപ്പാ പ്രത്യേകം പ്രസ്താവിക്കുന്നു മുണ്ട്. (cf. Scott. O. C. p. 167.)

കെവുപ്രോസ് ദ്വീപ് സംബന്ധിച്ചു തീരുമാനം ചെയ്ത ഏഴാം യോഗത്തെപ്പററിയാണ് ഇനി പറയുവാനു ള്ളതു്. പുരാതനകാലം മുതൽ കെവുപ്രോസ് ദ്വീപ് അ ന്തിയോക്കിയാ പാത്രിയക്കീസിൻെറ കീഴിലായിരുന്നെങ്കി ലും പിന്നീട്ട അതു് സ്വാതന്ത്ര്യമായ ഒരു നില സ്വീകരിച്ചു. കെവുപ്രോസ് അന്തിയോക്കിയാക്കീഴാക്കണമെന്ന ഉദ്ദേ ശ്യത്തോടെ എഫേസൂസ് സൂനഹദോസിൽ വച്ചു അന്തി യോക്കിയാ കക്ഷികൾ പലപ്രകാരത്തിലുള്ള വാദങ്ങൾ നടത്തി. നിക്കിയായിലെ ആറാം കാനോനാപ്രകാരം അ ന്തിയോക്കിയായിക്കു കെവുപ്രോസു ദ്വീപിന്മേൽ കിട്ടിയ അധികാരം നഷ്ടീഭവിച്ചെങ്കിലും പുരാതന നടപ്പു പ്രകാ രം റോമ്മായിലെ ഒന്നാം ഇന്നൊച്ചെൻസിയൂസ് മാപ്പാ പ്പാ തദധികാരം പുനഃസ്ഥാപിച്ചിട്ടുണ്ടെന്നു അന്തിയോക്കി യർ വാദിച്ചു.

അന്തിയോക്കിയായിക്ക് കെവുപ്രോസിന്മേലു ണ്ടായിരുന്ന അധികാരം ബലപ്രയോഗത്താൽ ലഭിച്ചു താണെന്നും തദ്വാരാ ആരംഭംമുതൽ തന്നേ ആ അധി

കാരം അസാധുവായിരുന്നെന്നും കെവ്വപ്രോസു മെത്രാന്മാർ സ്ഥാപിച്ചു. അന്തിയോക്കിയായിലെ യോഹന്നാൻ സൂനഹദോസിന്റെ വിരോധിയായിരുന്നതിനാലും മറവം അന്തിയോക്കിയാ വാദം ശക്തിപെട്ടില്ല. കെവ്വപ്രോസു മെത്രാന്മാരുടെ വാദം ശരിയെന്നുള്ള സങ്കല്പത്തിൽ കെവ്വപ്രോസിന് സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. ഈ സ്വാതന്ത്ര്യം അന്തിയോക്കിയാ അധികാരത്തിൽനിന്നു മാത്രമുള്ളതായിരുന്നു എന്നു പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളുന്നു.

അന്തിയോക്കിയാ പാത്രിയക്കീസിന് റോമ്മാ മാപ്പാപ്പാ അധികാരം അനുവദിച്ചു കൊടുത്തതു്, എഫേസൂസു സൂനഹദോസിൽ ഒരു വാദത്തിന് നിദാനമാക്കപ്പെട്ടു എന്നു കാണിക്കുവാൻ മാത്രമാണ് കെവ്വപ്രോസ് ദ്വീപു സംബന്ധിച്ച് ഇത്രയും പ്രസ്താവിച്ചതു്.

സൂനഹദോസിന്റെ ആറാം യോഗങ്ങളിലേക്കൊ കാനോനാകളിലേക്കൊ പ്രവേശിക്കേണ്ട ആവശ്യമില്ലാത്തതിനാൽ സൂനഹദോസിനു ശേഷം നടന്ന സംഭവങ്ങളെപ്പററി അടുത്ത അദ്ധ്യായത്തിൽ പ്രസ്താവിക്കാം.

## പതിനൊന്നാം അദ്ധ്യായം.

### സൂനഹദോസിനു ശേഷം.

സൂനഹദോസിന്റെ ശേഷം മെത്രാന്മാരും, ബൊസന്തിയാ ചക്രവത്തിയും, ബൊസന്തിയായിലെ പട്ടക്കാരും ജനങ്ങളും എങ്ങനെയെല്ലാം പ്രവത്തിക്കണമെന്നു കാണിച്ച് സെലസ്തീനോസു മാപ്പാപ്പാ അവക്കു ലേഖ

നങ്ങളയച്ചു. (Ep. 22- 25) ആ ലേഖനങ്ങളിലെ ഒരുഭാഗം ഇങ്ങനെയാണ്.

"നാം കുറെ ദൂരെയാണ് ഇരിക്കുന്നതു്. എന്നാൽ (നമ്മുടെ) ശ്രദ്ധയാൽ എല്ലാവരെയും അടുത്തു നോക്കിക്കൊണ്ടിരിക്കുന്നു. വി. പത്രോസു ശ്ലീഹായുടെ ശ്രദ്ധ എല്ലാവരേയും അടുത്തുനില്ക്കുന്നവരാക്കുന്നു. നമ്മുടെ ദൈവത്തിൻ മുമ്പിൽ നാം അറിഞ്ഞിരിക്കുന്ന ഇതിൽ ഒഴിവു പറയുവാൻ നമുക്കു സാധിക്കയില്ല." (d'Herbigny S. J. Theologia de Ecclesia II. p. 207. 2nd ed.)

ബൊസന്തിയായിലെ പട്ടക്കാർക്കെഴുതിയ എഴുത്തിലെ ഒരു ഭാഗം ശ്രദ്ധേയമാണ്.

"ഈ അഭ്യന്തര കലഹത്തിനിടക്ക് നിങ്ങളെപ്പററിനമുക്ക് എത്രശ്രദ്ധയും ഭയവും ഉണ്ടായിരുന്നു. നമ്മെ സംബന്ധിച്ചിടത്തോളം രാത്രി പകലുപോലെ ആയിരുന്നു. എന്തെന്നാൽ ഈവക കാര്യങ്ങളിൽ സമയം കുറവാണ്. ഭക്തി ശൂന്യനായ ഒരു മനുഷ്യൻ (ആട്ടിൻക്കൂട്ടത്തെ) വിഴുങ്ങുവാൻ വ്യർത്ഥമായി ശ്രമിച്ചു. ഇടയൻെറ വഴി, അവിടുന്നു (മിശിഹാ) സ്വർഗ്ഗത്തിലേക്കു കരേറുവാറായപ്പോൾ അവിടുത്തെ ആട്ടിൻക്കൂട്ടത്തെ ഏതു വഴിക്കു ഭരമേല്പിച്ചുവോ, ആ വഴി നിങ്ങളെ ആശ്വസിപ്പിച്ചു" (Mansi 5. 274.)

ഈ ലേഖനങ്ങളിലെല്ലാം മാർപ്പാപ്പായുടെ പരമാധികാരം എത്ര തെളിവായികാണപ്പെടുന്നു എന്നു പർയ്യാലോചിച്ചാലും.

രാജശക്തി നെസ്തോറീസിനായിരുന്നെങ്കിലും, അയാൾ ആദ്യം അന്തിയോക്കിയാ സമീപത്തേക്കും, പിന്നീട് അവാഡാ എന്ന മരുഭൂമിയിലേക്കും ചക്രവർത്തിയാൽ തന്നെ നാടുകടത്തപ്പെട്ടു. നെസ്തോറീസു ബഹിഷ്കൃതനായ അവസരത്തിലും അന്തിയോക്കിയായിലെ

യോഹന്നാൻ ക്രൂറിലോസിനെ അനാദരിച്ചിരുന്നു. ചക്രവൎത്തിയുടെ പിൻബലത്തോടെ യോഹന്നാൻ ക്രൂറിലോസിന് വലിയ ഉപദ്രവങ്ങൾ വരുത്തിക്കൂട്ടി. ക്രൂറിലോസിൻെറ ലേഖനങ്ങൾ എല്ലാം ശത്രുക്കൾ തടയുക നിമിത്തം കാൎയ്യവിവരങ്ങൾ ശരിയായി ഗ്രഹിക്കുന്നതിനു ചക്രവൎത്തിക്കു സാധിച്ചില്ല. ഇരനേയൂസ്, കാൻഡിഡിയൻ എന്ന സൈനിക നേതാക്കന്മാർ യോഹന്നാനെ എല്ലാവിധത്തിലും ആദരിച്ചിരുന്നു. യാത്രക്കാരുപയോഗിക്കുന്ന ഒരു മുളവടിയിൽ നിക്ഷേപിച്ചതായ ഒരു കത്തു് ഒരു വൃദ്ധൻെറ കൈവശം കൊടുത്തയക്കയാൽ അതു ചക്രവൎത്തിയുടെ പക്കൽ ചെന്നെത്തുന്നതിനും ക്രൂറിലോസിൻെറ വാദം ചക്രവൎത്തി ഗ്രഹിക്കുന്നതിനും ഇടയായി. ക്രൂറിലോസിൻെറയും യോഹന്നാൻെറയും സൂനഹദോസുകൾ താൻ സ്വീകരിക്കുന്നു എന്നു വിളംബരം ചെയ്തതിനു പുറമേ സമാധാനപരിപാലനാൎത്ഥം ക്രൂറിലോസിനേയും നെസ്തോറിസിനേയും ചക്രവൎത്തി തടവിൽ പാൎപ്പിക്കയും യോഹന്നാനെ സ്ഥാനഭ്രംശം ചെയ്കയും ചെയ്തു. ഈ വിവരങ്ങളെല്ലാം സൂനഹദോസ് റോമ്മായിലെ സെലസ്തീനോസിനെ അറിയിച്ചു. (Mansi 4. 1329) സെലസ്തീനോസിൻെറ പിൻഗാമിയായി ഭരണം നടത്തിയ മൂന്നാം ക്സുസ്ത്തോസ് എഫേസൂസ് സൂനഹദോസു സ്ഥിരീകരിച്ചപ്പോൾ (Nobis confirmantibus) ചക്രവൎത്തി മുഴുവനായി വിട്ടുമാറി. (Mansi 5. 375) ഒക്ടോബർ മാസത്തിൽ മാത്രമേ ക്രൂറിലോസിനും മററു മെത്രാന്മാൎക്കും എഫേസൂസിൽ നിന്നു പിരിയുവാൻ സാധിച്ചുള്ളു.

നെസ്തോറീസ് ആരംഭത്തിൽ ചക്രവൎത്തിയുടെ സ്നേഹിതനായിരുന്നു. ക്രൂറിലോസിനോട് ചക്രവൎത്തിക്കു എപ്പോഴും വിരോധമാണ് ഉണ്ടായിരുന്നതു്. മതവിഷയ

കമായി മാപ്പാപ്പായിക്ക് പരമാധികാരമുണ്ടെന്നുള്ള ബോധമല്ലയോ തൻെറ ശത്രുവിനു അനുകൂലമായും സ്നേഹിതനു പ്രതികൂലമായും പ്രവർത്തിക്കുവാൻ ആ ക്രൈസ്തവ ചക്രവർത്തിയെ പ്രേരിപ്പിച്ചതു്?

വി. കൂറിലോസും അന്തിയോക്കിയായിലെ യോഹന്നാനും തമ്മിൽ രമ്യമായ വിവരങ്ങളും വിസ്തരിച്ചു പറയേണ്ടിയിരിക്കുന്നു. "മ്ശിഹാ ഏകൻ" എന്ന പ്രസ്താവനയിൽ ദൈവത്വവും മനുഷ്യത്വവും (ദൈവസ്വഭാവവും മനുഷ്യസ്വഭാവവും) തമ്മിൽ കലർന്നില്ലെന്നും ദൈവത്വവും മനുഷ്യത്വവുമുള്ള മ്ശിഹാ ഒരുവൻ അഥവാ ഒരാൾ ആകുന്നു എന്ന അർത്ഥമാണ് അതിന് താൻ കല്പിക്കുന്നതെന്നും മററും പിന്നീടുണ്ടായ ഏകസ്വഭാവവാദത്തെ ധ്വംസനംചെയ്യുന്ന വാക്യങ്ങളിൽ വി. കൂറിലോസ് തൻെറ വിശ്വാസം അന്തിയോക്കിയായിലെ യോഹന്നാന് എഴുതി അയച്ചു. എല്ലാം ഗ്രഹിച്ചശേഷം യോഹന്നാൻ സത്യത്തിനു വഴിപ്പെട്ടു. അപ്പോൾ സെലസ്തീനോസ് കാലധർമ്മം പ്രാപിച്ചുപോയിരുന്നതിനാൽ പിൻഗാമിയായി വാണ ക്സ്റ്റസ്ത്തോസ് മൂന്നാമനായിരുന്നു (432-440) യോഹന്നാനെ തിരുസഭയുടെ ഐക്യത്തിൽ സ്വീകരിച്ചതു്. (Mansi 5. 378 sq. & 781 sq; Migne 77. 169-181)

തദവസരത്തിൽ ക്സ്റ്റസ്ത്തോസ് കൂറിലോസിനും യോഹന്നാനുമയച്ച ലേഖനങ്ങളിൽനിന്നു ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കാം.

കൂറിലോസിന്:—

"സൂനഹദോസിനാലും നമ്മാലും നിർണ്ണയിക്കപ്പെട്ടവ സധൈര്യം പരിപാലിക്കണം. . . . ഇങ്ങനെയുള്ളവയിലുള്ള ശ്രദ്ധയിൽനിന്നു മാറുവാൻ <u>എല്ലാ സഭകൾമേലുള്ള</u> ശ്രദ്ധ ശ്ലൈഹികസിംഹാസനത്തെ അനുവദിക്കുന്നില്ല." (Mansi. 5. 378).

യോഹന്നാൻ:-

"നമ്മോടു യോജിക്കുക എന്താണെന്ന്... താങ്കൾ അനുഭവിച്ചറിഞ്ഞിരിക്കുന്നു. വി. പത്രോസ് തന്റെ പിൻഗാമികൾ വഴി പ്രദാനം ചെയ്യുന്നതു് അദ്ദേഹം സ്വീകരിച്ചതുതന്നെയാണ്. അദ്ദേഹത്തിന്റെ ഉപദേശത്തിൽനിന്നു സ്വയം മാറുവാൻ ആരാഗ്രഹിക്കും?"

(Mansi. 5. 379.)

മാർപ്പാപ്പാ പത്രോസിന്റെ പിൻഗാമിയാണെന്നും, മാർപ്പാപ്പായിക്ക് എല്ലാ സഭകളുടെമേലും അധികാരമുണ്ടെന്നും, പത്രോസിന്റെ പരമാധികാരംതന്നെയാണ് അതെന്നും ഈ ലേഖനങ്ങളിലും വിശദമായി കാണുന്നു. പത്രോസു താൻവഴി പ്രദാനംചെയ്യുന്ന, അഥവാ താൻ പ്രദാനം ചെയ്യുന്ന ഉപദേശത്തിൽനിന്ന് മാറിനില്ക്കുവാൻ പാടില്ലെന്നാണ് ക്സുസ്ത്തോസ് അന്തിയോക്കിയാപാത്രിയക്കീസിനോടു പറയുന്നതു്. തന്റെ ഉപദേശം തെററിപ്പോകയില്ലെന്നുള്ള ബോധമല്ലയോ ഇപ്രകാരം പറയുവാൻ ക്സുസ്ത്തോസിനെ പ്രേരിപ്പിച്ചതു്? "അപ്രമാദിത്വം" ഇവിടെയും പ്രത്യക്ഷപ്പെടുന്നു.

എഫേസൂസു സൂനഹദോസിൽ സംബന്ധിച്ച തിയാനാ (Tyana)യിലെ എവുത്തേരിയൂസുമെത്രാനും താർസൂസിലെ ഹെല്ലാദിയൂസുമെത്രാനും ക്രിസ്തീലോസിന്റെ വിരോധികളായിരുന്നു. യോഹന്നാനുമായുണ്ടായ സമാധാനയുടമ്പടിയിൽ ഒപ്പുവയ്ക്കുവാൻ അവർ സന്നദ്ധരല്ലായിരുന്നു. അവർ— രണ്ടുപേരും പൌരസ്ത്യരാണ്— ക്സുസ്ത്തോസ് മൂന്നാമനയച്ച ഹർജിയിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു.

"..... ഒരു പുതിയ മൂശെയായി നിന്നുകൊണ്ടു് എല്ലാ ഈജിപ്തായപാഷണ്ഡരേയും അങ്ങു അടിച്ചോടിക്കും.... വിശ്വാസത്തിനു വിരുദ്ധമായി നിരവധി അക്രമങ്ങൾ പ്രവത്തിക്കപ്പെട്ടിരിക്കുന്നതിനാൽ...

ദൈവംഞങ്ങൾക്ക നേതാവായി തന്നിരിക്കുന്ന ആളിൻെറ പക്കലേക്ക് നിലവിളിക്കുക.... ഏററം ശക്തിയേറിയ കൊടുങ്കാററുകളാൽ ബാധിക്കപ്പെട്ടിരിക്കുന്ന ഞങ്ങളുടെ കടമയാണ്... കളവ് നശിപ്പിക്കുവാനും, ഭക്തിശൂന്യതയെ ശാസിക്കുവാനും, നവീകരണമാവശ്യപ്പെട്ടവ നവീകരിക്കുവാനും, ലോകം മുഴുവനും സംരക്ഷിക്കുവാനും, പല അവസരങ്ങളിൽ അങ്ങേ ശ്ലൈഹിക സിംഹാസനത്തിനു സാധിച്ചിട്ടുണ്ട്..... ഇതുകൊണ്ടാണ് ഞങ്ങളും അങ്ങയെ ഞങ്ങളുടെ ഏററം വലിയ ആവശ്യങ്ങൾ അറിയിക്കുന്നത്...... ആയത്, ലോകത്തിൻെറ രക്ഷക്ക് അങ്ങ് ഓടി എത്തുവാൻ തന്നെ. ...സഹായത്തിൻെറ കൈനീട്ടി ലോകത്തിൻെറ നാശത്തിന് അവസാനം വരുത്തുവാൻ അങ്ങേ പരിശുദ്ധതയുടെ പാദത്തിൽ താണുവീണ് ഞങ്ങൾ യാചിക്കുന്നു...... പല രാജ്യക്കാരായ ഞങ്ങൾ, യൂഫ്രട്ടീസ്, ഇരുകിലീക്കിയാകൾ, ബിത്തീനിയായിലെ കപ്പദോക്കിയാ സെക്കുൻദാ, തെസലി, മേസിയാ എന്ന രാജ്യക്കാരായ ഞങ്ങൾ കണ്ണീരൊഴുക്കുവാനും ഞങ്ങൾക്ക നേരിട്ടിരിക്കുന്ന കേട്ടിട്ടില്ലാത്ത തിന്മകളെപ്പററി പരസ്യമായി പ്രലപിക്കുവാനും അങ്ങേ പരിശുദ്ധതയുടെ പക്കൽ മുമ്പേതന്നെ ഓടി എത്തേണ്ടതായിരുന്നു. എന്നാൽ ആട്ടിൻക്കൂട്ടങ്ങൾക്ക് കത്തിവെയ്ക്കുവാൻ ഒരുങ്ങിയിരിക്കുന്ന ചെന്നായ്ക്കളോടുള്ള ഭയം ഞങ്ങളെ പുറകോട്ടു നിറുത്തുകയാണ് ചെയ്തിട്ടുള്ളത്.....”

(Mansi 5. Synodicon Cassinense pp. 8ʒ3. 897)

ലോകം മുഴുവനും സമാധാനം പാലിക്കേണ്ട ആൾ മാർപ്പാപ്പാ ആണെന്ന് പൌരസ്ത്യമെത്രാന്മാർ ഈ ലേഖനത്തിൽ അനുസരിച്ചു പറയുന്നു. ലൌകികാധികാരപ്രയോഗത്താലല്ലായിരുന്നു ഇതു സാധിക്കേണ്ടിയിരുന്നതെന്നു സ്പഷ്ടമാകയാൽ, മാർപ്പാപ്പായിക്കു ലോകം

മുഴുവനും വൈദികാധികാരം (പരമാധികാരം) ഉണ്ടായിരുന്നെന്നു അവർ സമ്മതിക്കുന്നു. എഫേസൂസു സൂനഹദോസിൽ സംബന്ധിച്ചവരും വി. ക്രുറിലോസിന്റെ വിരോധികളും ആയിരുന്നു അവർ. സൈന്യബലമോ സ്വാധീനശക്തിയൊ അല്ല അവർ ഇവിടെ ആവശ്യപ്പെട്ടുന്നതു്.

ക്രുറിലോസിനെപ്പററിയുള്ള അവരുടെ ധാരണ തെററായിരുന്നു എങ്കിലും, മാപ്പാപ്പായുടെ അധികാരങ്ങൾ സംബന്ധിച്ച് അവരിലും പൌരസ്ത്യരിലും ലോകം മുഴുവനിലും ഉണ്ടായിരുന്ന വിശ്വാസം എന്തായിരുന്നു എന്നു് അവർ പ്രസ്തുത ലേഖനംവഴി പ്രസിദ്ധപ്പെടുത്തുകതന്നെ ചെയ്യുന്നു. പൌരസ്ത്യരുടെ ഇടയിൽ അസാമന്യമായ വിധത്തിൽ അധികാരം പ്രവത്തിച്ച വി. ക്രുറിലോസിനു വിരോധമായാണ് അവർ ഈ ലേഖനമെഴുതിയതു്. ക്രുറിലോസു പ്രയോഗിച്ച അധികാരം മുഴുവനും റോമ്മായിൽ നിന്നു പ്രാപിച്ചതായിരുന്നു എന്നു് മുകളിൽ തെളിയിച്ചിട്ടുണ്ടല്ലോ. അങ്ങിനെയുള്ള ക്രുറിലോസിനെ തടയുവാൻ പൌരസ്ത്യരായ ആ മെത്രാന്മാർ ഉപയോഗിക്കുന്ന മാൎഗ്ഗം റോമ്മാ മാപ്പാപ്പായുടെ പക്കൽ കാൎയ്യങ്ങൾ ബോധിപ്പിക്കുക മാത്രമാണ്.

എഫേസൂസു് സൂനഹദോസിന്റെ ചരിത്രവും പൌരസ്ത്യരായ ആ മെത്രാന്മാരുടെ ഇപ്പോൾ പ്രസ്താവിച്ച പ്രകാരമുള്ള വിശ്വാസവും പൌരസ്ത്യസഭ മുഴുവനും പുരാതനകാലത്തു് മാപ്പാപ്പായുടെ പരമാധികാരം അനുസരിച്ചിരുന്നു എന്നു മാത്രമാണ് കാണിക്കുന്നതു്. മാപ്പാപ്പായുടെ അധികാരം ദൈവസ്ഥാപിതമാണെന്നു് എല്ലാവരും വിശ്വസിച്ചിരുന്നു എന്നുള്ളതിനു ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള നിരവധി രേഖകൾ സാക്ഷ്യം വഹിക്കുന്നു. ഈ സ്ഥിതിക്ക് "കിഴക്കർ ഒരിക്കലും ദൈവസ്ഥാപിതമായ ഒരു പരമാധികാരം റോമ്മാ

യിലുള്ളതായി വിശ്വസിച്ചിരുന്നില്ല, ബൊസന്തിയായെ ഭയന്ന് വി. ക്രുറിലോസിനെപ്പോലെയുള്ള ചില വ്യക്തികൾ മുഖസ്തുതി പാടിക്കൊണ്ടു മാർപ്പാപ്പാമാരെ കബളിപ്പിച്ചതേയുള്ളു", എന്നും മററും ബിഷപ്പ് ഗോർ (Bishop Gore) മുതലായ ചിലഅകത്തോലിക്കാ മാന്യന്മാർ തട്ടിമൂളിക്കുന്നതു് അജ്ഞതനിമിത്തമോ പൂർവ്വദ്വേഷം നിമിത്തമോ ആകാതെയിരിപ്പാൻ നിവൃത്തിയില്ല. അലക്സാന്ത്രിയായും ബൊസന്തിയായും തമ്മിൽ സൌന്ദര്യപ്പിണക്കമുണ്ടായിരുന്നു എന്നതു വാസ്തവം തന്നെ. എന്നാൽ ആ അവസരം നോക്കിക്കൊണ്ടു റോമ്മാ ആരേയും ആദരിക്കയോ അനാദരിക്കയോ ചെയ്തിട്ടില്ലെന്നു ചരിത്രരേഖകൾകൊണ്ടു മുകളിൽ സ്ഥാപിച്ചിട്ടുണ്ടു്.

തന്റെ ജീവിതത്തിന്റെ അവസാനകാലത്തു് സ്വയം ആദരിച്ചിരുന്നപ്പോൾപോലും, നെസ്തോറീസ് റോമ്മാമാർപ്പാപ്പായുടെ ഉന്നതസ്ഥാനവും അധികാരവും നിഷേധിച്ചില്ലെന്നു മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണ്. അപ്പോഴല്ലയോ ലേഓൻ മാർപ്പാപ്പായുടെ പക്കൽ അയാൾ അപ്പീൽ ബോധിപ്പിച്ചതു്?

പിന്നീടു ശക്തി പ്രാപിച്ച നെസ്തോറിയൻ സഭ എഫേസൂസ് സൂനഹദോസിന്റെ കാലത്താകട്ടെ, അതുകഴിഞ്ഞുടനെ തന്നെയാകട്ടെ, ഭൂമുഖത്തില്ലായിരുന്നു. പുരാതന നെസ്തോറിയൻസഭ മാർപ്പാപ്പായുടെ പരമാധികാരം നിഷേധിച്ചിരുന്നില്ലെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

## പന്ത്രണ്ടാം അദ്ധ്യായം.

### ചില ചിന്താവിഷയങ്ങൾ.

തന്റെ തീരുമാനം നടപ്പിൽ വരുത്തണമെന്ന് സെലസ്തീനോസ് സൂനഹദോസിനോടു കല്പിക്കയും സൂനഹദോസു അപ്രകാരം പ്രവൎത്തിക്കയും ചെയ്തു. പാപ്പായിക്കു തനിച്ചുതന്നെ അപ്രമാദിത്വമുണ്ടെങ്കിൽ സാൎവ്വത്രിക സൂനഹദോസുകൾ എന്തിന്? എന്നു ചില അകത്തോലിക്കർ വാദിക്കാറുണ്ട്. ഇങ്ങനെയുള്ളവർ എഫേസൂസു സൂനഹദോസു സ്വീകരിക്കുന്നവരാണെങ്കിൽ സൂനഹദോസിന്റെ നടപടികളിൽനിന്നുതന്നെ പ്രസ്തുതചോദ്യത്തിനു തൃപ്തികരമായ ഉത്തരം കണ്ടുപിടിക്കുവാൻ പാടുണ്ടെന്നുമാത്രം അവരോടു സമാധാനം പറയാവുന്നതാണ്. എന്നാൽ, എഫേസൂസു സൂനഹദോസോ, മററു സൂനഹദോസുകളോ സ്വീകരിക്കാത്തവരോടു പറയുവാനുള്ളതു് സാൎവ്വത്രിക സൂനഹദോസുകൾ വഴി പലകാൎയ്യങ്ങൾ സാധിക്കുവാനുണ്ടെന്നത്രെ. അവയിലൊന്ന് മാൎപ്പാപ്പായുടെ വിധിയേ (വിധിപ്രസ്താവിച്ചിട്ടുണ്ടെങ്കിൽ), വിശദീകരണപരിശോധനക്കുശേഷമോ, അതുക്രൂടാതെയൊ, ആഘോഷപൂൎവ്വം നടപ്പിലാക്കുക എന്നതു തന്നെ. എഫേസൂസിൽ ഇപ്രകാരമാണ് സംഭവിച്ചതു്.

2. മാൎപ്പാപ്പായിക്കു തനിച്ചും, മാൎപ്പാപ്പായോടു യോജിച്ചിരിക്കുമ്പോൾ സാൎവ്വത്രിക സൂനഹദോസിനും തെററാവരമുണ്ടെന്നും, മാൎപ്പാപ്പായെക്രൂടാതെ സാൎവ്വത്രികസൂനഹദോസുണ്ടാകുവാൻ പാടില്ലെന്നും, മാൎപ്പാപ്പായെക്രൂടാതെ സഭയിൽ തെററാവരമില്ലെന്നും ഉള്ള കത്തോലിക്കാ

ഉപദേശങ്ങൾ എഫേസൂസു സൂനഹദോസിനോളമെങ്കിലും പഴക്കമുള്ളവയാണെന്ന് സൂനഹദോസു ചരിത്രം നമ്മെ ഉൽബോധിപ്പിക്കുന്നു.

3. എഫേസൂസിൽ പൌരസ്ത്യസഭ മുഴുവൻ തന്നേയും സംബന്ധിച്ചിരുന്നു. അന്തിയോക്കിയായിലെ യോഹന്നാനും കൂട്ടരും മാപ്പാപ്പായുടെ അധികാരം സംബന്ധമായി തക്കമുള്ളവരല്ലായിരുന്നു. നെസ്തോറീസുകൂടെയും ഈ വിഷയത്തിൽ എപ്രകാരമാണ് വർത്തിച്ചിരുന്നതെന്നു നാം കണ്ടുകഴിഞ്ഞു. എഫേസൂസു സൂനഹദോസിൻെറ കാലത്തും അതിനുമുമ്പും മാപ്പാപ്പായുടെ അധികാരങ്ങൾ പാശ്ചാത്യസഭയിൽ സ്വീകരിക്കപ്പെട്ടിരുന്നുവെന്നുള്ളതും ചരിത്രപ്രസിദ്ധമാണ്. യാക്കോബായ മുതലായ ചില സഭകൾ, എഫേസൂസു സൂനഹദോസിനേയും അതിൻെറ അപ്രമാദിത്വത്തേയും സ്വീകരിക്കുന്നുണ്ടെങ്കിലും, മാപ്പാപ്പായുടെ പരമാധികാരമോ അപ്രമാദിത്വമോ സ്വീകരിക്കുന്നില്ല. എന്നാൽ എഫേസൂസ് സൂനഹദോസിൻെറ അധികാരവും അപ്രമാദിത്വവും മാപ്പാപ്പായെ മാത്രം ആശ്രയിച്ചു നില്ക്കുന്നവയായി ഇക്കൂട്ടർ കാണുന്നില്ലയോ? എഫേസൂസു സൂനഹദോസിനു പരമാധികാരമോ അപ്രമാദിത്വമോ കല്പിക്കുന്നവർ, മാപ്പാപ്പായിൽനിന്നു മാറിനില്ക്കുക വിചിത്രമായിരിക്കും.

4. ഇപ്പോഴുള്ള അകത്തോലിക്കരിൽവച്ച് ഏററം പഴക്കമുള്ളവർ നെസ്തോറിയരാണ്. എഫേസൂസു സൂനഹദോസിൻെറ കാലത്ത് നെസ്തോറിയൻ സഭ ഇല്ലായിരുന്നു. സൂനഹദോസിനുശേഷം വളരെ കഴിഞ്ഞു മാത്രമാണ്, ആധുനികനെസ്തോറിയൻ സഭ ഏതിൽനിന്നുത്ഭവിച്ചുവോ ആ പുരാതന നെസ്തോറിയൻസഭ രൂപവൽക്കരിക്കപ്പെട്ടതു്. അന്തിയോക്കിയായിലെ യോഹ

ന്നാൻം സഹമെത്രാന്മാരും എഫേസൂസു സൂനഹദോസി ൽ സംബന്ധിക്കാതിരുന്നെങ്കിലും പിന്നീട്ട യോഹന്നാന്റെ ഠംപ്പെടെ അവരിൽ പലരും വി. ക്രൂറിലോസുമായി രമ്യപ്പെട്ടുകയും സൂനഹദോസു സ്വീകരിക്കയും ചെയ്തു. ഈ സംഭവം നെസ്തോറിയൻ സഭയുടെ ഉത്ഭവത്തിനു മുമ്പു നടന്നുകഴിഞ്ഞു. ആകയാൽ നെസ്തോറിയൻസഭ ഉത്ഭവിക്കുന്നതിനുമുമ്പു ക്രൈസ്തവസഭ മുഴുവനും എഫേസൂസു സൂനഹദോസു സ്വീകരിച്ചിരുന്നു എന്നു വ്യക്തമാകുന്നു. എഫേസൂസു സൂനഹദോസിൻെറ വില മുഴുവനും മാപ്പാപ്പായിൽനിന്നാണെന്നു തെളിയിച്ചു കഴിഞ്ഞു. സൂനഹദോസിന് മാപ്പാപ്പായുടെ പരമാധികാരത്തിലും അപ്രമാദിത്വത്തിലും ഉണ്ടായിരുന്ന വിശ്വാസം, അവ സംബന്ധമായി കത്തോലിക്കർക്ക് ഇപ്പോഴുള്ള വിശ്വാസത്തിൽനിന്നു ഒട്ടും വ്യത്യസ്തമല്ലായിരുന്നു എന്ന് രേഖാമൂലം മുകളിൽ തെളിയിച്ചിട്ടുണ്ട്. "ദൃശ്യസഭ ക്ഷയിച്ചു" എന്നു പ്രൊട്ടസ്റ്റൻറുകാർ പറയുന്നത് കൽക്കിദോനിയാ സൂനഹദോസിനും (431) വളരെ ഇപ്പുറത്തുവച്ചാണ്. ആകയാൽ ഇപ്പോഴുള്ള എല്ലാ ക്രൈസ്തവവകുപ്പുകളും എഫേസൂസിലെ വിശ്വാസം "പുരാതന വിഭിന്നസഭ"യുടെ വിശ്വാസമായി സ്വീകരിക്കണം. മാപ്പാപ്പായുടെ അധികാരങ്ങൾ സംബന്ധിച്ച് കത്തോലിക്കർക്ക് മാത്രമേ ഇപ്പോൾ എഫേസൂസു സൂനഹദോസിൻെറ വിശ്വാസവും തദനുസരണമായ പ്രവൃത്തിയുമുള്ളു. അകത്തോലിക്കാസഭകളെല്ലാം അതിപുരാതനമായ ഒരു വിശ്വാസസത്യം നിഷേധിക്കുന്നു എന്നല്ലയോ ഇതിൽനിന്നുള്ള അനുമാനം? മറുവാക്കായി പറഞ്ഞാൽ അകത്തോലിക്കാസഭകൾ പുരാതനവിശ്വാസം അക്ഷയം പാലിക്കുന്നവയല്ല. ഈ ഒരു വിഷയത്തിലെങ്കിലും പുരാതന സഭയിൽ നിന്ന് അവ ഛേദിക്കപ്പെട്ടിരിക്കുന്നു എന്ന് എല്ലാവരും സമ്മതിച്ചേ തീരൂ. കത്തോലിക്കാസഭയും അ

പ്രകാരം വേറെ ഏതെങ്കിലും ഒരു സത്യം സംബന്ധിച്ച് ചേരദിക്കപ്പെട്ട് തെററിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു സഭയാണെങ്കിൽ, ഇപ്പോൾ പുരാതന സഭയുടെ വിശ്വാസമുള്ള സഭ ഭ്രമഖത്തില്ലെന്ന് സിദ്ധിക്കും! മിശിഹാ നമ്മെ വഞ്ചിച്ചെന്നു തെളിയും! "അദൃശ്യസഭ"യിൽ പുരാതന വിശ്വാസമുണ്ടെന്ന് വല്ല പ്രോട്ടസ്റ്റൻറുകാരും പറയുന്നുണ്ടെങ്കിൽ, അവരോട് ഒന്നു ചോദിച്ചുകൊള്ളട്ടെ. സഭ അദൃശ്യമാണെങ്കിൽ സഭയെ കേൾക്കണമെന്നുള്ള മിശിഹായുടെ കല്പന നാം എങ്ങിനെ നിറവേററും? വീണ്ടും, സത്യസഭ അദൃശ്യമാണെങ്കിൽ, ആ അദൃശ്യസഭ, മാപ്പാപ്പായുടെ പരമാധികാരത്തിലും അപ്രമാദിത്വത്തിലും ഉള്ള പുരാതന വിശ്വാസം പാലിക്കുന്നുണ്ടോ? പാലിക്കുന്നുണ്ടെങ്കിൽ സഭ ദൃശ്യമാണെന്നുള്ള മാപ്പാപ്പായുടെ ഉപദേശം എന്തുകൊണ്ടു സ്വീകരിക്കുന്നില്ല?. പാലിക്കുന്നില്ലെങ്കിൽ അദൃശ്യസഭയും തെററിലുൾപ്പെട്ടു എന്നാണനുമാനം. എന്തുകൊണ്ടെന്നാൽ, പ്രോട്ടസ്റ്റാൻറുകാർ സമ്മതിക്കുന്നതുപോലെ ദൃശ്യസഭ ക്ഷയിച്ചുതുടങ്ങുന്നതിനു മുമ്പ്, ദൃശ്യസഭയുടേയും അദൃശ്യസഭയുടേയും വിശ്വാസം ഒന്നായിരുന്നു. ദൃശ്യസഭ ക്ഷയിച്ചു തുടങ്ങിയതു് (വാസ്തവത്തിൽ ക്ഷയിക്കാൻ പാടില്ല) അവരുടെ ഉപദേശപ്രകാരം കൽക്കദോനിയാ സൂനഹദോസ് (451) കഴിഞ്ഞിട്ടാണ്.

5. കത്തോലിക്കർ മാപ്പാപ്പായുടെ അപ്രമാദിത്വത്തിൽ വിശ്വസിക്കുന്നു. ആ വിശ്വാസം പുരാതനവുമാണ്. മറെറല്ലാസഭകളും ഈ വിഷയത്തിൽ തെററിപ്പോയിരിക്കുന്നു. കത്തോലിക്കാസഭയാകട്ടെ, ഈ വിഷയത്തിലെങ്കിലും പുരാതന വിശ്വാസം പരിപാലിക്കുന്നു എന്ന് എല്ലാവരും സമ്മതിക്കണം. കത്തോലിക്കാസഭ മാപ്പാപ്പായേ ആണ് ആശ്രയിക്കുന്നതു്. മാപ്പാപ്പാ

യിക്ക് അപ്രമാദിത്വമുള്ളതിനാൽ കത്തോലിക്കാ സഭക്ക തെററുവാൻ പാടില്ല. മാപ്പ്പാപ്പായിക്ക അപ്രമാദിത്വമുണ്ടെന്നുള്ളത് പുരാതന വിശ്വാസവുമാണ്. കത്തോലിക്കാസഭക്ക തെററുവാൻ പാടില്ലെങ്കിൽ അത് പുരാതന വിശ്വാസത്തിൽ നിന്ന് യാതൊന്നിലും വ്യതി ചലിച്ചിട്ടുമില്ല.

6. എഫേസൂസ് സൂനഹദോസിൻെറ വിശ്വാസം പുരാതന സഭയുടെ വിശ്വാസം തന്നേയാണെന്ന് വിശ്വസിക്കുന്നതിൽ പൊതുവേ വൈമനസ്യമുള്ളവരായി ക്രൈസ്തവരുടെ ഇടയിൽ നെസ്തോറിയൻ സഭാംഗങ്ങങ്ങൾ മാത്രമേയുള്ളു. എന്നാൽ, മാപ്പ്പാപ്പായുടെ അധികാരങ്ങളിൽ സൂനഹദോസിനുണ്ടായിരുന്ന വിശ്വാസം സൂനഹദോസിൻെറ ശേഷമുത്ഭവിച്ച നെസ്തോറിയൻ സഭ വളരെ കാലത്തോളം പരിപാലിച്ചുകൊണ്ടിരുന്നു. ഇതിന് നെസ്തോറിയൻ മതഗ്രന്ഥങ്ങൾ തന്നേ സാക്ഷ്യം വഹിക്കുന്നു. അവരുടെ സുനഹദോസുകളും പാത്രിയക്കിസുമാരും ഈ ഉപദേശം രേഖപ്പെടുത്തിയിട്ടുമുണ്ട്.

(cf. The Tradition of the Syrian Church of Antioch Concerning the Primacy of St. Peter and His Successors. C. B. Bonni. The Eastern Chnrches and The Papacy, H. S. Scott. P. 172 sqq.)

മതഗ്രന്ഥങ്ങളിൽ രേഖപ്പെട്ടു കിടക്കുന്ന വിശ്വാസം ജീവനില്ലാത്തതായിരുന്നു എന്നു സമ്മതിക്കാതെ തരമില്ല. പുരാതന മതഗ്രന്ഥങ്ങൾ സ്വീകരിക്കുന്നതിൽ ആധുനിക നെസ്തോറിയർ വിമുഖരാണെങ്കിൽ അതത്ര ഗണ്യമാക്കേണ്ടതല്ല താനും. ഇപ്പോൾ നാമമാത്രരായ നെസ്തോറിയർ അഥവാ പ്രോട്ടസ്റ്റണ്ടു നെസ്തോറിയർ അല്ലാതെ സാക്ഷാൽ നെസ്തോറിയർ ഭൂമുഖത്തില്ല.

7. മാപ്പാപ്പായെ കൂടാതെ, സാവ്വത്രിക സൂനഹദോസുണ്ടാകാൻ പാടില്ലെന്ന് എഫേസൂസ് സൂനഹദോസിൻെറ നടപടികളിൽ നിന്ന തന്നെ മുകളിൽ എടുത്തു കാണിച്ചിട്ടുണ്ടല്ലോ. സാവ്വത്രിക സൂനഹദോസുകളെ സ്വീകരിക്കുന്ന അകത്തോലിക്കാസഭകഠ ഓരോന്നും ഈ സത്യത്തെ സ്ഥിരീകരിക്കുന്നു. എഫേസൂസ് സൂനഹദോസു നിമിത്തം ഭിന്നിച്ച നെസ്തോറിയക്ക് അതിന മുമ്പു നടന്ന രണ്ടു സാവ്വത്രിക സൂനഹദോസു മാത്രമേയുള്ളു; പിന്നീട് അവക്കു സാവ്വത്രിക സൂനഹദോസേ ഉണ്ടായിട്ടില്ല. എന്തുകൊണ്ടെന്നാൽ അവർ മാപ്പാപ്പായിൽനിന്നു വേർപിരിഞ്ഞുപോയി. കൽക്കിദോനിയായിൽ വച്ചു പിരിഞ്ഞ ഏകസ്വഭാവവാദികഠക്കു (യാക്കോബായക്കാർ ആദിയായവർക്ക്) അതിനു മുമ്പു നടന്ന എഫേസൂസു ഉഠപ്പടെയുള്ള മൂന്നു സാവ്വത്രിക സൂനഹദോസുകളേയുള്ളു. ഗ്രീക്കർ കത്തോലിക്കാസഭയിൽനിന്നു ഭിന്നിക്കുന്നതിനു മുമ്പു നടന്ന ഏഴു സാവ്വത്രിക സൂനഹദോസുകളും അവർ സ്വീകരിക്കുന്നു. "ഏഴു സാവ്വത്രിക സൂനഹദോസുകളുടെ സഭ" എന്ന് തങ്ങളുടെ സഭയെ അഭിസംബോധനം ചെയ്യുന്നതിൽ നിന്ന്, മേലിൽ തങ്ങഠക്കു സാവ്വത്രിക സൂനഹദോസുകളുണ്ടാകുകയില്ലെന്ന് പരോക്ഷമായി ഗ്രീക്കർ സമ്മതിക്കുന്നു. കത്തോലിക്കക്ക് വത്തിക്കാൻ സൂനഹദോസ് ഉഠപ്പെടെ 19 സാവ്വത്രിക സൂനഹദോസുകഠ ഇപ്പോളുണ്ട്. ഇനിയും ഈ സംഖ്യ വദ്ധിക്കുവാൻ പാടുണ്ട്. എന്തുകൊണ്ടെന്നാൽ കത്തോലിക്കാസഭ മാപ്പാപ്പായുടെ മേലാണ് സ്ഥാപിതമായിരിക്കുന്നതു്. അകത്തോലിക്കാസഭകഠ സ്വീകരിക്കുന്ന സാവ്വത്രിക സൂനഹദോസുകളെല്ലാം കത്തോലിക്കാസഭയും സ്വീകരിക്കുന്നു. എന്നാൽ കത്തോലിക്കാസഭ സ്വീകരിക്കുന്നവ എല്ലാം അകത്തോലിക്കാസഭ സ്വീകരിക്കുന്നില്ല. ഒരു അകത്തോലിക്കാസഭ എത്ര സാ

വ്വത്രിക സൂനഹദോസു സ്വീകരിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയാൽ കത്തോലിക്കാസഭയിൽ നിന്നുള്ള അതിൻെറ വേർപാട് എന്നുതുടങ്ങിയാണെന്ന് നിഷ്പ്രയാസം മനസ്സിലാക്കാം. കത്തോലിക്കാസഭയാകട്ടെ, സാവ്വത്രിക സൂനഹദോസുകൾക്ക് അവസാനം വരുത്തിയിട്ടില്ല.

8. സാവ്ത്രിക സൂനഹദോസിനു മാത്രമേ അപ്രമാദിത്വമുള്ളു എന്ന് യാക്കോബായക്കാരാദിയായ ചില അകത്തോലിക്കർ വാദിക്കുന്നു. എന്നാൽ പല സൂനഹദോസുകളിൽ വച്ച് ഏതെല്ലാമാണ് സാവ്വത്രിക സൂനഹദോസുകൾ എന്നു അപ്രമാദിത്വത്തോടെ നമ്മെ ഉൽബോധിപ്പിക്കുന്ന എന്തോ ഒന്ന് ആവശ്യമാണ്. ഒരു സൂനഹദോസിൽ സംബന്ധിക്കുന്ന മെത്രാന്മാരുടെ സംഖ്യയിൽ നിന്ന് അതിന് സാവ്വത്രികത്വം കല്പിക്കുക അസാദ്ധ്യമാണ്. എന്തുകൊണ്ടെന്നാൽ പൌരസ്ത്യരായ 150 മെത്രാന്മാർ മാത്രം സംബന്ധിച്ച ബൊസന്തിയാ സൂനഹദോസ് (381) ഒരു സാവ്വത്രിക സൂനഹദോസായി പരിഗണിക്കുന്നവർ, 400 മെത്രാന്മാരോളം സംബന്ധിച്ച അറിമ്മീനിയം (Rimini. 359.) സൂനഹദോസ് സാവ്വത്രികമാണെന്നു സമ്മതിക്കുന്നില്ല. ആകയാൽ ഒരു സൂനഹദോസ് സാവ്വത്രികമാണെന്ന് അപ്രമാദിത്വത്തോടെ നമ്മെ ഉൽബോധിപ്പിക്കുന്ന ആ ഒന്ന് എന്തായിരിക്കും? അകത്തോലിക്കരുടെ ദൃഷ്ടിയിൽ അപ്രമാദിത്വത്തോടെ എന്തെങ്കിലും നമ്മെ ഉൽബോധിപ്പിക്കുക എന്നതു് സാവ്വത്രിക സൂനഹദോസിനു മാത്രം സ്വന്തമാണ്. ഈ സ്ഥിതിക്ക് ഒരു സൂനഹദോസ് സാവ്വത്രികമാണെന്നു അപ്രമാദിത്വത്തോടെ സ്ഥാപിക്കുന്നതു് വേറൊരു സാവ്വത്രികസൂനഹദോസായിരിക്കണം. ഈ വേറൊരു സാവ്ത്രിക സൂനഹദോസിൻെറ സാവ്വത്രികത്വം അറിയുവാൻ മറെറാരു സാവ്വത്രിക സൂനഹദോസു വേണ്ടിവരും. ആ മറെറാന്നി

ൻെറ അറിയുവാൻ മൂന്നാമതൊന്നു ആവശ്യമായിരിക്കും! ഇങ്ങനെ നിത്യത്വംവരെയും ഒരു 'മററൊന്നു'വേണ്ടിവരും. ഇതെത്രയോ പരിതാപകരമായസ്ഥിതി! (Vicious Circle)

9. സൂനഹദോസിന് മാത്രം അപ്രമാദിത്വം കല്പിക്കുന്നവർ മാപ്പാപ്പായെ ഒരു സാധാരണ പാത്രിയർക്കീസെന്ന നിലയിലാണ് കരുതുന്നതു്. എന്നാൽ എഫേസൂസു സൂനഹദോസിൻെറ ചരിത്രം ഇക്കൂട്ടർക്ക വിരോധമാണ്. മാപ്പാപ്പായുടെ അപ്രമാദിത്വം തന്നെയാണ് എഫേസൂസു സൂനഹദോസിനുമുള്ളതെന്ന് സൂനഹദോസു ചരിത്രം വിശദീകരിക്കുന്നു. മാപ്പാപ്പാ പറഞ്ഞതുപോലെ എല്ലാം ആ സൂനഹദോസു് പ്രവർത്തിച്ചു. അതിനു സഭാചരിത്രത്തിൽ ഇന്നുള്ള വില മാപ്പാപ്പായിൽ നിന്നു മാത്രമാണ്. അതിൻെറ സാർവ്വത്രികത്വവും മാപ്പാപ്പായിൽ നിന്നു തന്നെ. ഏതെങ്കിലും ഒരു സൂനഹദോസു് സാർവ്വത്രികമാകണമെങ്കിൽ, സാർവ്വത്രിക സൂനഹദോസായി മാപ്പാപ്പാ അതിനെ സ്ഥിരീകരിക്ക എങ്കിലും ചെയ്തിരിക്കണം എന്നാണ് ഇത്രയും പറഞ്ഞതിൽ നിന്നുള്ള പരോക്ഷമായ അനുമാനം. എല്ലാവരും സ്വീകരിക്കുന്ന രണ്ടാം സാർവ്വത്രിക സൂനഹദോസിനു (381) സാർവ്വത്രികത്വം ലഭിച്ചതു് മാപ്പാപ്പാ ആ ലക്ഷണം അതിനുകല്പിച്ചു കൊടുത്തതുകൊണ്ടാണെന്ന് എല്ലാചരിത്രകാരന്മാരും സമ്മതിക്കുന്നു. (cf. H. S. Scott. O. C. The Council of Constantinople.) ബൊസന്തിയായിൽ നടന്ന ആ സൂനഹദോസിൻെറ ഒരു കാനോനാ (3-ാം കാനോനാ) മാപ്പാപ്പായുടെ അംഗീകരണമില്ലായിരുന്നതിനാൽ യാതൊരു വിലയുമില്ലാത്തതായി ബൊസന്തിയാ പാത്രിയർക്കീസുമാരാലും കരുതപ്പെട്ടു എന്നുള്ളതിന് കൽക്കിദോനിയായിലെ 28-ാം കാനോനായുടെ ചരിത്രം സാക്ഷ്യം വഹിക്കുന്നു. ഒരു സാർവ്വത്രിക സൂനഹദോസിൻെറ ഒരു കാനോ

നാ മാപ്പാപ്പായുടെ അംഗീകരണമില്ലാഞ്ഞതിനാൽ വില യററതായി കരുതപ്പെട്ടെങ്കിൽ സൂനഹദോസിൻെറ സാവ്വത്രികത്വം എത്രമാത്രം മാപ്പാപ്പായേ ആശ്രയിക്കേണ്ടിയിരിക്കുന്നു എന്നു പയ്യാലോചിച്ചാലും. ("അന്ത്യോക്യാ പാത്രിയക്കീസ്" ൫൦-ം ൫൨-ം അദ്ധ്യായങ്ങൾ നോക്കുക.)

10. വി. പത്രോസിന് മററു ശ്ലീഹന്മാരുടെമേൽ അധികാരമുണ്ടായിരുന്നു എന്ന് എഫേസൂസ് സൂനഹദോസു വിശ്വസിച്ചിരുന്നതായി സൂനഹദോസിൻെറ രണ്ടും മൂന്നും യോഗങ്ങൾ മുക്തകണ്ഠം ഘോഷിക്കുന്നു. ഈ വിശ്വാസം അന്ന് കിഴക്കും പടിഞ്ഞാറും, അഥവാ, സാവത്രിക സഭയിൽ സാവ്വത്രികമായി സ്വീകരിക്കപ്പെട്ടിരുന്നു എന്ന് സൂനഹദോസു നടപടികളിൽ നിന്നു വ്യക്തമാകുന്നുണ്ട്. "നീ പാറയാകുന്നു ഈ പാറമേൽ ഞാൻ എൻെറ സഭസ്ഥാപിക്കും" എന്നിങ്ങനെയുള്ള വാഗ്ദാനങ്ങളിൽ പാറ വിശ്വാസം മാത്രമാണെന്നും, പാറയാൽ മിശിഹാ അല്ലാതെ പത്രോസു വിവക്ഷിക്കപ്പെടുന്നില്ലെന്നും മററുമുള്ള വ്യഖ്യാനങ്ങൾ പുരാതനസഭ സ്വീകരിച്ചിരുന്നില്ലെന്നും എഫേസൂസ് സൂനഹദോസ് സാക്ഷ്യം വഹിക്കുന്നു. വി. ക്വുറിലോസ് പത്രോസിൻെറ പരമാധികാരം സ്വീകരിച്ചിരുന്നില്ല എന്നു ചിലർ പറയുന്നതു് സവ്വത്ര അബദ്ധമാണെന്ന് സൂനഹദോസു സംബന്ധമായി നടന്നിട്ടുള്ള അദ്ദേഹത്തിൻെറ പ്രവൃത്തികളിൽനിന്നു മനസ്സിലാക്കാം.

'പാറ' എന്നതിന് വിശ്വാസമെന്നോ മറേറാ പിതാക്കന്മാരോ, പുരാതന ആരാധനക്രമങ്ങളോ അത്ഥമാക്കുന്നുണ്ടെങ്കിൽ (അതും നാലാംശതാബ്ദത്തിനുശേഷംമാത്രം) അതു് സാവ്വത്രികസഭയുടെ— എഫേസൂസിൽ സമ്മേളിച്ച പുരാതനസഭയുടെ— വിശ്വാസത്തിന് വിരുദ്ധമാകാത്ത

വിധമല്ലയോ വ്യാഖ്യാനിക്കപ്പെടേണ്ടതു്? "പാറ" എന്നതിന്റെ സ്വന്തേയുള്ളതും പുരാതനസഭ സ്വീകരിച്ചിരുന്നതുമായ അത്ഥം നിഷേധിക്കാതെയാണ് പിതാക്കന്മാർ വേറെ അത്ഥങ്ങൾ അതിന്ന കല്പിച്ചിട്ടുള്ളതെന്നു് അവരുടെ കൃതികളിൽ കാണാവുന്നതാണ്.

11. സാവ്വത്രികസഭയിൽ മാപ്പാപ്പായിക്ക പരമാധികാരമുണ്ടെന്നായിരുന്ന എഫേസൂസ് സൂനഹദോസിന്റെ— പുരാതനസഭയുടെ— വിശ്വാസം. ഈ പരമാധികാരം ദൈവസ്ഥാപിതമാണെന്നും സൂനഹദോസ് വിശ്വസിച്ചിരുന്നു. ദൈവസ്ഥാപിതമായ പരമാധികാരം സഭയിൽ അന്നുണ്ടായിരുന്നെങ്കിൽ സഭയുടെ ആരംഭം മുതൽതന്നേ അതു് സഭയിലുണ്ടായിരുന്നു. അതേ, മിശിഹാ ശ്ലീഹന്മാരിൽ ഒരാൾക്ക പരമാധികാരം കൊടുത്തു. അതു പത്രോസ് ശ്ലീഹായിക്കായിരുന്ന എന്നു് എഫേസൂസ് സൂനഹദോസുതന്നേ പഠിപ്പിക്കുന്നുമുണ്ടു്.

12. മാപ്പാപ്പായിക്കുണ്ടെന്നു് ഇപ്പോൾ കത്തോലിക്കർ വിശ്വസിക്കുന്ന അധികാരങ്ങൾ എഫേസൂസു സൂനഹദോസിന്റെ കാലത്തുണ്ടായിരുന്നവയിൽ ഒട്ടും കൂടുതലല്ല. സൂനഹദോസ് ചരിത്രംതന്നെ ഇതിന്ന ലക്ഷ്യം.

13. മനുഷ്യാവതാരത്തെപ്പററിയുള്ള തക്കങ്ങൾ എഫേസൂസുസൂനഹദോസിനോടടുത്തുള്ള കാലങ്ങളിൽ വളരെ ശക്തിയായി നടന്നിരുന്നു. എന്നാൽ മാപ്പാപ്പായുറെ അധികാരങ്ങളെക്കുറിച്ചു അന്നു യാതൊരു സംശയവും സഭയിൽ ഇല്ലായിരുന്നു എന്നതു് എല്ലാവരുടേയും ചിന്താവിഷയമാകേണ്ട ഒന്നാണ്. മതവിഷയകമായുള്ള തക്കങ്ങളിൽ അവസാനതീരുമാനം ചെയ്യേണ്ടതു് മാപ്പാപ്പാ ആണെന്നുള്ള കത്തോലിക്കവാദവും. ചരിത്രസം

ഭവങ്ങളും എത്ര പൂണ്ണമായി യോജിക്കുന്നു എന്നു പര്യാലോചിച്ചാലും. "റോമ്മാ അരുൾചെയ്തു; കാര്യമവസാനിച്ചു" എന്നുള്ള അത്ഥത്തിൽ വി. ആഗ്ഗുസ്തീനോസു എഴുതിയിട്ടുള്ളതും നമുക്കു ചിന്താവിഷയമാകട്ടെ.

"ഓളങ്ങളും തിരമാലകളും എന്റെ മേൽ വന്നടിച്ചെങ്കിലും, അവ എന്നെ ഇളക്കിയില്ലെന്നും ശപിക്കപ്പെട്ടവനായ നെസ്തോറീസ് എനിക്ക് വിരോധമായി പോരാടിയെങ്കിലും അയാൾ അധഃപതിച്ചുപോയി എന്നും സഭ പറയുന്നു." ഇതു് യാക്കോബായ കാനോനിക ജപപുസ്തകത്തിലെ ഒരു ഭാഗമാണ്. നെസ്തോറിസിനെ അധഃപതിപ്പിച്ച സഭയുടെ ഘടനാസ്വഭാവമെന്തായിരുന്നു എന്നാണത്രെ ഈ പുസ്തകത്തിൽ വിവരിച്ചു പറഞ്ഞിരിക്കുന്നതു്.

Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam. 1931.

# ശുദ്ധിപത്രം.

| പുറം· | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 1 | 10 | മെമ്നൽ | മെമ്നൻ |
| 3 | 10 | തീയദോർ | ദീയദോർ |
| | | (ഒന്നാമത്തേതു) | (Diodore) |
| 6 | 18 | തീസായിലെ | നീസായിലെ |
| 7 | 7 | 870 | 890 |
| 7 | 9 | പൊ | പൌ |
| 14 | 21 | നേടിയ | തേടിയ |
| 37 | 9 | അന്നു | മേൽ |
| 37 | 10 | മേൽ | അന്നു |
| 48 | 28 | പരിഹരിക്കപ്പെടണ | പരിഗണിക്കപ്പെടണ |
| 55 | 4 | വേണ്ടിയാണെന്നുവരാം | പാട്ടുണ്ട് |
| 57 | 21 | അനമാനം | അനുമാനം |
| 58 | 12 | Clark's | Clarke's |
| 62 | 20 | തെയൊദൊസയൂസ് | തെയോദോസിയൂസ് |
| 64 | 15 | ഏറെക്കുറെ | ഏറക്കുറെ |
| 64 | 19 | സൂനഹദോസ്പിതാ. | സൂനഹദോസുപിതാ |

J61
P69

Indic Digital Archive Foundation
gpura.org